

കലാലയ
മാഗസിൻ 2015-16

SH SACRED HEART COLLEGE Autonomous

College Magazine 2015-16

Particulars Of College Magazine 2015-2016
Sacred Heart College, Thevara

| | |
|---|---|
| Board Chairman: | Fr. Prasant Palakapillil |
| Staff Editor in Chief: | Dr. Tom C Thomas |
| Advisory Board: | Dr. Sebastian V S (Student Advisor) |
| | Siby Abraham (Staff Secretary) |
| | Rajesh James(Staff Secretary) |
| | Fr. C S Joy |
| | Sri. Vishnu Raj |
| Student Editor in Chief: | Angel Mary Mathew |
| Sub Editors: | Hamza M M |
| | Aswathy Krishna |
| | Sidharth Bhattathiri |
| Design & Layout: | Rahul Radhakrishnan |
| Illusiartions: | Arun Chembarakky M |
| | Kevin Thomas |
| | Gautham Jayachadran |
| Photography: | Joe Christo Xavier |
| | Sarath Menon |
| Owner of Publication: | Sacred Heart College, Thevara |
| Period of Publication: | 2015-2016 |
| Printed at: | Five Star Offset Printers, Nettoor North |


©RIGHT RESERVED

ഉള്ള് പൊള്ളിയിട്ടുണ്ട്,
വായിൽ നിറയുന്നത് കയ്പോ, ചവർപ്പോ മറ്റെന്തോ;
രാസലായനിയുടെ രൂക്ഷഗന്ധം തികട്ടി തികട്ടി വരുന്നുണ്ട്.
ബോധം മറഞ്ഞുതുടങ്ങിയപ്പോൾ,
വായിൽ വിരലിട്ട് കുടിപ്പിച്ചതൊക്കെയും പുറത്തേക്ക്
കളയാൻ ആരോ ശ്രമിച്ചു.
എന്റെ നിറം, ജാതി, കുടുംബാന്തരീക്ഷം,
അതൊക്കെയും നിങ്ങൾക്ക് പ്രശ്നമായിരുന്നു.
എന്റെ ഉള്ളുപൊള്ളിച്ച ഈ രാസവസ്തു
നിങ്ങൾക്ക് വേണമെങ്കിൽ പുറത്തെടുക്കാൻ
സാധിക്കുമായിരിക്കും.
പക്ഷേ, എത്ര ഛർദ്ദിച്ചാൽ നിങ്ങളുടെ ഉള്ളിൽ
തലമുറകളായി ഉറച്ചുപോയ ജാതിവിഷം
കളയാനാകും?



അന്ത്യവിശ്രമത്തിന് ഒരാൾക്ക് കൂടി
കുഴിയെടുത്തു കഴിഞ്ഞു.
പൂക്കൾ കൊണ്ടലങ്കരിച്ച ശവപ്പെട്ടി ഇനി മണ്ണിട്ട് മൂടണം.
നാൽപ്പത്തിമൂന്നു വർഷമായി
എടുക്കുന്ന കുഴികൾക്ക് കണക്കില്ല.
എത്ര ആത്മാക്കളുടെ പരലോകയാത്രയ്ക്ക്
സാക്ഷിയായി എന്നും അറിയില്ല.

രാത്രിയായി, കുഴി വേഗം മണ്ണിട്ട് മൂടണം;
ഇന്നലെ വഴിയിലൂടെ നടന്നുപോയപ്പോൾ,
ആഹാരം കഴിക്കാനൊരുങ്ങാത്ത കുഞ്ഞിന്റെ അടുക്കൽ
അമ്മ പറയുന്നത് കേട്ടു;
വേഗം കഴിച്ചോ, അല്ലെങ്കിൽ കുഴിവെട്ടുന്ന ആ ചേച്ചി,
മോനെയും കുഴിയിലിട്ട് മൂടും.

നാൽപ്പത്തിമൂന്നു വർഷമായി വൈപ്പിൻ പള്ളിപ്പുറത്തുള്ള
മഞ്ഞു മാത പള്ളി സിമിത്തേരിയിലെ കുഴിവെട്ടുകാരിയാണ്
ബേബിചേച്ചി. കേരളത്തിലെ ഏക സിമിത്തേരി കുഴിവെട്ടുകാരി.
പതിനാലാമത്തെ വയസ് മുതൽ ഒടുങ്ങാത്ത മനോവീര്യം
കൊണ്ട് പ്രതിസന്ധികളെ, ദുരിതങ്ങളെ നേരിടുന്ന സ്ത്രീ.
ഒരു ദിവസം മൂന്നും നാലും കുഴിവരെ എടുക്കേണ്ടി വരും.
പുരുഷന്മാർ മാത്രം ചെയ്തുവന്നിരുന്ന ഒരു ജോലി
ചെയ്തതിന്റെ പേരിൽ സഹിച്ചതിനും കണക്കില്ല.
കഥയും സഹനവും അറിഞ്ഞുവരുന്നവരോട്
ബേബിച്ചേച്ചിക്ക് പറയാൻ ഒന്നേ ഉള്ളൂ.
'വിശപ്പാണ് ലോകത്ത് ഏറ്റവും വലുത്.
എല്ലാ ജോലിക്കും അതിന്റേതായ മഹത്വമുണ്ട്'
പ്രായാധിക്യം കൊണ്ട് നേർത്തതെങ്കിലും അനുഭവങ്ങളുടെ
കരുത്തിൽ ഉറച്ച ശബ്ദത്തോടെ ബേബിച്ചേച്ചി തുടർന്നു;
'ആത്മാക്കളെ എനിക്ക് പേടിയില്ല.ആത്മാക്കളേക്കാൾ
പേടിക്കേണ്ടത് മനുഷ്യരെയാണ്'

പണ്ട് ഉള്ളിലേക്ക്
കയറാൻ വെമ്പുന്ന
കോടികൾക്കുള്ളിലൊരുള്ളായിരുന്നു
ഞാൻ.
ഇന്ന്, എന്നുള്ളുതുറന്നുള്ളിലേക്ക്
കയ്യിട്ടപ്പോൾ
ഉള്ളിലുൾക്കടലില്ലാതെ
കോടി ഉള്ളുകൾ...

# ഉള്ള്.in

കലാലയ

മാസിക 2015-16

SH SACRED HEART COLLEGE Autonomous

തിരുഹൃദയ കലാലയം

(ഓട്ടോണമസ്), തേവര

## ഉള്ളിൽ നിന്നും മായാതെ



ROY ZACHARIAS



SUBHI TRESA SEBASTIAN



MUAHMMED HASSAN



JOMIYA VARGHESE



KISHAN P

നീയും ഞാനും ഉള്ളിൽ നിന്നും വന്നവർ.
ചിലർ ഉള്ളുതുറക്കുന്നവർ,
ചിലർ ഉള്ളിലൊതുക്കുന്നവർ.
എല്ലാവരും ഉള്ളിലേക്കുതന്നെ മടങ്ങുന്നവർ.
ഉള്ളുതുറക്കുന്നവർ സുഹൃത്ത്.

## Administrators



REV. DR. JOSE KURIEDATH
MANAGER



REV. DR. JOHNSON PALACKAPPILLIL
PRINCIPAL

## Advisory Board



DR. SEBASTIAN VS
STUDENT ADVISOR



PROF. RAJESH JAMES
STAFF SECRETARY



PROF. SIBY ABRAHAM
STAFF SECRETARY



DR. TOM C THOMAS
STAFF EDITOR



VISHNU RAJ



FR. CS XAVIER JOY

## സന്ദേശം

**'ഉള്ള്'** പ്രകാശം കാണുമ്പോൾ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

വളരെ ഗഹനമായൊരു പേര്. 'ഉള്ളടക്കവും', അത് പോലെ അനുഭവപ്പെടട്ടെ എന്ന് ആശംസിക്കുന്നു. ഉള്ളിൽ തട്ടിയ കാര്യങ്ങൾ പ്രചോദകമാകുന്ന രീതിയിൽ അവതരിപ്പിക്കപ്പെടുമ്പോൾ അത് 'ഉൾ പ്രകാശത്തിന്' വഴിയൊരുക്കുന്നു.

വലിയൊരു ചോദ്യം അവശേഷിക്കുന്നു; 'എത്ര മാത്രം 'ഉള്ള്' വെളിവാക്കാം? മനഃശാസ്ത്രത്തിൽ 'ജോഹാരി' വിൻഡോ ഇതിന്റെ പരികല്പനയാണ്. മനസ്സിന്റെ പാളികൾ എത്ര കണ്ട് വെളിച്ചത്ത് വയ്ക്കാൻ നമുക്ക് സാധിക്കുമോ അത്രമാത്രം ആരോഗ്യകരമായിരിക്കും ജീവിതം. പക്ഷേ, ഇത് ഏകപക്ഷീയമായി സംഭവിക്കുന്നതിന് വലിയ പരിമിതിയുണ്ട്. എന്നാൽ പരസ്പരം ശ്രവിക്കുകയും, മനസ്സിലാക്കാൻ മനസ്സ് തുറക്കുകയും ചെയ്യുന്ന പാരസ്പര്യങ്ങളിൽ, ഇത് വലിയ ഉൾ വെളിച്ചത്തിലേക്ക് നയിക്കുന്നു. ഉൾക്കാമ്പ് ഏറ്റുന്നു. ഉൾ പുളകം ഉദിപ്പിക്കുന്നു.

വലിയൊരു വെല്ലുവിളി ഉയരുന്നു; എത്ര കണ്ട് 'ഉള്ള്' നന്മ നിറഞ്ഞതാക്കാം? എന്റെ പ്രവൃത്തികൾ നന്മ നിറഞ്ഞതാകണം എന്ന അഭിലാഷമാണ് നമ്മെ ഉള്ള് വെളിവാക്കാനുള്ള 'ഉൾ വിളിയിലേക്ക്' നയിക്കുന്നത്. 'സത്യം/നന്മ പ്രവർത്തിക്കുന്നവർ വെളിച്ചത്തിലേക്ക് വരുന്നു. അവരുടെ പ്രവൃത്തികൾ ദൈവൈക്യ(യോഗ)ത്തിൽ ചെയ്യുന്നവയെന്നു വെളിപ്പെടുന്നു' (ബൈബിൾ യോഹ. 3:21)

അത്തരം ഒരു ഉൾ ചേരലിലേക്ക് വ്യത്യസ്തകളെ ഏകോപിപ്പിക്കുന്ന ഹാർട്ടിയൻ ഹാർമണിയിലേക്ക് 'ഉള്ള് എഴുത്തും വായനയും' നയിക്കട്ടെ!

വിജയാശംസകൾ!

പ്രശാന്ത് അച്ചൻ
പ്രിൻസിപ്പൽ



ഇന്ന് ജനുവരി 19,
ഇന്നലെ ഞാനുറങ്ങുമ്പോൾ അദ്ദേഹം
എന്റെ സ്വപ്നത്തിൽ വന്നെത്തി നോക്കി,
നിലാവിനരണ്ട വെളിച്ചത്തിൽ,
നിഴലുകൾ പൂക്കുന്ന ആ രാത്രിയിൽ,
ഞാൻ അദ്ദേഹത്തിന് കട്ടൻചായ പകർന്ന് നൽകി,
വലിയ സ്വപ്നങ്ങൾ കണ്ടു ജീവിച്ച അദ്ദേഹം
ഇപ്പോൾ ചിലരുടെ സ്വപ്നങ്ങളിൽ നിലാവ് പരത്തുമ്പോൾ,
മറ്റു ചിലരുടെ ദുസ്വപ്നങ്ങൾക്ക്
ഹേതുവുമായി തീരുകയാണത്രേ
മധുരമിട്ട് ഇളക്കിയപ്പോൾ,
അതിൽ തിരമാലകൾ രൂപപ്പെടുന്നത് ഞാൻ കണ്ടു.
ആ ചില്ലുഗ്ലാസ്സ് തന്നെയല്ലേ,
നാറിയ  ജാതി വ്യവസ്ഥയോട് കലഹിച്ച്,
മരണം കൊണ്ട് പോരാടിയ
രോഹിതിന്റെ ഉള്ള്.



ഉള്ള് !

മനുഷ്യൻ ഉള്ള് തുറന്നൊന്ന് സംസാരിച്ചാൽ തീരാവുന്ന പ്രശ്നനങ്ങളെ ലോകത്തുള്ളൂ എന്ന് കേട്ടിട്ടുണ്ടാവും.
പരക്കം പാച്ചിലുകളുടെ വർത്തമാന ലോകത്ത് മനുഷ്യനെവിടെയാണ് സമയമത്രേ.
പക്ഷേ, മനുഷ്യൻ എന്നാണ് ശരിക്കും ഉള്ള് തുറന്ന് സംസാരിച്ചിട്ടുള്ളത്. ഉള്ളിലുള്ളത് എന്ന് ഒതുക്കാൻ പഠിച്ചുവോ അന്ന് മുതൽ മനുഷ്യൻ അഭിനയിക്കാൻ തുടങ്ങി.
ഏറ്റവും നന്നായി അഭിനയിക്കുന്ന മനുഷ്യർ,
ഏറ്റവും അധികം സമൂഹമദ്ധ്യത്തിൽ അംഗീകരിക്കപ്പെട്ടവരായി.
ചുരുക്കം ചിലർ ഉള്ളിലുള്ളത് വിളിച്ചുപറഞ്ഞു. അപ്രീതിയുടെ കയ്പുമേറി അവർ നടന്ന വഴികൾ അനേകം മനുഷ്യർക്ക് ഉള്ള് തുറക്കാൻ പ്രചോദനമായി. അനഭിമിതരായാൽ എന്ത്,
ഉള്ള് തുറന്നവരാണ് ചരിത്രത്തിന്റെ ദിശാ സൂചികകൾ.
കൊട്ടിയടക്കപ്പെട്ട ഉള്ളുകൾ തുറക്കുകയാണ്. മൂടിവെയ്ക്കപ്പെട്ട ഉള്ളുകൾ വെളിച്ചം കാണുകയാണ്. ലിംഗം ഏതെന്ന് ഒന്ന് ഉറക്കെ വിളിച്ചു പറയാനാവാത്തവരുടെ ലോകത്ത് ഞങ്ങൾക്ക് ഒരു ലിംഗത്തെ കുറിച്ച് സംസാരിക്കാനാവില്ല. നമുക്ക് ഭരണകൂടം നിശബ്ദരാക്കുന്നവരെ കുറിച്ച സംസാരിക്കാം. ഒറ്റ രാത്രിയിൽ ദേശദ്രോഹികളാകുന്നവരെ കുറിച്ച് സംസാരിക്കാം. ഉള്ള് തുറന്നെഴുതിയതിന് തലയെടുക്കപ്പെട്ടവരെ കുറിച്ചും നാടുകടത്തപ്പെട്ടവരെ കുറിച്ചും സംസാരിക്കാം. ഉള്ളിലുള്ളത് ആരെങ്കിലും ഒന്ന് കേട്ടിരുന്നെങ്കിൽ, എന്നെങ്കിലും ഒന്ന് പറയാനായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നവരെ കുറിച്ച സംസാരിക്കാം ഈ ലോകം വിശാലമാണ്. ഉള്ളോ, അതിലും എത്രയോ ഇരട്ടി.
ഉള്ള് തുറക്കുകയാണ്
കറുപ്പെന്നോ വെളുപ്പെന്നോയില്ല . ഉള്ളിന്റെയുള്ളിന്റെ ഉള്ളിൽ അസാമാന്യമായ ഒരു സമാനത നമുക്കുണ്ട്. നമ്മുടെ ഒക്കെ ഉള്ള് ഒന്നാണ്. വരണ്ടുണങ്ങിയ വിള്ളലുകൾക്കിടയിലും ഉള്ളിനു നിറം ചുവപ്പാണ്.
-എഡിറ്റോറിയൽ ടീം



ഉള്ളുറച്ചൊരു
വിപ്ലവത്തിന്...

ഹംസ എം.എം.

# കുമ്പസാരം

ഇത് എന്റെ ഉള്ള് തുറന്നെഴുതുന്ന 'കുമ്പസാരം',
വായ അടച്ച് പിടിച്ച് വായിക്കുക, വായ തുറന്ന് ഇത് ആരോടും
പറയരുത്. കാരണം, ഇത് ഞാൻ നിങ്ങളുടെ മുന്നിൽ തുറക്കുന്ന
എന്റെ ഉള്ള് അഥവാ എന്റെ കുമ്പസാരമാണ്. ഇത്
ദൈവത്തോടോ, ദൈവ വിശ്വാസികളോടോ,
ദൈവ ദാസന്മാർക്ക് മുമ്പിലോ മാത്രം തുറക്കുന്ന ഉള്ളല്ല.
ഈ പ്രപഞ്ചത്തിൽ വായിക്കാനോ, കേൾക്കാനോ, പറയാനോ,
കാണാനോ, കഴിവുള്ള മനുഷ്യൻ എന്ന് പേരു നൽകിയവരോ
ടുള്ള തുറന്നു പറച്ചിലാണ്.



**1993**, ജൂൺ ഇരുപത്തിയെട്ടാം തീയതി സ്വാഭാവിക പ്രസവത്താലോ ഓപ്പറേഷനിലൂടെയോ കറുത്ത് മെലിഞ്ഞ് മെക്കെണ്ണുള്ള ഒരു പൈതലായ് ജനിക്കേണ്ട ഞാൻ ഗർഭപാത്രമാകുന്ന കുമ്പസാര ക്കൂട്ടിൽ നിന്നും തുറക്കുന്ന എന്റെ ഉള്ളാണിത്.

ഇവിടെ നിന്ന്, വായുവും വെള്ളവും വെളിച്ചവും കാടും മലയും പുഴയും ഹിന്ദുവും ക്രിസ്ത്യനും മുസൽമാനും ജൂതനും ബുദ്ധനും ജൈനനും, ഗ്രാമവും നഗരവും അച്ഛനും അമ്മയും ബന്ധുക്കളും അന്യരും പാവപ്പെട്ടവരും പണക്കാരനും അങ്ങനെ സർവ്വ സൃഷ്ടികളും. അതിനു പുറമേ കരുണ, സ്നേഹം, വാത്സല്യം, ഭയം, ദേഷ്യം, കാമം എന്നു വേണ്ട സകല വികാരങ്ങളും വേണ്ടുവോളമുള്ള ഭൂമിയിലേക്കു പിറന്നു വീഴുമ്പോൾ ഞാൻ ചെയ്യാൻ പോകുന്ന ആദ്യത്തെ തെറ്റ്, ഞാൻ പിറക്കുന്നു എന്നതാണ്.

പിറവി എന്ന വലിയ തെറ്റ് ഞാൻ തീർച്ചയായും ചെയ്യും, അങ്ങനെ ദേഹം മുഴുവൻ രക്തം പുരണ്ടും വായ തുറന്ന് കരഞ്ഞുകൊണ്ടും ഭൂമിയിലെ സർവ്വതും അനുഭവിക്കുന്നതിനു വേണ്ടി ഞാൻ പിറവി കൊള്ളുമ്പോൾ ഏകദേശം പത്തു മാസക്കാലം ഈ കൂട്ടിനുള്ളിൽ എന്നെ സംരക്ഷിച്ച മാതാവിനെ ഞാൻ ആദ്യമായി നോവിക്കും. പിന്നീട് എല്ലാവരും എന്നെ ആണാണോ പെണ്ണാണോ, കറുത്തിട്ടാണോ വെളുത്തിട്ടാണോ, എന്റെ തൂക്കമെത്രയാണ്, എന്നിങ്ങനെ പല തരത്തിലുള്ള സ്ഥിരീകരണങ്ങൾക്കും വിധേയനാക്കും. അവിടുന്നങ്ങോട്ടൊരു യാത്രയാണു നിശ്ചയമില്ലാത്ത വഴികളിലൂടെ നിശ്ചയമില്ലാത്ത ദൂരത്തേക്കുള്ള ഒരു യാത്ര. അതിനിടയിലെവിടെയോ, ഞാൻ ഏതു വിശ്വാസിയുടെ കുമ്പസാരക്കൂട്ടിലാണ് പിറന്നത് എന്നതനുസരിച്ച് അതിനനുയോജ്യമായ പേര് വിളിക്കപ്പെടും. ആ വിശ്വാസത്തിനനുയോജ്യമായി വളർത്തപ്പെടും, ചിലത് അടിച്ചേൽപ്പിക്കപ്പെടും. ഞാൻ സ്വന്തമായ് തെരഞ്ഞെടുക്കുന്ന എന്റെ വിശ്വാസം ചിലരെ എന്റെ മിത്രവും ചിലരെ ശത്രുക്കളു മാക്കി മാറ്റുന്നു. ഇങ്ങനെ ഞാൻ തന്നെ സൃഷ്ടിച്ച ശത്രു ക്കൾക്കും മിത്രങ്ങൾക്കും ഒപ്പം ഞാനിവിടെ പറയാത്തതും പറഞ്ഞതുമായ ഒരുപാട് കാര്യങ്ങൾ ചെയ്തുകൊണ്ട് ജീവിക്കുമ്പോൾ ഞാൻ ചെയ്യുന്ന രണ്ടാമത്തെ വലിയ തെറ്റ് ഞാൻ ജീവിക്കുന്നു എന്നതാണ്.

ജീവിക്കുക എന്ന ആ വലിയ തെറ്റ് ഞാൻ ചെയ്യും. കാലം അതിന് തന്നെ നിശ്ചയമില്ലാത്ത വഴികളിലൂടെ സഞ്ചരിക്കു മ്പോൾ ഒരു യന്ത്രത്തെപോലെ ഞാനും പ്രവർത്തിക്കും. ആ മനസിനെ നിയന്ത്രിക്കാനെന്നവണ്ണം ചില യന്ത്രങ്ങൾ വേറെയും. അവയെ ഞാൻ, അച്ഛൻ, അമ്മ, സഹോദരങ്ങൾ, ബന്ധുക്കൾ, ഭാര്യ, കാമുകി, അധ്യാപകർ, കൂട്ടുകാർ, നാട്ടുകാർ, എന്നിങ്ങനെ വിളിക്കേണ്ടി വരും. ഇവരിൽ ചിലർ എന്റെ സന്തോഷത്തിലും ദുഃഖത്തിലും കൂടെയുണ്ടാകും. ചിലർ എന്റെ ദുഃഖത്തിൽ ആഹ്ലാദിക്കുകയും മറ്റുചിലർ എന്റെ സന്തോഷത്തിൽ ദുഃഖിക്കുകയും ചെയ്യും. അത് മനുഷ്യ സഹജം എന്നൊക്കെ ചിലർ പറയും.

ജീവിതത്തിനു എത്ര ആയുസുണ്ടെന്ന നിശ്ചയമില്ലാതെ ഭൂമിയിലെ സകലതും ആസ്വദിച്ചും അനുഭവിച്ചും ജീവിക്കുമ്പോൾ, ഞാനൊരു മനുഷ്യനാണ് എന്ന എന്റെ അഹങ്കാരം ഈ ഭൂമിക്കുപോലും ഭാരമാകുന്ന ചെയ്തികളിലേക്കു എന്നെ നയിക്കുന്നു. സകല മാലിന്യങ്ങളും വലിച്ചെറിഞ്ഞ്, വെള്ളം ഇല്ലാതാക്കി ഞാൻ ഭൂമിയെ നശിപ്പിക്കുന്നു. കാടു വെട്ടിനിരത്തും. മൃഗങ്ങളെ കൊന്നു തിന്നും, അറി ഞ്ഞും അറിയാതെയും മാതാപിതാ ക്കളെ കരയിപ്പിക്കും, അധ്യാപകരെ വെറുപ്പിക്കും, സ്ത്രീകളെ അടിച്ചമർത്തും അങ്ങനെ ഒരുപാട് ചെറിയ വലിയ തെറ്റുകൾ ചെയ്തു കൊണ്ട് അഹങ്കാരിയായി ജീവിക്കുന്ന ഞാൻ ഒരിക്കൽ പശ്ചാത്താപം എന്ന അടുത്ത തെറ്റിലേക്ക് വീഴും. ആ പശ്ചാത്താപം കൊണ്ട്, ചെയ്ത തെറ്റുകൾക്ക് എന്താണ് പ്രായ ശ്ചിത്തം എന്ന് ചിന്തിക്കുന്ന സമയമാ കുമ്പോൾ ഞാൻ ചെയ്യുന്ന മൂന്നാമത്തെ വലിയ തെറ്റ് ഞാൻ മരിക്കുന്നു എന്നതാണ്.

ജീവിതത്തിനു എത്ര ആയുസുണ്ടെന്ന നിശ്ചയമില്ലാതെ ഭൂമിയിലെ സകലതും ആസ്വദിച്ചും അനുഭവിച്ചും ജീവിക്കുമ്പോൾ, ഞാനൊരു മനുഷ്യനാണ് എന്ന എന്റെ അഹങ്കാരം ഈ ഭൂമിക്കുപോലും ഭാരമാകുന്ന ചെയ്തികളിലേക്കു എന്നെ നയിക്കുന്നു.

SHANA SUSAN NINAN



# The Pregnant Body and The Self

**My** body is a very considerable segment of my 'Self'. My body is mine. I wish more women in India would say it out to society, with conviction.

One of the most testing times in my life was when I was pregnant with my son, about five years ago. But it was also one heck of a blissful set of months. I carried

him for 42.5 weeks, travelled widely by bus, train, and car and as a pillion-rider on a 500-cc Classic Enfield. I exercised, went for work, entertained friends and family, hosted meals, nursed close friends at home, climbed whole flights of stairs, enjoyed sessions of pre-natal Yoga, and met new people, even planned for a Water Birth.

How was it possible for me to engage in so many activities, with a pregnant tummy in the way? I'd say it's all in the head. Women have been giving birth by themselves since the beginning. We've given birth in caves, forests, homes, street alleys, and now in hospitals. I see more and more women – and men – treat pregnancy as a disease. It's confused some of us further when some medical practitioners prescribe bedrest. I agree that's necessary in urgent cases, but why for otherwise healthy women?



It's all in the head. A friend who was also expecting a baby around the same time as me asked, "Should you squat like that? Use bathrooms with the European closet." Duh. **eyes rolling** in olden days, and in some parts of the world even today, one of the most comfortable positions to give birth in is the squatting position. Your hips and legs are wide apart, giving you enough leverage to expel a baby from in there. But most of us are scared to squat. Scared to exercise, and even to go about daily chores. Come on. The womb is probably the strongest part of a human body, considering how it grows, nurtures life and gets back to almost original position in a few months' time, sometimes several times in a span of years.

Woman, know your body before heeding advice from another person. Listen to your self, your inner core. If your Self is willing, getting your body to do its bidding is easy. It's all in the head.

●●

ശിവദാസ് എസ്.

# കളർ പെൻസിൽ

വണ്ടിയിൽ ഇന്നും തിരക്ക് തന്നെയാണെന്ന് തോന്നുന്നു. ഹനുമാൻ ഗിയറിന്റെ മുരൾച്ച കേട്ടിട്ടാവണം നീട്ടിവീശിയ ചായക്കൊപ്പം കുമാരേട്ടന്റെ വാക്കുകളും കുട്ടൻ ഏറ്റുവാങ്ങി. അപ്പോഴേക്കും സേവ്യറാശാൻ വണ്ടി നിർത്തിയിരുന്നു. തിരിച്ച് നഗരത്തിലേക്ക് പോകാൻ ഇനിയൊരു പത്തു മിനിറ്റ് സമയമെടുക്കും. കുട്ടൻ ചായകുടി കുറച്ചുകൂടി വേഗത്തിലാക്കി.

അമ്മാളുക്കുട്ടിയുടെ പിറന്നാളായിരുന്നു. കളർപെൻസിൽ വിഷയത്തിൽ അപ്പനോട് പിണക്കമായിരുന്നത് കൊണ്ട് ഇരുന്ന ഇരുപ്പിൽ നിന്നും അവൾ അനങ്ങിയതേയില്ല. എന്തിന്, കുമാരേട്ടനോട് പോലും ഒരക്ഷരം മിണ്ടിയില്ല. സേവ്യറാശാന്റെ പിന്നീടുള്ള ശ്രമം ആ മുഖത്ത് പുഞ്ചിരി വിടർത്തുക എന്നതായിരുന്നു. ചായകുടി കഴിഞ്ഞ് ഏഴാം മിനിറ്റിൽ കുട്ടനെയും വാരിയെടുത്ത്

ജീപ്പിന്റെ മുൻസീറ്റിലെത്തുമ്പോഴേക്കും സേവ്യറാശാന്റെ ഡ്രൈവിംഗ് സീറ്റും സ്റ്റിയറിങ് വീലും അമ്മാളുക്കുട്ടി കൈക്കലാക്കിയിരുന്നു. സ്കൂൾ മുറ്റത്ത് വണ്ടിയിറങ്ങി ഓടി പോകുമ്പോൾ ഒരിക്കൽക്കൂടി അവൾ അച്ഛനോട് കളർപെൻസിലിന്റെ കാര്യം ഓർമ്മിപ്പിച്ചു. കുട്ടനൊന്നു ചിരിക്കുക മാത്രം ചെയ്തു. ബസ് സ്റ്റാൻഡിലെ പഴകിയ ഫ്ളക്സിനു താഴെ തകര പാത്രത്തിന് മുന്നിലിരിക്കുമ്പോൾ മനസ്സിൽ നിറയെ അമ്മാളുക്കുട്ടി മാത്ര മായിരുന്നു. പിന്നെയൊരു കൂട് കളർപെൻസിലും.

ചതിച്ചത് മഴുവല്ല, മരം തന്നെയാണ്. കുട്ടനും മഴുവും തമ്മിലുള്ള ബന്ധം അത്രമേൽ പഴക്കം ചെന്നതായി രുന്നു. ആ വലിയ മരത്തിൽ നിന്ന് താഴേക്ക് പതിക്കുമ്പോൾ മണ്ണിൽ നിലംപൊത്തിയത് കുട്ടന്റെ ഒരു കുന്ന് സ്വപ്നങ്ങളായിരുന്നു. അരയ്ക്ക് താഴെ തളർന്നു പോയപ്പോഴും കണ്ണീരിനെ ഊർജ്ജ മാക്കി മാറ്റിയവളാണ് അമ്മാളുവിന്റെ അമ്മ. ഒടുവിൽ പേരറിയാത്ത ഇംഗ്ലീഷ് രോഗം അവളെകൂടി കൊണ്ടു പോയപ്പോൾ ബാക്കിയാ യത് ചിതലരിച്ച് തുടങ്ങിയ ഒറ്റമുറി കൂരയും നാലുചക്രത്തിന്റെ മരപ്പലക വണ്ടിയും പിന്നെ സ്വന്തം അമ്മാ ളുക്കുട്ടിയും. സർവ്വദൈവങ്ങളും കയ്യൊഴിഞ്ഞപ്പോൾ ദൈവങ്ങൾ ക്കായി പൊല്ലാറുള്ള മുദ്രാവാക്യ ങ്ങൾ അവസാനിപ്പിച്ച് തകരപാത്രം തന്നെ എടുക്കാൻ തീരുമാനിച്ചു. തന്റെ അവസ്ഥകൾ കുമാരേട്ടനും സേവ്യറാശാനും ചുരുക്കം ചിലതുമല്ലാതെ മറ്റാരും തന്നെ.....

ചതിച്ചത് മഴുവല്ല, മരം തന്നെയാണ്. കുട്ടനും മഴുവും തമ്മിലുള്ള ബന്ധം അത്രമേൽ പഴക്കം ചെന്ന തായിരുന്നു. ആ വലിയ മരത്തിൽ നിന്ന് താഴേക്ക് പതിക്കുമ്പോൾ മണ്ണിൽ നിലം പൊത്തിയത് കുട്ടന്റെ ഒരുകുന്നു സ്വപ്നങ്ങളായി രുന്നു.

തിരിച്ച് വീട്ടിലേക്കുള്ള യാത്രയിൽ വാങ്ങാൻ കഴിയാതെ പോയ കളർപെൻസിലുകൾ മനസ്സിലങ്ങി ങ്ങായി കോറി വരഞ്ഞുകൊണ്ടേയി രുന്നു.

മുറ്റത്ത് അവനുണ്ടായിരുന്നു. നിഷ്കളങ്കമായ അവളുടെ ചിരി ഒരു ചോദ്യമായിരുന്നെങ്കിൽ മറുപടി പറഞ്ഞത് കുട്ടന്റെ കണ്ണുകളായി രുന്നു. എന്തുകൊണ്ടോ, പിന്നീട് ഒരു ചോദ്യവും അവിടെ നിന്നു ണ്ടായില്ല. കുമാരേട്ടന്റെ ഹോട്ടലിൽ ബാക്കിവന്നത് കഴിച്ച് നിലത്തെ വെറും പായയിൽ ചുരുണ്ട് കിടക്കുകയായിരുന്ന അവളെ നോക്കി കുട്ടൻ കുറച്ച് നേരം നിന്നു.

രാവിലെ കുളി ശീലമുണ്ടായി രുന്നില്ല. അല്ലെങ്കിലും തെണ്ടി എന്നും തെണ്ടി തന്നെയായി രിക്കണമെന്ന സമൂഹത്തിന്റെ വാശി തന്നെ കുളിക്കാൻ അനുവദിക്കുകയി ല്ലല്ലോ. തലേന്ന് മാറ്റിയിട്ട കീറക്കു പ്പായം എത്ര തെരഞ്ഞിട്ടും കണ്ടെ ത്താൻ കഴിഞ്ഞില്ല. മറ്റെന്തിനോടൊക്കെയോ ബാക്കിവെച്ച ദേഷ്യവും സങ്കടവും പുറത്ത് വന്നപ്പോൾ അവളൊരു കടലാസ് പൊതി നീട്ടി കരഞ്ഞു കൊണ്ട് ഓടിപോയി.

അതൊരു പഴകിയ കുപ്പാ യമായിരുന്നു. പക്ഷേ, മുഷിഞ്ഞതാ യിരുന്നു. എന്റേതല്ല, കണ്ട് മറന്നതാണ്. കൂടുതലൊന്നും ചോദിക്കാനും കഴിഞ്ഞില്ല.





ഇതാണ് തെണ്ടികളുടെ ആഡംബരം. അതൊരു പ്രതിഷേധമായിരുന്നു, തെണ്ടികളുടെ പ്രതിഷേധം. കീറലുകൾക്കിടയിൽ നിന്നും ചോര തുടങ്ങിയിരുന്നു.

ദ്രവിച്ച വാതിലിന് പുറകിൽ അവൾ ചിരിച്ച് കൊണ്ട് നിൽക്കുന്നത് നിറഞ്ഞ കണ്ണുകളാൽ അവ്യക്തമായി ഒന്ന് കണ്ടു. അവളിന്ന് ഏറെ സന്തോഷത്തിലായിരുന്നു. പോയ വഴിയിലെ പുല്ലിനോടും പുൽച്ചാടിയോടും അവൾ കഥകൾ പറഞ്ഞു. പാടവരമ്പിലെ വൈക്കോൽ മനുഷ്യനെ ഇന്ന് കണ്ടില്ല. ചോക്ക് കൊണ്ടു കണ്ണെഴുതിയ കരിച്ചട്ടി അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. കുത്തിക്കെട്ടിയ കവുങ്ങിൻ തണ്ടുകളും വൈക്കോൽക്കച്ചകളും ഒരിടത്ത് കൂട്ടിയിട്ടിരിക്കുന്നു. താനിപ്പോൾ ഇട്ടിരിക്കുന്ന കുപ്പായം മുൻപ് കണ്ടത് ഈ പാടവരമ്പത്തായിരുന്നെന്ന തിരിച്ചറിവ് കുട്ടനെ ഒരു നിമിഷം നോക്ക് കുത്തിയാക്കി മാറ്റി.

ഇന്നെങ്കിലും കളർപെൻസിൽ വാങ്ങണം. അറിയാതെ അവളുടെ പുസ്തകൾക്കിടയിൽ ഒളിപ്പിക്കണം. സ്കൂളിൽ ചെന്ന് പുസ്തകമെടുക്കുമ്പോൾ അറിയാതെ അവളുടെ കൈയ്യിൽ പെടണം. അന്നേരം അവളുടെ മുഖത്ത് ഒരു ചെറു പുഞ്ചിരിയുണ്ടാവും.

മരപ്പലക വണ്ടിയും തള്ളിനീക്കി മുന്നോട്ട് നീങ്ങുമ്പോൾ കുട്ടന്റെ മനസ് നിറയെ ഒരു നൂറ് സ്വപ്നങ്ങളായിരുന്നു. പ്രതീക്ഷകളായിരുന്നു. കുപ്പായം കുമാരേട്ടനും നന്നേ ഇഷ്ടപ്പെട്ടു. സേവ്യറാശാൻ ബസ് സ്റ്റാന്റിന്റെ മൂലയിൽ ഇറക്കിയിരുത്തുമ്പോഴും കുട്ടന്റെ കണ്ണ് കടകളുടെ പേരെഴുതിയ ബോർഡുകൾ തിരയുകയായിരുന്നു. എന്തുകൊണ്ടോ സൂര്യൻ ഉച്ചിയിലെത്തിയിട്ടും തകരപാത്രത്തിൽ ചില്ലറ വീഴുന്ന ശബ്ദം കേട്ടതേയില്ല. ഇന്നലെ വരെ സഹതാപത്തോടെ നോക്കിയ കണ്ണുകളിൽ പുച്ഛം ഒളിഞ്ഞും തെളിഞ്ഞും കുട്ടൻ ശ്രദ്ധിച്ചു. 'രാവിലെ തന്നെ ഒരുങ്ങിക്കെട്ടി ഇറങ്ങിക്കോളും, ഇവനൊക്കെ പണിയെടുത്ത് ജീവിച്ചാലെന്താ'! ആരൊക്കെയോ പറഞ്ഞു പോകുന്ന



വാക്കുകളുടെ അർത്ഥം കുട്ടന് മനസിലായില്ല.

തിരിച്ച് പോരുമ്പോൾ പതിവിലേറെ അവശനായിരുന്നു. അപ്പോഴും ഒരു കളർപെൻസിൽ അവനെ അത്രയേറെ വേവലാതിപ്പെടുത്തിയിരുന്നു. തന്റെ ഹൃദയം പോലുമിടിക്കുന്നത് അമ്മാളുക്കുട്ടിക്ക് വേണ്ടിയാണെന്ന സത്യം ആത്മഹത്യ എന്ന ചിന്തയിൽ നിന്നും അവനെ നിരന്തരം പിന്തിരിപ്പിച്ചു. ആ ദിവസം മുഴുവൻ അവൻ പലവട്ടം മനസ്സിലേക്ക് എടുത്ത് ഓർമിച്ച് കൊണ്ടേയിരുന്നു. 'ഒരു തെണ്ടിയുടെ ഒരു ദിവസത്തെ ആഡംബരം' പ്രതികൂലമായി ബാധിച്ചത് തന്റെ ജീവിതത്തെയും ജീവനെയും കൂടിയാണെന്ന് കുട്ടൻ തിരിച്ചറിഞ്ഞു. ആ യാത്രയിൽ, പാടവരമ്പിൽ അമ്മാളുക്കുട്ടി ഉപേക്ഷിച്ചു പോയൊരു കത്തിമുന കൊണ്ട് അയാൾ കുപ്പായം നിർത്താതെ കീറി വരഞ്ഞുകൊണ്ടേയിരുന്നു. ഇതാണ് തെണ്ടികളുടെ ആഡംബരം. അതൊരു പ്രതിഷേധമായിരുന്നു, തെണ്ടികളുടെ പ്രതിഷേധം. കീറലുകൾക്കിടയിൽ നിന്നും ചോര പൊടിഞ്ഞു തുടങ്ങിയിരുന്നു. വണ്ടി തള്ളി തള്ളി നീക്കി മുന്നോട്ട് കുതിക്കുമ്പോഴും ആ ചുണ്ടുകൾ മന്ത്രിച്ചുകൊണ്ടേയിരുന്നു;

'കളർപെൻസിൽ... കളർ പെൻസിൽ...'

രണ്ടു ചക്രങ്ങൾ കഥ പറയുകയാണ്.
അവർ പിന്നിട്ട വഴികളിലെ കാഴ്ചകളും
അനുഭവങ്ങളും എത്തിപ്പിടിച്ചതും കേട്ടുകേൾവികളും,
ഉപേക്ഷിച്ചവയെക്കുറിച്ച് എല്ലാം.
ഒടുവിൽ തങ്ങളെ നയിച്ച
രണ്ട് ക്യൂബൻ വിപ്ലവകാരികളെക്കുറിച്ചും.
മലമുകളിൽ എവിടെയോ ഒരു ബുള്ളറ്റ്,
തങ്ങളുടെ വേഗത്തിനപ്പുറം പാഞ്ഞ്
കാലത്തെ കൊന്നുകളഞ്ഞു എന്നറിഞ്ഞപ്പോൾ
അവർ യാത്ര ഉപേക്ഷിച്ചു.
എങ്കിലും ഉള്ളിലെവിടെയോ കാലം കറങ്ങുന്നു.
പ്രിയ ഗുവേര... പ്രിയ ഫ്യൂസർ...

സിദ്ധാർത്ഥ് ഭട്ടതിരി



# ഹർത്താൽ

ദൈവത്തിന് ശ്വാസംമുട്ടലായിരുന്നു;
പങ്കജകസ്തൂരിയുമന്വേഷിച്ച് നടന്നു ശിഷ്യർ
മരുന്ന് കിട്ടിയില്ല, രോഗമോ മാറിയില്ല,
അന്ന് ഹർത്താലയിരുന്നു.
മറ്റൊരു ദൈവത്തിന് കരൾരോഗമായിരുന്നു;
കാമിലാരിയുമന്വേഷിച്ച് നടന്നു ശിഷ്യർ
മരുന്ന് കിട്ടിയില്ല, രോഗമോ മാറിയില്ല,
അന്ന് ഹർത്താലയിരുന്നു.
വേറൊരു ദൈവത്തിന് പൊണ്ണത്തടിയായിരുന്നു;
ലവണതൈലമന്വേഷിച്ച് നടന്നു ശിഷ്യർ
മരുന്ന് കിട്ടിയില്ല, രോഗമോ മാറിയില്ല,
അന്ന് ഹർത്താലയിരുന്നു.
മനുഷ്യപ്രതിസന്ധികൾ ചർച്ചചെയ്യാൻ
'ത്രിമൂർത്തി'കളും ഞായാഴ്ച്ച സമ്മേളിച്ചു;
സംഘട്ടനങ്ങൾ തീർത്ത് ശിഷ്യർ കൂട്ടുകൂടി;
എന്നാൽ രോഗം മൂർച്ഛിച്ച് മൂവരും മരിച്ചിരുന്നു.
നുര പിടിച്ച മനുഷ്യമോഹങ്ങളൊഴിഞ്ഞില്ല;
കപടതയുടെ മതമതിലുകൾ തകർന്നില്ല;
ദൈവങ്ങളുടെ മരണം, മറ്റൊരു വിപ്ലവം,
പിറ്റേന്ന് ശിഷ്യർ തീർത്തു, ഒരു 'സംയുക്ത' ഹർത്താൽ.

മിന്ന മെറിയം ജോസ്

# സ്തുതിയായി രിക്കട്ടെ അച്ചോ!!!



I

പെട്ടന്നാണ് അവളുടെ മുഖം മാറിയത്. കളി ചിരിയുടെ ഇടയിൽ തന്റെ കൂട്ടുകാരിയുടെ മങ്ങിയ ചിരി അവൾ ശ്രദ്ധിച്ചിരുന്നു. ഇടയ്ക്ക് എപ്പോഴോ ആൾക്കൂട്ടം ഒഴിഞ്ഞ അവസരത്തിൽ അവൾ കാരണം തിരക്കി. തങ്ങളുടെ സഹപാഠികളിൽ ഒരാൾ അവളോട് മോശമായി പെരുമാറിയത്രേ. 'എങ്കിലും അവൻ പുറമെ എത്ര സൽസ്വഭാവി ആണ്. അവൻ ഇങ്ങനെ ഒക്കെ ചെയ്യുമോ?' മൂന്നാമത് ഒരു സ്വരം സംശയം പ്രകടിപ്പിച്ചു. അന്ന് അസ്വസ്ഥമായ ആ കൂട്ടുകാരിയുടെ തോളിൽ കൈ

വെച്ച് അവൾ പറഞ്ഞു. 'നിന്റെ ശരീരത്തിൽ നീ അനുവദി ക്കാതെ തൊടാൻ ആർക്കും അനുവാദം ഇല്ല. അങ്ങനെ തൊട്ടവൻ മാന്യനും അല്ല. അത് ദൈവം തമ്പുരാൻ ആയാൽ പോലും'. ഒരിക്കൽ അവൾക്കു നേരെ നീട്ടിയ ആ കച്ചി തുരുമ്പ് ഇന്ന് മറ്റൊരാൾക്ക് നേരെ അവളും നീട്ടി.

## II

അന്ന് വൈകുന്നേരം കോളിങ് ബെൽ അടിക്കുന്നത് കേട്ട് അവളാണ് കതക് തുറന്നത്. ഇരുണ്ടു തുടങ്ങിയ സന്ധ്യയുടെ മറവിൽ എത്തിയ ആ അതിഥിയെ അവളുടെ കുടുംബം സന്തോഷപൂർവ്വം സ്വാഗതം ചെയ്തു. ജീവിതത്തിൽ ആദ്യമായി യാണ് അദ്ദേഹത്തെ അവൾ പരിചയപ്പെട്ടതെങ്കിലും അയാളുടെ സംസാരത്തിന്റെ ലാളിത്യവും ദൈവിക ചൈതന്യവുമെല്ലാം അവരെ ഏവരെയും ആകർഷിച്ചു.

അങ്ങനെ സംഭാഷണത്തിൽ മുഴുകി ഇരുന്ന ആ അവസ രത്തിൽ അയാളുടെ കൈകൾ തന്നെ തലോടുന്നതായി അവൾക്കു തോന്നി. പലപ്പോഴായി അയാളുടെ മുഖഭാവങ്ങളിൽ ഒരു വൈകൃത്യം അവൾ സംശയിച്ചെങ്കിലും ഒരു ചെറു പുഞ്ചിരി വിടർന്ന ആ മുഖത്ത് അവൾക്കു ഒരു ദുരുദ്ദേശവും മനസ്സിലാക്കിയെടുക്കാൻ സാധിച്ചില്ല.

അന്ന് ഉറങ്ങാൻ കിടന്ന അവളുടെ മനസിനെ ആ സംഭവം വല്ലാതെ ഉലച്ചു. തനിക്കു തോന്നിയതാവും എന്ന് പല തവണ പറഞ്ഞു തന്നെ തന്നെ വിശ്വസിപ്പിക്കാൻ ശ്രമിച്ചു. എങ്കിലും അന്ന് ആദ്യമായി അവളുടെ ശരീരത്തോട് അവൾക്കു വെറുപ്പ് തോന്നി. ജീവിച്ചിരിക്കെ ശരീരം അഴുകുന്ന പോലെ. അവൾ അറിയാതെ അവളുടെ കണ്ണുകളിൽ നിന്നും ഒരു ചെറു തുള്ളി കണ്ണീർ ഒഴുകി ഇറങ്ങി. ആഗ്രഹിക്കാതെ ഏറ്റ ആ സ്പർശനം, അതിന്റെ വേദന ആ രാത്രി മുഴുവൻ അവൾ ആരും അറിയാതെ കരഞ്ഞു തീർത്തു.

## III

വേണ്ട, ഇതാരോടും പറയേണ്ട. അവരും അവളുടെ ഉദ്ദേശങ്ങളെ തെറ്റിദ്ധരിക്കും. പള്ളിയിൽ അച്ചൻ പറഞ്ഞത് എത്ര ശരിയാണ്. ഒരു സ്പർശനത്തെ പോലും അതിന്റെ വിശുദ്ധിയിൽ കാണാൻ പറ്റാത്ത ഒരു തലമുറയിലെ അംഗമാണ് ഞാനും. ഇന്നത്തെ പ്രസംഗം ശരിക്കും അവൾക്കു വേണ്ടി പറഞ്ഞത് പോലെ അവൾക്ക് തോന്നി. ആ സ്പർശനത്തിലെ സ്നേഹവും ലാളനയും തിരിച്ചറിയാൻ കഴിയാഞ്ഞതിൽ അവൾ ലജ്ജിച്ചു. ശരിക്കും അവളുടെ മനസിന് അല്ലേ വൈകൃത്യം പിടിപെട്ടത്? ഇത്ര മാന്യനായ അദ്ദേഹത്തെ അവൾ തെറ്റിദ്ധരിച്ചതിൽ അവൾക്കു കുറ്റബോധം തോന്നി. അപ്പോഴാണ് അയാൾ വീണ്ടും അവളുടെ മുമ്പിൽ...

അറിയാതെയാണെങ്കിലും അവൾ ഒന്ന് പരിഭ്രമിച്ചു. സംഭരിച്ചെടുത്ത ധൈര്യത്തിനു മേൽ, പതറാതെ അവൾ അയാളുടെ മുമ്പിൽ നിന്നു. അന്നു രാത്രി നനഞ്ഞ് കുതിർന്ന

ഇനി ഒരിക്കലും ഇതിന്റെ പേരിൽ നീ കരയരുത്. നിന്നോട് ചെയ്ത തെറ്റിന് കരയേണ്ടത് അയാളാണ്. മായുന്ന സാമ്യത്തിനിടയിലും കർമ്മത്തിന്റെ ന്യായ പുസ്ത കത്തിൽ അയാൾക്കും ഒരു വിധി അവൾ ഉറപ്പിച്ചു.

ആ ഡയറിക്കുള്ളിൽ അവൾ എഴുതി ചേർത്തു. ഇനി ഒരിക്കലും എനിക്ക് അയാളെ കാണണ്ട.

## IV

പണ്ട് ഇതുപോലെ ഒരു ഒഴിഞ്ഞ ക്ലാസ് റൂമിൽ പൊട്ടി കരഞ്ഞ തന്നെ അവൾ ആ സഹപാഠിയിൽ കണ്ടു. അന്ന് തന്നെ ചേർത്ത് പിടിച്ചു അവളെ ആശ്വസിപ്പിച്ച ആ നല്ല സുഹൃത്തിനെയും ഒന്ന് ഓർത്തു. 'അയാളുടെ ഉദ്ദേശങ്ങളെ സംശയിച്ച നീ ഒരു തെറ്റുകരി അല്ല. നിന്റെ ശരീരത്തിന്റെ തെറ്റുകളെയും ശരികളെയും തീരുമാനിക്കുന്നത് നീ തന്നെയാണ്. അതിന് ആരുടെയും നിലയും വിലയും നോക്കണ്ട കാര്യവും നിനക്ക് ഇല്ല.' പണ്ട് കേട്ട എന്നാൽ മറക്കാത്ത ആ വാചകങ്ങൾ അവൾ അവളുടെ കൂട്ടുകാരിക്ക് പകർന്നു കൊടുത്തു.

'ഇനി ഒരിക്കലും ഇതിന്റെ പേരിൽ നീ കരയരുത്. നിന്നോട് ചെയ്ത തെറ്റിന് കരയേണ്ടതു അയാളാണ്.' പിന്നീട് ഒരിക്കലും അവൾ കരഞ്ഞില്ല. മായുന്ന സാമ്യത്തിനിടയിലും കർമ്മത്തിന്റെ ന്യായ പുസ്തകത്തിൽ അയാൾക്കും ഒരു വിധി അവൾ ഉറപ്പിച്ചു. പള്ളി മുറ്റത്തു വീണ്ടും കണ്ടുമുട്ടിയ അയാളോടുള്ള അമർഷവും പുച്ഛവും ഒരു ചെറു പുഞ്ചിരിയിൽ ഒതുക്കി കൊണ്ട് അവൾ പറഞ്ഞു.

'ഈശോ മിശിഹായ്ക്കും സ്തുതി യായിരിക്കട്ടെ അച്ചോ.'

●●

SANOOP LUIS



## An Impending Dystopia:

# The Rise of Communalism in India

"And my heart bled within me; for you can only be free
when even the desire of seeking freedom becomes a harness to you,
and when you cease to speak of freedom as a goal and a fulfillment."
-Kahlil Gibran (The Prophet)

**There** was a time on this planet when human beings lived in utter fear of the unknown. Like rats living in a dark putrescent maze of tunnels, they pushed each day forth dreadfully, chanting out prayers for the sake of their own well-being. This was also a time when the religions exercised their unquestionable power and influence over people all over the world by feeding on their fears and lack of understanding of the world around. But soon after the 18th century, humanity witnessed the loud detonation of reason resulting in a widespread dissemination of rationality in and around Europe. Even terms such as Art, Mass, People, Revolution, Secularism et cetera that we profusely use in this present time took form in the 18th century, passed through their infantile childhood, teenage stages and matured in the days of modernity after almost 200 years of intensive brewing. For instance, the term 'secularism' was first used by the British writer George Jacob Holyoake in 1851. He invented the term to describe



**Unlike its western counterpart, the status quo when it comes to 'secularism' in India does not imply a separation of religion and state, but it means an equal treatment of all religions.**

his views on promoting a social order separate from religion without actively dismissing or criticizing religious belief. Even though similar forms of secularism have been existing in various regions of this world much before the intellectual boom of the 18th century in Europe; they were very different from the kind of secularism we discuss today; that which pertains to the separation of religion from the ruling body. This kind of secularism is absolutely political in nature and is perhaps one of the foundation stones upon which all modern political ideologies are built. Secularism ultimately aims at bringing religion to the private sphere from the public sphere, hence resulting in a complete renunciation of all sorts of laws based on scriptures. Unlike its western counterpart, the status quo when it comes to 'secularism' in India does not imply a separation of religion and state, but it means an equal treatment of all religions. Hence religion in India continues to assert its political authority in matters of personal law. The most haunting aspect of this situation is that the complexities that arise out of this turmoil are now hardwired notions in our minds as mere normalities.

Ever since the inception of the age of reason, a constant brawling between the narrow-minded fundamentalists and the progressive rational thinkers has been stirring up a quite turbulent state of affairs. And as a consequence of this miserable battle, countless men and women have fallen under the violent blows made by the maces of these religious fanatics. We could call these brave individuals who were victimized by the tyranny of religious/political dogmatism 'martyrs', but still, we simply can-

**Just like a nightmare to any sensible liberal individual, irrespective of her/his religion, caste or any other such superficial gimmicks, a right-wing political party is now rising into power.**

not reject the fact that each of those terrible deaths remains as a stupendous loss for humanity. Writers, scientists, social activists, cartoonists, musicians, artists, teachers, journalists... the long trail of carcasses laid on the face of this planet by these madmen grows longer and longer as each day passes by. In the Nietzschean perspective, these 'punishments' which arise out of the transgression of the idea of 'obligation'–an obligation to abide by the rules set out by orthodoxy; could be seen as the way of the mob to settle the 'debt' (as debt is the inevitable result if one fails to fulfil obligations). And punishment creates docile bodies which the power structures badly need.

Malleshappa M Kalburgi, a reputed scholar, and academic who served as the Vice-Chancellor of Kannada University in Hampi was having a pleasant breakfast with his family on a cozy Sunday morning. Suddenly the small family's momentarily felicitous breakfast time was interrupted by a few knocks on their front door. Kalburgi slowly got up and made his way to the front door to answer the call. His wife was already in the kitchen preparing coffee for the visitors who gave them a surprise visit. She could hear parts of muffled conversations between her husband and the visitors. But as a few minutes passed by, she noticed that the visitors were starting to sound furious and violent. The next minute, she was startled by the loud noise of gunshots. As she rushed towards the front porch, she saw the attackers fleeing the scene. Malleshappa M Kalburgi was lying in a pool of blood, drowning into the dark depths of death.

Malleshappa Madivalappa Kalburgi was a noted epigraphist of Kannada. He was awarded the National Sahitya Akademi award in 2006 for Marga 4, a collection of his research articles. Being a rationalist, Kalburgi had his share of frequent clashes with right-wing Hindutva groups over the years. In 2014, he had spoken openly against idolatry in Hinduism in support of another Kannada writer U R Ananthamurthy. A controversy erupted in the early 80s over Kalburgi's book, Marga 1. Religious zealots belonging to the powerful Lingayat community came down heavily on Kalburgi and he was forced to recant the allegedly derogatory references to the founder of Veerashaiva-the liberal Shaivism. The denouncements grew louder among the community and he was summoned to a math in Hubli and forced to 'recant' a life's work. Though Kalburgi had apologized to the Lingayat seers, the controversy continued, with the fundamentalists demanding the proscription of the book. Ultimately he was forced to commit intellectual suicide to save the lives of his family. Following his murder, Prasad Attavar, a Bajrang Dal activist in his WhatsApp message thanked the culprit who gunned down the Kannada scholar.

Just like a nightmare to any sensible liberal individual, irrespective of her/his religion, caste or any other such superficial gimmicks, a right-wing political party is now rising into power. Causally, these religious zealots have already started to sharpen their fangs and claws for a widespread 'activism' throughout the country. The hegemony which is propagated by



This, the sound of an undeclared emergency lingers in our ears; though it hasn't been loud enough for many to notice.

these extremist right-wing political organizations is not something that should be seen casually as the saffronization (an unambiguous product of their 'noteworthy activism' indeed) is hooking down some of the cornerstone elements of our democracy. It is true that no regime likes voices which are oppositional in nature, be it any political party in our country. But it is also true that some political formations are more dangerous than others. To take a bit of perspective, many people consider the emergency period as a dark chapter of Indian history. But when various kinds of rights and freedoms are breached by this regime, including our foremost fundamental right to live, we cannot help but reconsider if the 21 month period between the years 1975-77 were the darkest ages our democracy has ever witnessed. In instances like this when we are being told what we can eat and drink, what should be thought, what to be said and how it should be said. This, the sound of an undeclared emergency lingers in our ears; though it hasn't been loud enough for many to notice. The highlight event to mark an example would be the infamous tweet made by Amit Shah, the present president of BJP in the occasion of Onam. Sadly, many fail to understand that fascism is not something that happens overnight. We see numerous political and religious organizations desperately trying to rewrite history, by presenting new meta-narratives each day. History is indeed a void where we fill in with our narratives. Amit Shah's tweet, for instance, is a shard of the meta-narrative his political organization tries to spread. But it is such

കാലങ്ങളും ദേശങ്ങളും പിന്നിട്ട്,
ഹെഡ്ലൈറ്റിന്റെ അരണ്ട വെളിച്ചത്തെ പിന്തുടർന്ന്
ഇരുട്ടിലൂടെ നീങ്ങുന്നു. ഏകാന്തതയിൽ,
ചിതൂഷ് പാതയിൽ, വാഴത്തോപ്പുകൾക്കിടയിലെ
കലുങ്കിനു മുന്നിൽ ബസ് നിർത്തി.
നീളൻ താടിയും ചുണ്ടുകൾക്കിടയിലെ ക്യൂബൻ
ചുരുട്ടുമായി ഒരാൾ വന്നിറങ്ങി. തിളങ്ങുന്ന
കണ്ണുകളുമായി അയാൾ ചുറ്റും നോക്കി.
തടിച്ച്, കട്ടിയേറിയ മീശയുള്ള മനുഷ്യൻ
കൈകളുയർത്തി കാണിച്ചു. ബസ് നീങ്ങിത്തുടങ്ങി.
ബലിഷ്ഠമായ രണ്ട് ബൂട്ടുകൾ ഒന്നിച്ച് മുന്നോട്ടു നടന്നു.
ശോഷിച്ച പാതയിൽ, വാഴത്തോപ്പുകൾക്കപ്പുറം ഉയർന്നു
നിൽക്കുന്ന മരങ്ങൾക്കിടയിലൂടെ.
ഏകാന്തതയിൽ വിറച്ചുനിൽക്കുന്ന ആ കലുങ്കിൽ
ആരോ കല്ലിനാൽ മക്കോണ്ടോ എന്ന് എഴുതിയിരിക്കുന്നു.

deliberate attempts to mislead people that pose a threat to the well-being of our democracy.

If we analyze the state of affairs in India, we could easily conclude that the idea of "unity in diversity" that we adore in our hearts is perhaps a fairytale we wish to believe in. But as a hierarchy is an intrinsic part of diversity, the predominant agent that runs subterraneously in the minds of Indian people is nothing but a kind of social Darwinism. It is rather explicit that the idea of India as a nation where the demonic hands of casteism and communalism will no longer exist is more or less like any other Utopian idea, as these agents of cancer have already penetrated deep into the clockworks of this country and also at the core of Indian psyche. The 1969 Gujarat riots, Nellie massacre (1983), the 1984 anti-Sikh riots, Bhagalpur riots (1989), Godhra massacre (2002), Marad massacre (2003) and countless other communal riots before and after August 15th, 1947 have swallowed millions of innocent lives. Even now, the frequency of clashes between different communities is rising at an alarming rate-- the inglorious medals which the races for power and dominance have to offer for us.

**In an environment of rampant intolerance, we have a concert of puppets controlled by a regime which is in turn shaped and guided by various enterprises of corporates.**

Shockingly, we have now even begun to abandon the illusion of being an all-inclusive society. The earlier regimes tried to give us such illusions but that is changing drastically these days. Anybody who is resisting is subjected to the most pernicious kinds of persecutions. The tragic Adivasi school teacher turned political leader Soni Sori's case is a clear example for this. The police officer, Ankit Garg who led the horrible atrocities against her by torturing and sexually assaulting her, instead of being dismissed from the force and prosecuted for his crimes went on to receive the President's award for meritorious service. Sedition has become this new lollipop which the state hands over to anyone who raises questions. In Kashmir, we have a ridiculous case where two young men were put in jail for merely liking a facebook post. In an environment of rampant intolerance, we have a concert of puppets controlled by a regime which is in turn shaped and guided by various enterprises of corporates. Thus the new millennium has brought us a Gordian knot of post-liberalisation and conservatism backed by a gargantuan capitalist machinery.

We are living in a system which nurtures goons and madmen blinded by the desiderata for power and control, a system which constantly propagates the necessity for a 'big brother' to surrogate the present democratic (or something close to that) conditions, a system which creates multiple illusions where tyrants get metamorphosed into glorious leaders and revolutionaries into enemies of the State. The system has gradually transformed into a machine which swallows human lives for satisfying its own totalitarian desires. As long as we are not really mindful of the grave consequences of the events that are unfolding in the present, we are letting ourselves be trapped in the belly of a machine that is bleeding to death. We need to open our eyes and realize that all these facts add up significantly, to a bigger horrifying reality that awaits us in the shade of our ignorance.

●●

DEEPIKA DINESH



# The wake of civilian conciousness

The year Twenty-Sixteen, we already know that like many previous years, is to go deep down into the pages of history. The then New Year Sun brought with him the terrifying news of Pathankot attack and gave us a chilling dawn. The following days saw various dramas at different levels; from a number of Bollywood heartbreaks making headlines to another series of prospective foreign visits of our current celebrity, the Prime Minister, being an eternally loved topic of discussion in the news panels to the news of the death of some ever-

> **Vemula was another Dalit scholar struggling hard to fight the stigma of a wretched caste system prevalent in the modern India until he was drained of all the optimism that was left in him and decided to give up his life.**

green movie veterans; we never had a dearth of topics. But none of these are the reasons why I think this year has found its place in the museum of events. It is the wake of civilian consciousness that makes twenty-sixteen a beautiful year for me.

India is not new to mass agitations. This decade opened with a series of unrests early in the year two thousand eleven with the Anna Hazare's Anti-Corruption Movement. The movement attracted the eyes of the world to India and was named among the "Top 10 News Stories of 2011" by Time magazine. The infamous Delhi gang rape that took place on sixteenth December, 2012 is another dark day which took masses to streets demanding immediate actions from the side of authorities concerned so that the guilty was brought to book promptly. It also shed light on some of the grave problems faced by women in India with respect to safety. Kerala also has had its share in the revolutionary decade with 2014 Kiss of Love. But if all these were restricted to a particular state or a few distinct places then what is happening today is a nation-wide phenomenon.

Rohith Vemula was just another Dalit scholar struggling hard to fight the stigma of a wretched caste system prevalent in the modern India until he was drained of all the optimism that was left in him and decided to give up his life; that was how he became an icon. Certain sentences in his suicide note were celebrated by our new papers and news channels, primarily to add fuel to the fire and ensure that their ratings stood good. But sadly, they also reminded us of our own lack of humanity and inability to understand a fellow human being's need to live a peaceful life. This cannot be an isolated occurrence. Similar incidents might have happened in the past and will certainly take place in the future. But this indeed was a significant event as it evoked, perhaps for the first time in the history of independent India, a sense of consciousness that our country as a pluralist society has relentlessly failed to uphold the so-called constitutional values of welcoming and accepting diversity, that it has persistently done enough to ensure that the lives of our underprivileged always remained miserable. This mighty guilt- consciousness eventually shook awake our civilian responsiveness.

The story of Kanhaiya Kumar is different, yet there is an underlying similarity. The JNUSU president who was arrested on the charges of sedition became a national identity of the champion of free speech. Here again we see the wake of civilian consciousness because this was not the first time that free speech in India, though a constitutional right, was questioned and challenged. Yet only this time could we witness such a mass level, literally nation-wide and international reaction towards an issue of this substance; thanks to the technology for bringing home in time the firm response of the world.

A closer look at these two sequences of issues will give us the image of a nation with the largest youth population, alert and vibrant as they have proved to be, exercising their basic rights with rising spirits. How better could a democracy celebrate her nearly seventy years of existence?

പണ്ട് കണ്ടുപിടിച്ച ബൾബുകളിൽ,
ചൂടും വെളിച്ചവുമുണ്ടായിരുന്നു.
വെളിച്ചം തേടിയെത്തിയവരുടെ ഉള്ളിൽ ,
സ്വയം ആളിക്കത്തുന്ന തീയുണ്ടായിരുന്നു.
ബൾബിന്റെ ഹോൾഡറിൽ ചാരം നിറഞ്ഞപ്പോൾ,
ചില്ലിന്റെ പ്രതലത്തിൽ കരിപുരണ്ടപ്പോൾ,
പതിയെ വെളിച്ചം കുറഞ്ഞുവന്നു.
ചൂടുകൂടിയതിൽ മെർക്കുറി വെളിച്ചം,
വെറുതെ വേവിച്ചെടുത്തു വിറ്റു;
തുടരെ വെളിച്ചാന്വേഷികളുടെ ഉള്ളിലെ തീയും,
പകുതിയാളിക്കത്തി കെട്ടുപോയി;
അതിനിടയിൽ ചിലർ ഉള്ളിൽ വെളിച്ചം കത്തിച്ച്,
ചൂടും വെളിച്ചവുമായി വന്നു ;
എന്നാൽ അവരുടെ ബൾബിലേക്കും കല്ലെറി
ഞ്ഞിരുന്നു.
ഇനിയൊരു ബൾബുണ്ടാകണമെനിക്ക്,
ചൂടും വെട്ടവും ഒന്നിച്ചുള്ളിലേക്ക് ഒഴുകും;
ഒരിക്കലും കെടരുതീ ബൾബ്;
ലോകം മുഴുവൻ വെളിച്ചം പകരും ഞാൻ,
ഉള്ളിലെ ചെറുതീകൾക്ക് കനലും.

വിഷ്ണു രാജ്

# അക്ഷരമാല

‘അ’ അമ്മയങ്ങാടിയിൽ, അടുക്കളയിലച്ഛൻ പറ്റുമോ, സമ്മതമാണോ?
ഇനി അങ്ങാടിയിൽ തോറ്റാൽ ആരോട് തീർക്കുമെന്നാണോ.
ആനപ്പുറത്തിരിക്കാം നമുക്ക് ആരെയും പേടിക്കേണ്ടായെന്ന് ‘ആ’
ഇന്നലെ ഇങ്ങനെയല്ലാരുന്നല്ലോയെന്ന് ‘ഇ’
ഈ മാത്രമെന്തിന് ഇങ്ങനെയെന്ന് ‘ഈ’
ഉള്ളതെന്തിന് ഉഡായിപ്പുള്ളപ്പോളെന്ന് ‘ഉ’
ഊക്കെന്തിന് ഊമയായിരിക്കുമ്പോളെന്ന് ‘ഊ’
ഉരുണ്ട കണ്ണു മിഴിച്ച് ഉരിയാടാത്ത നാവ് നീട്ടി
‘ഋ’ കാരയോഗി ധ്യാനത്തിൽ,
ശല്യപ്പെടുത്തരുത് ഋഷിയാണ് ശപിച്ചു കളയും.
എല്ലാരും ചൊല്ലണ് എല്ലാരും ചൊല്ലണ്
എല്ലില്ലാ ചൊല്ലണ് നട്ടെല്ലില്ലാ ചൊല്ലണ്
ഏമാനേ... ഏമാനേ.. ‘എ’ ‘ഏ’
ഐശ്വര്യാ റായ് മുതൽ ഐരാവതം വരെ എഴുന്നെള്ളിപ്പിന് ‘ഐറ്റ’മായ്.
ചുരുണ്ടുകൂടി ഒറ്റയിരുപ്പ് ‘ഒ’ പോലെ
അല്ലെങ്കി പറയും ‘ഓ’ ഇനി അതിന്റെ കുറവേ ഉണ്ടാരുന്നുള്ളുവെന്ന
തീർപ്പും നെടുവീർപ്പും
‘ഔ’ ദാര്യമാണത്രേയെല്ലാം.
എന്നെക്കുറിച്ചല്ലാത്തതൊക്കെ ‘അ’
എനിക്ക് വേണ്ടതൊക്കെ ‘അം’



# വായിക്കുക വായിച്ചു ധിക്കാരികളാവുക

കുരീപ്പുഴ ശ്രീകുമാർ മാഷുമായ്
എഡിറ്റോറിയൽ ടീം നടത്തിയ അഭിമുഖം

ഏതോ ഒരു കലാലയത്തിന്റെ ഒരു ഇടവഴിയിൽ പിന്തിരിഞ്ഞു നടക്കുന്ന ഒരു ഫോട്ടോയാണ് വർഷങ്ങളായി, കുരീപ്പുഴ ശ്രീകുമാർ മാഷിന്റെ ഫേസ്ബുക്ക് പ്രൊഫൈലിന്റെ മുഖചിത്രം. പരിസ്ഥിതിയേയും രാഷ്ട്രീയത്തേയും സംസ്കാരത്തേയും കുറിച്ച് നിരന്തരം സംസാരിക്കുന്ന മലയാളിയുടെ മനമറിഞ്ഞ കവി. സാമൂഹിക യാഥാർത്ഥ്യങ്ങളെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും നിരന്തരം ഓർമ്മിപ്പിക്കുന്ന അദ്ദേഹം എന്നും മുന്നോട്ടാണ്. കൊല്ലം ജില്ലയിലെ ആയൂരിലെ അദ്ദേഹത്തിന്റെ കുരീപ്പുഴ വീട്ടിലെത്തുമ്പോൾ, ആദ്യം കണ്ണിൽ പെട്ടത് ഹൈദരാബാദിൽ അപ്പാറാവുവിന്റെയും കൂട്ടരുടെയും ജാതി വെറിക്കെതിരെ പോരാടി, മരിച്ചിട്ടും ജീവിക്കുന്ന രോഹിത് വെമുലയുടെ ചിത്രത്തിലേക്കാണ്. പുസ്തകങ്ങൾ നിറഞ്ഞൊരു വീട്. നാലുചുറ്റും പുസ്തകങ്ങളാൽ തീർത്ത സ്തൂപങ്ങൾ. അവിടെയിരുന്ന് സഹൃദയനായ അദ്ദേഹം ഞങ്ങളോട് പൊള്ളുന്ന യാഥാർത്ഥ്യങ്ങളെ കുറിച്ച് സംസാരിച്ചു. മഹത്വവത്കരിക്കപ്പെടുന്ന ദേശീയതയെ കുറിച്ചും, ഇച്ഛാശക്തി നഷ്ടപ്പെട്ട് പോകുന്ന ഭരണകൂടങ്ങളെ കുറിച്ചും, സമരം ചെയ്യാൻ മറന്നു പോകുന്ന ചെറുപ്പത്തെ കുറിച്ചും അളക്കാനാകാത്ത അനുഭവങ്ങളുടെ വെളിച്ചത്തിൽ നിന്ന് കൊണ്ട് അദ്ദേഹം സംസാരിച്ചു തുടങ്ങി.

• ചോദിപ്പോൾ ഐ.എഫ്.എഫ്.കെ.യിൽ നിന്നും വരുകയാണല്ലോ. ഒരിക്കലും ചർച്ച ചെയ്യപ്പെടാതിരുന്ന രീതിയിൽ വിവാദമായി തീർന്ന ഒരു ഒരു ചലച്ചിത്രമേളയായിരുന്നു ഇത്. സുപരിചിതനായ സംവിധായകൻ കമൽ ദേശ ദ്രോഹിയായി മാറി. ദേശീയത എന്നൊരു വികാരം ആളിപടർന്നു. ഇടതുപക്ഷ സർക്കാരിന്റെ പോലീസ് അതിനോടൊപ്പം ചേർന്ന് എന്നൊക്കെയുള്ള വിവാദങ്ങൾ. മഹത്വവത്കരിക്കപ്പെടുന്ന ഒരു ദേശീയത സമൂഹത്തെ ബാധിക്കുന്നു എന്ന് തോന്നുണ്ടോ?

ജനഗണമന എന്ന കവിത എനിക്ക് വളരെ ഇഷ്ടമാണ്. എനിക്ക് മൂന്നോ നാലോ വയസ്സുള്ളപ്പോൾ പരിചയപ്പെട്ട കവിതയാണത്. അന്ന് തൊട്ട് ഇന്ന് വരെ എപ്പോഴെല്ലാം ജനഗണമന കേട്ടിട്ടുണ്ടോ, അപ്പോഴെല്ലാം ഞാൻ എണീറ്റ് നിന്നിട്ടുണ്ട്. ഒപ്പം പാടുകയും ചെയ്തിട്ടുണ്ട്. അത് എന്നെ ആരും നിർബന്ധിച്ചിട്ടല്ല. എന്റെ ഒരു ദേശീയ ബോധം, വിശ്വ മഹാകവിയായ ടാഗോറിനോടുള്ള ആദരവ്, ഇതൊക്കെയാണ് അതിനു കാരണം. അത് കൃത്രിമമായിട്ട് അടിച്ചേൽപ്പിക്കുമ്പോൾ അതിലൊരു ഏകാധിപത്യത്തിന്റെ സ്വരമുണ്ട്. ഒരു അസ്വാതന്ത്ര്യത്തിന്റെ സൂചനയുണ്ട്. ദേശീയത, തന്നെയുണ്ടായി വരുന്നതാണ്. ദേശഭക്തിയല്ല ദേശീയത. ദേശീയത എന്നാൽ നമ്മൾ ജനിച്ച നാടിനോട്, സമൂഹത്തോട് നമുക്കുള്ള സ്നേഹമാണ്. അത് സ്വാഭാവികമായി ഉണ്ടാവേണ്ടതാണ്. അടിച്ചേൽപ്പിക്കേണ്ടതല്ല. ദേശീയ ഗാനത്തിന് ആരെങ്കിലും എണീറ്റില്ല എന്ന കരുതി അവരെ ദേശ വിരുദ്ധനാണെന്ന് ആർക്കും പറയാനും സാധിക്കില്ല.

ഇതൊക്കെ ഓർമിപ്പിക്കുന്നത് പണ്ട് ജർമ്മനിയിലെ ഹിറ്റ്ലറിന്റെ സമീപനമാണ്. ഹിറ്റ്ലർ അമിത ദേശീയതയെ കുറിച്ച് സംസാരിച്ച വ്യക്തിയായിരുന്നു. ജർമ്മനിയാണ് ലോകത്തിലെ ഏറ്റവും മഹത്തായ രാജ്യം. അത് ആദ്യത്തെ ഘട്ടമാണ്. അത് മാറിയിട്ട് ഹിറ്റ്ലർ സ്വയം ലോകത്തിലെ ഏറ്റവും മഹാനായ മനുഷ്യനാണെന്ന് കരുതി. ആ രീതിയിൽ ഒരു സമൂഹത്തെ പഠിപ്പിക്കാനും ശ്രമിച്ചു. അമിതമായ ദേശഭക്തി ഉയർത്തിക്കാണിച്ചായിരുന്നു ശ്രമം. അതൊരു ജനാധിപത്യ രാജ്യത്തിന് യോജിച്ച ഒരു കാര്യമല്ല. ഇടപെടേണ്ട ഒരുപാട് കാര്യങ്ങൾ ഈ നാട്ടിലുണ്ട്. മനുഷ്യൻ സ്വയം അധ്വാനിച്ചുണ്ടാക്കിയ പണം അവനു ഉപയോഗിക്കാൻ കഴിയുന്നില്ല. ആളുകൾ ബാങ്കിന്റെ മുകളിൽ നിന്ന് ചാടി മരിക്കുന്നു. ഭ്രാന്ത് പിടിച്ച ഒരു നടപടിയായിരുന്നു നോട്ട് പിൻവലിക്കുക എന്നത്. അതുകൊണ്ടുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുക എന്നതായിരുന്നു ദേശീയ പ്രാധാന്യത്തോടെ ചെയ്യേണ്ടിയിരുന്നത്. അതിനുപകരം ജനഗണമന ഒരു വിഷയമാക്കുകയായിരുന്നില്ല ചെയ്യേണ്ടിയിരുന്നത്.



ഭ്രാന്തു പിടിച്ച ഒരു നടപടിയായിരുന്നു നോട്ട് പിൻവലിക്കുക എന്നത്. അതുകൊണ്ടുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുക എന്നതായിരുന്നു ദേശീയ പ്രാധാന്യത്തോടെ ചെയ്യേണ്ടിയിരുന്നത്. അതിനുപകരം ജനഗണമന ഒരു വിഷയമാക്കുകയായി രുന്നില്ല ചെയ്യേണ്ടിയിരുന്നത്.

• ഐ.എഫ്.എഫ്.കെ പോലുള്ള ഇടങ്ങളിൽ ദേശീയ ഗാനം ഒരു ചർച്ചാവിഷയമായി വന്നപ്പോൾ, ദേശീയതയ്ക്കൊപ്പം തുഴയാൻ സംഘാടകർ നിർബന്ധിതരാവുകയായിരുന്നോ ?

സുപ്രീം കോടതി അങ്ങനെ ഒരു നിലപാടെടുത്തിരിക്കുകയല്ലേ? ആദ്യത്തെ ദിവസം അപ്രതീക്ഷിതമായിയുണ്ടായ ഒരു അറസ്റ്റാണ്. രണ്ടാമത്തെ ദിവസം അറസ്റ്റുണ്ടായിരുന്നില്ല. അത് കമലെടുത്ത അതിശക്തമായ ഒരു നിലപാടിന്റെ ഫലമായിരുന്നു. ദേശീയ ഗാന വിഷയത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്താൽ മേള നിർത്തിവെയ്ക്കും എന്നാണ് കമലെടുത്ത നിലപാട്. ഇത്ര കരുത്തുറ്റ ഒരു നിലപാട് ഒരു ചലച്ചിത്ര അക്കാദമി ചെയർമാനും എടുക്കേണ്ടി വന്നിട്ടില്ല. അതുകൊണ്ട് പിന്നീട് ഒരു പ്രശ്നങ്ങളും മേളയിൽ ഉണ്ടായിരുന്നില്ല. പിന്നെ ദേശീയ ഗാനം പാടുമ്പോൾ ആളുകൾ ഇരിക്കുകയോ നിൽക്കുകയോ ഒക്കെ ചെയ്തിട്ടുണ്ടാവും. പക്ഷെ അതൊന്നും ഒരു അറസ്റ്റിലേക്ക് നയിച്ചില്ല. അത് സംഘാടകരുടെ ശക്തമായ നിലപാട് മൂലമാണ്.

ദേശീയബോധത്തിനു രാഷ്ട്രീയപരമായ പല കാരണങ്ങളാലും വിള്ളലുകൾ വീണിട്ടുണ്ട്. അതേറ്റവും പരുക്ക് ഏറ്റത് വടക്കുകിഴക്കൻ മേഖലയിലാണ്. ഗാന്ധി, നെഹ്റു, ഭഗത് സിങ് എന്നിവരൊക്കെ ഇന്ത്യയിലെ മുഴുവൻ ജനതയ്ക്ക് പ്രിയപ്പെട്ടവനായിരുന്നു. സമ്പൂർണമായി നഷ്ടപ്പെട്ട് പോയ ഒന്നല്ല ദേശീയത.



• വൈവിധ്യങ്ങൾ നിറഞ്ഞൊരു രാജ്യത്തു ദേശീയത അടിച്ചേൽപ്പിക്കുന്നത്, അതിനെ ഇല്ലാതാക്കാനുള്ള ഒരു ശ്രമമല്ലേ, ഒരു അധിനിവേശം?

നമുക്ക് ഒരു ദേശീയതയുണ്ടായിരുന്നു. സ്വാതന്ത്ര്യ സമരം നടന്ന കാലത്ത് എല്ലായിടത്തും ഇന്ത്യയുടെ സ്വാതന്ത്ര്യം എന്നൊരു വികാരമുണ്ടായിരുന്നു. മഹാത്മാ ഗാന്ധി ഒരു ദേശീയ വികാരമായിരുന്നു. സുഭാഷ് ചന്ദ്ര ബോസ് ഒരു ദേശീയ വികാരമായിരുന്നു. അദ്ദേഹത്തെ കുറിച്ച് അറിയാൻ ആളുകൾ ഒക്കെ അക്ഷമരായിരുന്നു. മഹാത്മാ ഗാന്ധിയുടെ സഞ്ചയനത്തിനു ആളുകൾ കേരളത്തിലും ബലിയൊക്കെ ഇട്ടിരുന്നു. അതൊന്നും ആരും പറഞ്ഞിട്ട് ചെയ്തതല്ല. സ്വയം ചെയ്തതാണ്. നെഹ്രു മരിച്ച സമയത്ത് പൊട്ടിക്കരഞ്ഞ ആളുകളുണ്ട്. നെഹ്രുവിനു ശേഷം എന്താവും ഇന്ത്യയുടെ ഭാവി എന്നാലോചിച്ച് വിഷമിച്ചവരുണ്ട്. അത് സ്വാതന്ത്ര്യ സമരത്തിന്റെ ഫലമായുണ്ടായ ദേശീയതയായിരുന്നു. എന്റെ കുട്ടിക്കാലത്ത് സ്വാതന്ത്ര്യ ദിനത്തിൽ വീടുകളിൽ പതാക ഉയർത്തും. പക്ഷെ ഇന്നാരെങ്കിലും അങ്ങനെ ചെയ്യുന്നുണ്ടോ. ദേശീയബോധത്തിനു രാഷ്ട്രീയപരമായ പല കാരണങ്ങളാലും വിള്ളലുകൾ വീണിട്ടുണ്ട്. അതേറ്റവും പരുക്കേറ്റത് വടക്ക് കിഴക്കൻ മേഖലയിലാണ്. അവിടെ അവർ ഉയർത്തിയ മുദ്രാവാക്യം ഇന്ത്യൻ അധിനിവേശത്തിനു എതിരെയാണ്. ഇറോം ഷർമിളയടക്കം നടത്തിയ വ്യത്യസ്തത സമരങ്ങൾ, പഞ്ചാബിൽ നടന്ന സമരം, ഇതൊക്കെ അങ്ങനെയാണ്. തമിഴ്നാട്ടിൽ അണ്ണാദുരൈയുടെ കാലത്ത് നടന്ന തമിഴ് ദേശീയത എന്നൊരു വികാരം. ഗാന്ധി, നെഹ്റു, ഭഗത് സിങ് എന്നിവരൊക്കെ ഇന്ത്യ മുഴുവൻ ജനതയ്ക്ക് പ്രിയപ്പെട്ടവനായിരുന്നു. സമ്പൂർണ്ണമായി നഷ്ടപെട്ട പോയ ഒന്നല്ല ദേശീയത.

- പ്രാദേശിക വാദങ്ങൾക്ക് പിന്നിൽ സാംസ്കാരികമായ പ്രത്യേകതകളാണോ?

സാംസ്കാരികമായ പ്രത്യേകതകൾ അല്ല, മതമാണ് പ്രധാന ഘടകം. അവഗണിക്കപ്പെടുന്നു എന്ന് തോന്നുമ്പോൾ സംഭവിക്കുന്ന ഒന്നാണ് അത്. എന്തായാലും പേര് കെട്ടിരിക്കുന്ന ഒരു പ്രതിഭാസമാണ് ഇന്നത്തെ ദേശീയത. ഗാന്ധിയെ പോലെയോ, ജയ്പ്രകാശ് നാരായണിനെ പോലെയോ ഇന്ത്യയെ സ്വാധീനിക്കുന്ന ഒരു നേതാവിന്നില്ല. ഇന്ദിരാഗാന്ധിയ്ക്ക് പോലും സാധിച്ചിട്ടില്ല. അധികാരത്തിനെതിരെയുള്ള സമരത്തിന്റെ ആളായിരുന്നു ജയപ്രകാശ് നാരായണൻ. അദ്ദേഹത്തിന് ശേഷം അങ്ങനെ ഒരു നേതാവില്ല ഇന്ത്യയിൽ.

- അവഗണിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ അടുത്ത് നമുക്ക് എങ്ങനെയാണു ദേശീയതയെപ്പറ്റി സംസാരിക്കാനാവുക?

ഡോ. ബിജുവിന്റെ പുതിയ ചിത്രം കാട് പോകുന്ന നേരം ഈ വിഷയമാണ് ചർച്ച ചെയ്യുന്നത്. മാവോയിസ്റ്റ് വേട്ട എന്നും പറഞ്ഞു ഒരു സ്കൂളിൽ പോലീസ് തമ്പടിക്കുകയാണ്. അത് കുട്ടികൾക്ക് ഇഷ്ടപ്പെടുന്നില്ല. അവർ കല്ലെടുത്തെറിയും. അത് മാവോയിസ്റ്റ് ആക്രമണമെന്ന് പോലീസ് ധരിപ്പിക്കുകയാണ്. അത് സത്യത്തിൽ സ്കൂൾ കയ്യേറിയതിലുള്ള കുഞ്ഞുങ്ങളുടെ ദേഷ്യമാണ്. പിടിക്കപ്പെടുന്ന ഒരു മാവോയിസ്റ്റ് സ്ത്രീയുടെ ചോദ്യങ്ങൾക്ക് മുൻപിൽ പോലീസിന് ഉത്തരമില്ല. സി.പി.ഐയുടെ നിലപാട് നിലമ്പൂർ വിഷയത്തിൽ നല്ലൊരു നിലപാടായിരുന്നു. ബിനോയ് വിശ്വം കുപ്പുദേവരാജിന്റെ കുടുംബത്തെ കാണാൻ പോയി. മാവോയിസ്റ്റ് പ്രവർത്തകർ പറയുന്നതെന്ത് എന്ന് ശ്രദ്ധിക്കണമെന്ന് കാനം രാജേന്ദ്രൻ പറയുന്നുണ്ട്. അവരെയും രാഷ്ട്രീയ പ്രവർത്തകരായി വേണം കാണാൻ. ചെങ്ങറയിൽ ഇപ്പോഴും നടക്കുന്ന സമരം. മുത്തങ്ങയിൽ അടിച്ചമർക്കപ്പെട്ട സമരം. കേരളത്തിൽ ഇപ്പോൾ നടക്കുന്ന അരിപ്പയിലേത് പോലുള്ള സമരം പരിഹരിക്കപ്പെടാത്ത ഭൂപ്രശ്നങ്ങൾ കേരളത്തിലുണ്ട് എന്നതിന്റെ തെളിവാണ്. ഭൂസമരങ്ങൾ എവിടെയൊക്കെ നടക്കുന്നുണ്ടോ അവിടെയെല്ലാം മാവോയിസ്റ്റ് സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ബീഹാറിലും ആന്ധ്രാപ്രദേശിലും ഒക്കെ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ ഏകദേശം പകുതിയിലധികം ഭൂമി പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാവാം ശക്തമായ ഒരു സാന്നിധ്യമായി മാറാൻ മാവോയിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് സാധിക്കാത്തത്. ഭൂമി പ്രശ്നങ്ങളൊക്കെ പരിഹരിക്കാതെ ദേശീയതയെക്കുറിച്ചോ, ഫെഡറൽ സംവിധാനത്തെക്കുറിച്ചോ സംസാരിച്ചിട്ട് കാര്യമില്ല. മരിച്ചാൽ അടക്കാൻ ആറടി മണ്ണ് എന്ന ആവശ്യത്തിൽ സംക്ഷിപ്തമാണ് അവരുടെ ദേശീയത. അവരുടെ കൈയ്യിൽ നിന്നും പിടിച്ചെടുത്ത ഭൂമി അവർക്ക് തിരിച്ച് കൊടുക്കുക എന്നതാണ് ചെയ്യേണ്ടത്.



ഭൂമി പ്രശ്നങ്ങളൊക്കെ പരിഹരിക്കാതെ ദേശീയതയെക്കുറിച്ചോ, ഫെഡറൽ സംവിധാനത്തെക്കുറിച്ചോ സംസാരിച്ചിട്ട് കാര്യമില്ല. മരിച്ചാൽ അടക്കാൻ ആറടി മണ്ണ് എന്ന ആവശ്യത്തിൽ സംക്ഷിപ്തമാണ് അവരുടെ ദേശീയത. അവരുടെ കൈയ്യിൽ നിന്നും പിടിച്ചെടുത്ത ഭൂമി അവർക്ക് തിരിച്ച് കൊടുക്കുക എന്നതാണ് ചെയ്യേണ്ടത്.

• കേരളത്തിലെ ഒരു സാഹചര്യത്തിൽ പ്രതീക്ഷയുള്ള ഒരു ഭരണകൂടമാണിപ്പോൾ നിലവിലുള്ളത്. പക്ഷേ, നിലമ്പൂർ വിഷയത്തിൽ ഭരണകൂട നിലപാട് നിരാശാജനകമായിരുന്നെന്ന് തോന്നുണ്ടോ?

മാവോ സെ തുങ് ഒരുപാട് സ്വപ്നങ്ങളുള്ള ഒരു കവിയായിരുന്നു. പട്ടിണി കിടന്ന ഒരു രാജ്യത്തെ പട്ടിണിയിൽ നിന്നുമുയർത്തിയ ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം.

രാഷ്ട്രീയവും കവിതയും ഒരുപോലെ കൊണ്ടുനടന്ന ഒരുപാട് പേരുണ്ട്. നെരൂദ, ഹോച്ച്മിൻ ഇവരൊക്കെ തന്നെ. ചെ പോലും അത്യാവശ്യം കവിത ഇഷ്ടപ്പെടുകയും എഴുതുകയും ചെയ്ത ഒരാളാണ്. അങ്ങനെയുള്ളവരുടെ സാന്നിധ്യം ഇന്ന് ഇന്ത്യയിലുണ്ട്. ജനപക്ഷ പോരാട്ടങ്ങളിൽ ഇവരെല്ലാം ഒന്നിച്ചാണ്. സർക്കാരും ഇതിൽ അണിചേരുന്നുണ്ട്. നല്ലൊരു ഐക്യം രൂപപ്പെട്ടുവരുന്നുണ്ട്. രാജ്യത്തിന്റെ ഭാവിയെ സ്വാധീനിക്കാവുന്ന, പരീക്ഷിക്കാവുന്ന ഒരു സംഗതിയാണ് ഇടതുപക്ഷ ഐക്യം. പക്ഷേ, അവസാന വാക്കൊന്നുമല്ല.

• മതം വളരെ പരസ്യമായി ചർച്ചചെയ്ത് പോരുന്ന ഈ കാലത്ത് പ്രീണനമില്ലാതെ രാഷ്ട്രീയം സാധ്യമാണ് എന്ന് കരുതാമോ?

മതമോ ജാതിയോ ഇല്ലാത്ത ഒരുപാട് മനുഷ്യരുണ്ട്. അങ്ങനെയുള്ള രാഷ്ട്രീയകക്ഷികളുമുണ്ട്. അവർ ഒന്നിച്ച് വന്നാൽ സാധ്യമാണ്. അവിടെ വർഗീയതയ്ക്കോ മതങ്ങൾക്കോ സ്ഥാനമുണ്ടാവില്ലല്ലോ. മറ്റു രാഷ്ട്രീയ കക്ഷികൾ ചെയ്യാൻ മടിക്കുന്ന പലതും അവർക്ക് ചെയ്യാനാവും.

• കേരളത്തിൽ മതം മുമ്പൊന്നും  ഇല്ലാത്ത തരത്തിൽ ചർച്ചചെയ്യപ്പെടുന്നു എന്ന് തോന്നുണ്ടോ?

തീർച്ചയായും. പക്ഷേ മതത്തിന് അതീതമായ ഒരു ചർച്ചയും നടക്കുന്നുണ്ട്. ജാതിയും മതവുമല്ല പ്രധാനം എന്ന മുദ്രാവാക്യമുള്ള ഒരു ജാഥ ഞങ്ങൾ നടത്തിയിരുന്നു. കാസർഗോഡ് മുതൽ കന്യാകുമാരി വരെ. സമൂഹത്തിൽ അങ്ങനെയൊരു ചർച്ച നടക്കുന്നത് കൊണ്ടാണ് നമുക്ക് അതിനുള്ള ഊർജ്ജം ലഭിക്കുന്നത്.

• മതരഹിതമായ ഒരു കേരളമാണ് മാഷിന്റെ സ്വപ്നം എന്നൊരിക്കൽ പറഞ്ഞിട്ടുണ്ടല്ലോ. ആ സ്വപ്നം എവിടെ എത്തി നിൽക്കുന്നു എന്നാണ് മാഷിന് തോന്നുന്നത്?

മതം നമുക്ക് ഒരു സുപ്രഭാതത്തിൽ പിരിച്ചുവിടാൻ സാധിക്കില്ല. പിരിച്ചുവിട്ടാൽ മതത്തിനും യൂണിയനുണ്ടാകും. പക്ഷേ, മതത്തിന് അതീതമായ ഒരു

ജാതിയും മതവും അന്വേഷിച്ചിട്ടാണോ നമ്മൾ രക്തം കൊടുക്കുന്നത്, സ്വീകരിക്കുന്നത്? അമിതമതവിശ്വാസത്തിനു പരുക്കുണ്ടാക്കിയിട്ട് മനുഷ്യത്വത്തിനു പ്രധാന്യം നൽകുന്ന ഒരു ജീവിത രീതിയിലേക്ക് എത്തിക്കാൻ ഈ മതാതീത ചിന്തകൾക്ക് സാധിക്കും.

ജീവിത ശൈലി നമുക്കുണ്ടാക്കിയെടുക്കാൻ സാധിക്കും. ഉദാഹരണത്തിന് അവയവദാനം. ഒരു മതവും അവയവദാനത്തിനെക്കുറിച്ച് പറയുന്നില്ല. ദാനം മഹത്തരമാണെന്ന് തുടങ്ങി, പണത്തിൽ അധിഷ്ഠിതമായ ദാനത്തെപ്പറ്റി  ഒക്കെ പറഞ്ഞിട്ടുണ്ട്. കണ്ണ് ദാനം ചെയ്യാനോ, കരൾ ദാനം ചെയ്യാനോ പറഞ്ഞിട്ടില്ല. ശാസ്ത്രം പഠിച്ചതുകൊണ്ടാണ് അവയവദാനത്തിനെ കുറിച്ച് നാം അറിഞ്ഞത്. ഇതൊരു മതാതീത ചിന്തയുള്ളതുകൊണ്ടാണ്. ജാതിയും മതവും അന്വേഷിച്ചിട്ടാണോ നമ്മൾ രക്തം കൊടുക്കുന്നത്, സ്വീകരിക്കുന്നത്? അമിതമതവിശ്വാസത്തിനു പരുക്കുണ്ടാക്കിയിട്ട് മനുഷ്യത്വത്തിനു പ്രധാന്യം നൽകുന്ന ഒരു ജീവിത രീതിയിലേക്ക് എത്തിക്കാൻ ഈ മതാതീത ചിന്തകൾക്ക് സാധിക്കും.

മതത്തിന്റെ സൗകര്യം അനുസരിച്ചാണ് അത് നിർദേശങ്ങൾ കൊടുക്കുന്നത്. വേണമെങ്കിൽ നിങ്ങൾ അവയവം സ്വീകരിച്ചോളൂ, കൊടുക്കേണ്ട

എന്ന് അടുത്താരോ പറഞ്ഞത് നമ്മൾ കേട്ടില്ല. ജനാധിപത്യത്തിന്റെ മുഴുവൻ സാധ്യതകളും അനുഭവിക്കുക, മതത്തിന്റെ പരിരക്ഷ അനുഭവിക്കുക. അത് ദൈവനിഷേധമാണെന്ന് ആരും പറയുന്നില്ലല്ലോ.

അധിനിവേശനത്തിന്റെ ഒരു കാലത്താണിപ്പോൾ നാം. കടംകൊള്ളൽ അല്ലെങ്കിൽ കീഴടങ്ങൽ!

സ്വത്വം നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന ഒന്നാണ് ഇപ്പോൾ മലയാളി. കടമെടുത്ത് മാത്രമേ ഭാഷയ്ക്ക് വളരാനൊക്കൂ. പക്ഷേ, നമ്മുടെ മലയാളം എവിടെ പോയി. ഒരു ഏകികൃത രൂപമുണ്ടോ. കേരളം എന്നല്ലേ. കേരള, കേരൾ എന്നും ഉപയോഗിക്കുന്നുണ്ടല്ലോ. കൊച്ചി എന്നും കൊച്ചിൻ എന്നും കേൾക്കാം. ഭാഷാപരമായ ഒരു അവഗണനയുണ്ട്. പ്രകൃതിയോട് ഒരു അവഗണനയുണ്ട്. ഒരു തുള്ളി വെള്ളം പോലും ഒഴുകാത്ത നദികൾക്ക് മേൽ പാലങ്ങളുണ്ട്. പാലങ്ങൾ മാത്രമേയുള്ളൂ. പ്രകൃതിവിരുദ്ധ പ്രവൃത്തികളുടെ ഫലമാണിതൊക്കെ. പരമാവധി മരമൊക്കെ ഒഴിവാക്കിയാണ് ഞാൻ ഈ വീട് വെച്ചത്. കേരളത്തിന്റെ നേരെ ഉച്ചിയിൽ ഓസോൺ പാളിയിൽ വലിയൊരു വിള്ളൽ കണ്ടെത്തിയാലും അത്ഭുതപ്പെടേണ്ട കാര്യമൊന്നുമില്ല. ആ രീതിയിലാണ് നമ്മുടെ ചൂഷണം. അതുപോലെ ആഹാരത്തിന്റെ കാര്യത്തിൽ. വെളിച്ചെണ്ണ ഉപയോഗിക്കരുതെന്ന പരസ്യത്തിൽ നമ്മളെല്ലാം വീണുപോയി. വെളിച്ചെണ്ണ തന്നെയാണ് നല്ലതെന്ന് ആളുകൾ ഒക്കെ ഇപ്പോൾ പറയുന്നുമുണ്ട്. കേരളീയ ഭക്ഷണം ഒഴിവാക്കുന്നതിൽ നമ്മൾ വിജയിച്ചിരിക്കുകയാണ്.

- എന്തോ ഒരു കുറവുണ്ടെന്ന ധാരണയിൽ നിന്നല്ലേ ഈ കടമെടുക്കൽ തുടങ്ങുന്നത്?

മലയാളത്തെക്കാൾ ശ്രേഷ്ഠ ഭാഷ ഇംഗ്ലീഷാണെന്ന് തോന്നിയത് മലയാളി ഒരിച്ച് തുടങ്ങിയപ്പോഴാണ്. മലയാള അക്കം വേണ്ടെന്ന് വെച്ചത് ഇംഗ്ലീഷുകാരനല്ല. സൗകര്യപ്രദമായിരുന്ന അക്കങ്ങളായിരുന്നു അത്. അതിപ്പോഴില്ല. മറ്റു പ്രാദേശിക ഭാഷകളിൽ ഒക്കെ ഇപ്പോഴും അവരുടെ അക്കങ്ങൾ ഉപയോഗിക്കുന്നുണ്ട്. മലയാളം അക്കം പഠിപ്പിക്കുമ്പോഴുമില്ല. പ്രത്യേകിച്ച് ഒരു കുറവുമുണ്ടായിട്ടല്ല കുറവുകളുണ്ടെന്നത് നമ്മുടെ മിഥ്യാ ധാരണയാണ്. ഇംഗ്ലീഷ് പഠിച്ചാൽ മാത്രമേ നമ്മുടെ കുട്ടികൾ മിടുക്കരാകൂയെന്ന തെറ്റായ ഒരു ധാരണ. മലയാളം സംസാരിച്ചാൽ ഫൈൻ അടിക്കുന്ന വിദ്യാലയങ്ങളുണ്ട്. വീട്ടിൽ പോലും മലയാളത്തിൽ സംസാരിക്കാൻ പാടില്ലെന്നാണ് ചട്ടം. ഇതൊക്കെ മാറണമെങ്കിൽ ഇച്ഛാശക്തിയുള്ള ഒരു ഭരണകൂടമുണ്ടാകണം. അൻപഴകൻ എന്നൊക്കെ തമിഴ്നാട്ടുകാർ കുട്ടികൾക്ക് പേരിടും. അതൊരു പ്രാദേശികവാദമൊന്നുമല്ല. പുച്ഛത്തോടെ നോക്കേണ്ട കാര്യവുമില്ല.

**കടമെടുത്ത് മാത്രമേ ഭാഷയ്ക്ക് വളരാനൊക്കൂ. പക്ഷേ നമ്മുടെ മലയാളം എവിടെ പോയി. ഒരു ഏകികൃത രൂപമുണ്ടോ. കേരളം എന്നല്ലേ. കേരള, കേരൾ എന്നും ഉപയോഗിക്കുന്നുണ്ടല്ലോ. കൊച്ചി എന്നും കൊച്ചിൻ എന്നും കേൾക്കാം.**

- നമ്മുടെ കലാലയങ്ങളും ഒരുപാട് മാറിപ്പോയില്ലേ?

സാഹിത്യം പഠിപ്പിക്കുന്നതിന് പകരം കമ്യൂണിക്കേറ്റ് ചെയ്യാനുള്ള ഇംഗ്ലീഷ് അല്ലേ നമ്മൾ ഇപ്പോൾ പഠിപ്പിക്കുന്നത്. ഈ ഇംഗ്ലീഷ് പഠിച്ചിട്ട് ഗൾഫിലോട്ട് പോയിട്ട് ഒന്നും ഒരു കാര്യവുമില്ല. നമ്മൾ മലയാളികൾ ആംഗ്യഭാഷ അറിയാവുന്നതു കൊണ്ട് പിടിച്ച് നിൽക്കുകയാണ്.

മലയാളം സാഹിത്യം പഠിപ്പിക്കുന്നില്ല. ഒരു പരാതി പോലും എഴുതികൊടുക്കാനാവുന്നില്ല. ഇച്ഛാശക്തിയുള്ള ഒരു ഭരണകൂടം വന്നാൽ ഇതിനൊരു പരിഹാരമുണ്ടാകും. സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നതൊക്കെ സങ്കടകരം എന്നേ പറയാനാവൂ.

- കലാലയങ്ങളിൽ ഇപ്പോഴുള്ള വിദ്യാർത്ഥി രാഷ്ട്രീയത്തെക്കുറിച്ചുള്ള മാഷിന്റെ കാഴ്ചപ്പാട് ഒന്ന് പറയാമോ?

വോട്ടവകാശമുള്ള, രാഷ്ട്രീയ ബോധമുള്ള കുട്ടികളല്ലേ നിങ്ങളൊക്കെ. രാഷ്ട്രീയ ബോധമുള്ള ഒരാൾ തീർച്ചയായും നല്ലൊരാളായിരിക്കും. ഒരു സുഹൃത്ത് അപകടത്തിലാവുമ്പോൾ ആശുപത്രിയിൽ കൊണ്ടുപോവാൻ തോന്നണമെ




ങ്കിൽ സഹജീവിയോട് ഒരു സ്നേഹം തോന്നണം. അതിനു ഏറ്റവും നല്ല മാർഗം രാഷ്ട്രീയ പ്രവർത്തനമാണ്. അടിമകളെ സൃഷ്ടിക്കാൻ വേണ്ടിയാണ് രാഷ്ട്രീയം നിരോധിച്ചത്. രാഷ്ട്രീയത്തിന് ബദലായി അവർ മുന്നോട്ട് വെയ്ക്കുന്ന ഒന്നും അനുസരിക്കരുത്. സാംസ്കാരിക കൂട്ടായ്മകളുണ്ടാക്കണം. പുസ്തകങ്ങൾ വായിക്കണം. അതൊരു രാഷ്ട്രീയമാണ്. നിങ്ങളുടെ ഇച്ഛാശക്തിയനുസരിച്ചിരിക്കും എല്ലാം. കാലടി സർവ്വകലാശായിൽ ഫാസിസത്തിന് എതിരെ ഗവേഷണ വിദ്യാർഥികൾ ഒരു സെമിനാർ സംഘടിപ്പിച്ചു. ഞാനായിരുന്നു മുഖ്യാതിഥി. അധികാരികൾ അത് തടഞ്ഞു. വലിയ വാർത്തയൊക്കെയായി. മാധ്യമങ്ങളും പോലീസും ഒക്കെ ഉണ്ടായിരുന്നു. ആ കുട്ടികൾ അത് നടത്തി.അത് അവരുടെ ഇച്ഛാശക്തിയായിരുന്നു. അത് നിങ്ങൾക്കുണ്ടാകണം. സർക്കാരുകൾ അവരുടെ പരിപാടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കാൻ ശ്രമിക്കും. അതനുവദിക്കരുത്. കനയ്യകുമാർ ഇപ്പോൾ ഇന്ത്യ മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന ഒരാൾ  അല്ലേ. തലയ്ക്ക് വില പറഞ്ഞിരിക്കുകയല്ലേ. ആ ചെറുപ്പക്കാരനെ ഞാൻ ആവേശം കൊണ്ട് അവിടെ പോയി കണ്ടു.

- ജാതിവ്യവസ്ഥയ്ക്കെതിരെ പോരാടിയ രക്തസാക്ഷി രോഹിത് വെമുലയുടെ ചിത്രത്തിലേക്കാണല്ലോ ഈ വീട്ടിൽ വന്ന് കയറുമ്പോൾ തന്നെ കാഴ്ച പതിയുന്നത്?

സ്വാതന്ത്ര്യ സമരകാലത്ത് ഒരു പൊതു സമര വേദിയുണ്ടായിരുന്നു. ഞാൻ ക്യാംപസിൽ

പഠിക്കുന്നത് എഴുപതുകളിലാണ്. അന്നൊന്നും വർഗീയ കക്ഷികൾക്ക് ക്യാംപസിൽ വലിയ സ്വാധീനമില്ല. എൺപതുകൾക്ക് ശേഷമാണ് കേരളത്തിൽ കലയാളങ്ങളിൽ വർഗീയത പടരുന്നത്. സമരങ്ങളുടെ കാലമാണ് എന്റേതൊക്കെ. വിമോചനസമരം ഒന്നും ഒരു സമരം അല്ല. അതൊരു പിന്തിരിപ്പൻ പ്രവൃത്തിയായിരുന്നു. മലയാളം അറിയാത്ത രാഷ്ട്രപതി, എഡിറ്റോറിയൽ വായിച്ചു സർക്കാരിനെ പിരിച്ചുവിടേണ്ടതിനു, ഒരു മലയാളം പത്രം ഇംഗ്ലീഷിൽ എഡിറ്റോറിയൽ എഴുതിയത് പോലുള്ള ഒരു സ്വാർത്ഥ ലക്ഷ്യത്തോടെയുള്ള ഒന്ന്.

രോഹിത് വെമുല പറയുന്നുണ്ടല്ലോ, തന്റെ ജന്മം അപകടകരമായിരുന്നു എന്ന്. അപ്പോൾ ജന്മം തന്നെ പ്രശ്നമാണ്. ജീവിക്കാനുള്ള അവസരം പോലും കിട്ടിയിട്ടില്ല. കേരളത്തിൽ പ്രത്യക്ഷത്തിൽ അത്ര രൂക്ഷമായ ജാതിവ്യവസ്ഥയില്ലാതെ പോയത് നമ്മുടെ സാമൂഹിക മുന്നേറ്റങ്ങൾ കൊണ്ട് തന്നെയാണ്. അമ്പലത്തിൽ കയറ്റാൻ നിരാഹാരമിരുന്നയാളാണ് എ.കെ.ഗോപാലൻ. വോട്ട് ഒരു വിഷയമായതുകൊണ്ട് ഇന്ന് ആരും ജാതിക്കെതിരെ ശക്തമായ നിലപാട് എടുക്കില്ല. അങ്ങനെ അല്ലാത്തവരുമുണ്ട്. ജാതിവാലൊക്കെ ഉപയോഗിക്കാതിരിക്കാം. അതുപേക്ഷിക്കാമല്ലോ. സവർണ സമൂഹം മാത്രമല്ലേ ജാതി എടുത്തു പറയുന്നുള്ളൂ. മഞ്ജു വാരിയർ അല്ലേ ഉള്ളൂ. മഞ്ജു പുലയൻ ഇല്ലല്ലോ. ഉണ്ടെങ്കിൽ അതൊരു തെറിയുമാണ്. മുടി വെട്ടണമെങ്കിൽ നല്ല കലാബോധം വേണം. ബഹുമാനിക്കേണ്ടയാളാണ് ക്ഷുരകൻ. അയാളുടെ ജാതിപ്പേര് തൊഴിലിനെ സൂചിപ്പിക്കാനുപയോഗിച്ച് തെറിയാക്കി മാറ്റിയിരിക്കുകല്ലേ സവർണ സമൂഹം. എത്രയൊക്കെ മാറിയാലും കുലത്തൊഴിലിന്റെ പേരിൽ ഒതുക്കി നിർത്താനുള്ള ശ്രമമാണ്. അതനുവദിക്കരുത്.



• ഞങ്ങളുടെ തലമുറയ്ക്ക് ശക്തമായ ഒരു മുദ്രാവാക്യം പോലുമില്ലല്ലോ.?

അടിയന്തരാവസ്ഥക്കാലമാണ് എന്റെ ഓർമയിൽ ശക്തമായ മുദ്രാവാക്യങ്ങളുടെ കാലം. ഒരുപാട് പ്രതിഭകൾ അന്നുണ്ടായിരുന്നു. റാങ്കൊക്കെ വാങ്ങിക്കുന്ന വിദ്യാർഥികൾ ഒക്കെ രാഷ്ട്രീയത്തിൽ സജീവമായിരുന്നു. അറിവിന്റെ കാലം. ഒരു മതരഹിതമായ രാഷ്ട്രീയ മുന്നേറ്റമുണ്ടായാൽ മാത്രമേ ഈ ക്യാംപസിലെ മുദ്രാവാക്യം അടുത്ത ക്യാംപസിലേക്കും പടരൂ. അതിനാണ് നിങ്ങൾ ശ്രമിക്കേണ്ടത്.

• മുദ്രാവാക്യങ്ങൾ മാത്രമല്ലല്ലോ. ഏറ്റു പാടാൻ ഒരു പാട്ട് പോലുമില്ല ഈ തലമുറയ്ക്ക്!

കൃഷി സ്ഥലങ്ങളൊക്കെ നഷ്ടപ്പെടുമ്പോൾ പാടികേട്ട ഒരു പാട്ടുണ്ട്,

തെയ്യത്തിനന്തോം താര തിത്തക
തെയ്യത്തിനന്തോം താര
തെയ്യത്തിനന്തോം താര തിത്തക
തെയ്യത്തിനന്തോം താര
ചെറുകുത്തി വരമ്പിട്ട കാലത്തു
തമ്പുരാനില്ല വരമ്പേല്
ഹോയ് തമ്പുരാനില്ല വരമ്പേല്
വെള്ളം ചിറ വെട്ടിയൊഴിച്ചോരു കാലത്ത്
തമ്പുരാനില്ല വരമ്പേല്
ഹോയ് തമ്പുരാനില്ല വരമ്പേല്
വിത്ത് വാരി വിതച്ചോരു കാലത്ത്
തമ്പുരാനില്ല വരമ്പേല്
ഹോയ് തമ്പുരാനില്ല വരമ്പേല്
എന്റപ്പൻ രാത്രി കാവല് നിന്നപ്പോ
തമ്പുരാനില്ല വരമ്പേല്
ഹോയ് തമ്പുരാനില്ല വരമ്പേല്
മുണ്ടകൻചുണ്ട് ചുവക്കണ കാലത്ത്,
കൊയ്ത്താറായി...
തമ്പുരാനുണ്ട് വരമ്പേൽ
ഇപ്പോൾ തമ്പുരാനുണ്ട് വരമ്പേൽ
തൊണ്ണൂറായിരം കൊയ്തോണ്ട് നിന്നപ്പോഴേ
കുടചൂടി തമ്പുരാനുണ്ട് വരമ്പേൽ
ഇപ്പോൾ തമ്പുരാനുണ്ട് വരമ്പേൽ
തമ്പുരാൻ എന്റെ പിടിത്താല
കണ്ടപ്പോഴേ പമ്പരം പോലെ ഒരു കണ്ണുരുട്ട്
ഹോയ് പമ്പരം പോലൊരു കണ്ണുരുട്ട്
തെയ്യത്തിനന്തോം താര തിത്തക
തെയ്യത്തിനന്തോം താര

- ഇങ്ങനെ പാടികേട്ട വേറെയൊന്ന് പാടാമോ?

ഒന്ന് വേറെ ഒന്നിനെയാണ് അവലംബിച്ചു ജീവിക്കുന്നത് എന്ന് സൂചിപ്പിക്കുന്ന ഒന്നുണ്ട്

മണ്ണേ നമ്പി മരമിരുക്ക്
ഐലൈലസാ
മരത്തെ നമ്പി കൊമ്പിര്ക്ക്
ഐലൈലസാ
കൊമ്പേ നമ്പി ഇലയിര്ക്ക്
ഐലൈലസാ
ഇലയെ നമ്പി മൊട്ടിരിക്ക്
ഐലൈലസാ
മൊട്ടേ നമ്പി പൂവിരുക്ക്
ഐലൈലസാ
പൂവേ നമ്പി കായിരുക്ക്
ഐലൈലസാ
കായേ നമ്പി കനിയിര്ക്ക്
ഐലൈലസാ
കനിയെ നമ്പി കിളിയിരുക്ക്
ഐലൈലസാ
കിളിയെ നമ്പി ഞാനിരുക്ക്
ഐലൈലസാ
എന്നെ നമ്പി ഉണ്മണിയിറക്ക്
ഐലൈലസാ ..

- സാമൂഹിക യാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന എന്തെഴുതിയാലും ഇന്ന് സാഹിത്യകാരന്മാർ ചോദ്യം ചെയ്യപ്പെടുകയാണല്ലോ. വലിയ വിവാദം ഉണ്ടാകുന്നു. അടുത്ത കാലത്ത് പെരുമാൾ മുരുകൻ പറഞ്ഞത് തന്നെ, ഇപ്പോൾ എന്തെഴുതിയാലും എന്റെ ഉള്ളിൽ സെൻസറിങ് നടക്കുന്നു എന്നാണ്. മാഷിന് അങ്ങനെ തോന്നുണ്ടോ.?

സാംസ്കാരിക ഫാസിസിസ്റ്റുകൾ നമ്മളെ കീഴടക്കാൻ ശ്രമിക്കുമ്പോൾ, അതിനെതിരെ ഉള്ള ഒരു മാർഗം എഴുത്താണ്. വേറെ ഒന്ന് ജീവിതമാണ്.

ജീവിച്ച് കാണിച്ച് കൊടുക്കുക. എല്ലാവർക്കും അത് സാധിക്കില്ല. ഭരണകൂടങ്ങൾ നടത്തുന്ന കയ്യേറ്റങ്ങളെ അനുവദിക്കരുത്. സമരമാണ് മാർഗം. ചെറുപ്പക്കാരാണ് ഇതിനെതിരെ ആദ്യം എതിർക്കേണ്ടതാണ്. സമ്പൂർണ സമാധാനത്തോടെ നമുക്ക് ജീവിക്കാനാകുമോ.

**സാംസ്കാരിക ഫാസിസിസ്റ്റുകൾ നമ്മളെ കീഴടക്കാൻ ശ്രമിക്കുമ്പോൾ, അതിനെതിരെ ഉള്ള ഒരു മാർഗം എഴുത്താണ്. വേറെ ഒന്ന് ജീവിതമാണ്. ജീവിച്ച് കാണിച്ച് കൊടുക്കുക.**

• അധികാരത്തിലെത്തുമ്പോൾ പക്ഷേ പലപ്പോഴും രാഷ്ട്രീയ നിലപാടുകളിൽ വ്യത്യാസങ്ങൾ ഉണ്ടല്ലോ. ദേശീയ ഗാനത്തിന്റെ സമയത്ത് തിയറ്ററുകളിലും എല്ലാവരും എഴുന്നേറ്റ് നിൽക്കണം എന്ന് പറഞ്ഞത് കേരളത്തിൽ ഇപ്പോഴുള്ള മന്ത്രിസഭയിലെ ഒരംഗമാണ്.

അധികാരത്തിലെത്തുമ്പോൾ ഭരണവർഗ സ്വഭാവം കടന്നു വരും. അതിനെ നേരിടാൻ ഒരു ഇച്ഛാശക്തി വേണം. 1957-ൽ കാസർഗോഡ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ള ഒരിടം ഉദ്ഘാടനം ചെയ്യാൻ ജോസഫ് മുണ്ടശ്ശേരി പോയി. അവിടെ ചെന്നപ്പോൾ ആ നഗറിന്റെ പേര് കൃഷ്ണനഗർ എന്നിടണം എന്നാവശ്യപ്പെട്ട് കുറെ ഹിന്ദു മതസ്ഥർ വന്നു. ഇതറിഞ്ഞ് കുറച്ച് ഇസ്ലാം മതസ്ഥർ വന്ന് അവർക്ക് ഇഷ്ടമുള്ള ഒരു പേരിടണം എന്ന് വന്ന് ആവശ്യപ്പെട്ടു. അവസാനം മുണ്ടശ്ശേരി, ഇതൊരു വിദ്യയുമായി ബന്ധപ്പെട്ട സ്ഥലമല്ലേ എന്നും പറഞ്ഞ് വിദ്യനഗർ എന്ന് പേരിട്ടു. ഇച്ഛാശക്തിയുള്ള ഒരു രാഷ്ട്രീയ നേതൃത്വമുണ്ടെങ്കിൽ അങ്ങനെയാണ്.

• ഒരുപാട് സാഹിത്യകാരന്മാർ സാംസ്കാരിക ഫാസിസത്തിനെതിരെ പ്രതികരിച്ച പുരസ്കാരങ്ങൾ തിരിച്ചു കൊടുത്താലോ. പക്ഷെ, മാഷ് അതിനേക്കാൾ ഒക്കെ എത്രയോ മുൻപ് ദൈവത്തിന്റെ പേരിലുള്ള ഒരു പുരസ്കാരം എന്ന നിലയിൽ പത്മനാഭസ്വാമി പുരസ്കാരം നിഷേധിച്ച ആളാണ്. എഴുത്തുകാർക്ക് വലിയൊരു സ്വാധീന ശക്തിയാകാൻ കഴിയുമല്ലോ?

സാഹിത്യ അക്കാദമി ഒരു സെക്കുലർ സ്വഭാവമുണ്ടാകേണ്ടി ഇരിക്കുന്ന ഒന്നാണ്. അപ്പോൾ ഒരു പ്രത്യേക മതത്തിന്റെ ദൈവത്തിന്റെ പേരിലുള്ള പുരസ്കാരം കൊടുക്കുന്നത് ശരിയല്ല. ഞാൻ അത് നിഷേധിച്ചു. കുറച്ച് കാലത്തേക്ക് ആ പുരസ്കാരം ഉണ്ടായിരുന്നില്ല. ഇന്ന് വീണ്ടും തിരിച്ച് വന്നു. ഇടതുപക്ഷ സർക്കാർ അല്ലെ ഇപ്പോൾ, അത് റദ്ദാകാൻ ഇച്ഛാശക്തിയുണ്ടാകുമോ എന്ന് നോക്കാം. ഞാൻ അത് സ്വീകരിച്ചില്ലല്ലോ എന്നൊരു ആശ്വാസം എങ്കിലും ഉണ്ട്.

ഒരുപാട് ആളുകൾ ഇതിനും മുൻപേ പുരസ്കാരങ്ങൾ നിഷേധിച്ചിട്ടുണ്ട്. പക്ഷേ പത്മനാഭസ്വാമി പുരസ്കാരം നിഷേധിച്ചത് ഇപ്പോഴും ആളുകൾ എന്നെ ഓർമിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മതേതര ചിന്തകളിൽ മനുഷ്യന്മാർക്ക് താത്പര്യമുള്ളത് കൊണ്ടല്ലേ അത്.

എഴുത്തുകാർക്ക് സമൂഹത്തെ മാറ്റിമറിക്കാൻ ഒന്നും സാധിക്കില്ല. സമൂഹത്തെ പ്രതിഫലിപ്പിക്കാനേ സാധിക്കുകയുള്ളൂ. നിത്യജീവിതത്തെ സ്വാധീനിക്കാൻ കഴിയും. എല്ലാ ദിവസവും ഞാൻ ഒരു കവിത ഫേസ്ബുക്കിൽ ഷെയർ ചെയ്യും. വലിയ സന്തോഷമാണ്. എല്ലാ ദിവസവും ഞാൻ ഒരു കവിത വായിക്കുന്നു. അത് ഇരുനൂറിലേറെ പേർ കവിത വായിക്കും. ഞാൻ അനുഭവിക്കുന്ന സന്തോഷം മറ്റൊരാൾ കൂടി അനുഭവിക്കണം എന്നൊരു തോന്നലുണ്ട്. ഇഷ്ടപെടുന്ന ഒരു കവിത മറ്റൊരാൾക്ക് കൂടി പകർന്ന് കൊടുക്കുകയാണ്. പെൺകുട്ടികളുടെ വലിയൊരു കടന്നുവരവുണ്ട് ഇന്ന് സാഹിത്യത്തിൽ. സോഷ്യൽ മീഡിയയക്ക് ഒരുപാട് സാധ്യതകളുണ്ട്. പക്ഷേ ഇപ്പോൾ ആളുകൾ വർഗീയത പറയാൻ അല്ലേ അതുപയോഗിക്കുന്നത്. സാഹിത്യം പ്രസാധകരുടെ ഒരു ബിസിനസ്സ് ഒക്കെ ആയി മാറിയിട്ടുണ്ട്. അതിനൊക്കെ ഇരയാകാതെ വേറെ വഴിയില്ല. അതത് സമയങ്ങളിൽ പ്രതികരിക്കാൻ ഉള്ള മാർഗം കൂടിയാണ് ഞാൻ തെരഞ്ഞെടുക്കുന്ന കവിതകൾ. എന്റെ എഴുത്ത് പലപ്പോഴും രാഷ്ട്രീയവും പരിസ്ഥിതിയും മാത്രമായി പോകുന്നു എന്ന് വീട്ടുകാർ ഇടയ്ക്ക് പറയാറുണ്ട് അതുകൊണ്ടിപ്പോൾ പ്രേമത്തെ കുറിച്ചെഴുതുകയാണ്.

കയ്യിലുണ്ടായിരുന്ന ചെറു ഡയറിയിലെ ഒരു പേജ് എടുത്ത് പ്രണയത്തെക്കുറിച്ചെഴുതിയിട്ട വരികൾ അദ്ദേഹം ചൊല്ലി. പക്ഷേ, ആ വരികളിലും അന്തർലീനമായിരുന്നത് രാഷ്ട്രീയമാണ്. സമൂഹത്തോട് സംവദിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗങ്ങളിൽ ഒന്ന് കവിതയാണെന്ന് വീണ്ടും തോന്നി. ക്രിയാത്മകമായി പ്രതികരിക്കാൻ മറന്നു പോകുന്ന ഒരു തലമുറയെ നിരന്തം അതിനു പ്രേരിപ്പിക്കുന്ന സ്വരമായി മാഷ് തുടരുകയാണ്.

ഇറങ്ങാൻ നേരം ഞങ്ങളെല്ലാവരോടുമായി മാഷ് ഒരിക്കൽ കൂടി ഓർമിപ്പിച്ചു:

"വായിക്കുക, വായിച്ചു ധിക്കാരികളാവുക!"

**മാധവ് വിഷ്ണു**



# ദൈവത്തെ തേടിയുള്ള ഒടുങ്ങാത്ത യാത്രയുടെ അവസാനം



ഈ എഴുത്ത് തികച്ചും വ്യക്തിപരമാണ്. ഇത് വായിക്കുന്നയാൾ വിശ്വസിച്ചുപോരുന്ന ശരികളെ പ്രകോപിപ്പിക്കാനോ, തച്ചുടക്കുവാനോ ഉള്ള ഗൂഢ ശ്രമമായൊന്നും കാണരുത്.

എന്റെ കൗമാരക്കാലത്ത്, ഞാൻ നിത്യേന ക്ഷേത്രദർശനം നടത്തുന്നവനായിരുന്നു. കണ്ടുവളർന്നവരെ പോലെ, എന്തിനും ഏതിനും അമ്പലത്തിലെ പ്രതിഷ്ഠയ്ക്ക് മുന്നിൽ എണ്ണമുതൽ എണ്ണമറ്റ

പൂജകൾ വരെ രക്ഷയ്ക്കായി നടത്തി ജീവിച്ചിരുന്ന സമയം. പിന്നീട് യൗവ്വന കാലഘട്ടത്തിലാണ് 'ഉദിത് ചൈതന്യ'യെന്ന ആചാര്യ ഗുരുവിന്റെ ടി.വി പ്രഭാഷണത്തിലൂടെ നിത്യന അച്ഛൻ കടന്നുപോകുന്നത് ശ്രദ്ധയിൽപെടുന്നത്. പ്രഭാഷണത്തിലൂടെ 'ഭഗവത് ഗീത'യെന്ന മഹത് ഗ്രന്ഥത്തിൽ ശ്രീകൃഷ്ണൻ പറഞ്ഞിരിക്കുന്നതിന്റെയെല്ലാം 'സത്ത്' അരിച്ചെടുത്ത് തരുകയാണ് ഉദിത് ജി.

ഉദിത് ജിയെ കേൾക്കാനാരംഭിച്ച ശേഷം, ഇത്രയും നാളും കണ്ണടച്ച് പാലുകുടിക്കുകയായിരുന്നോ എന്ന ചിന്തയിലുന്നി 'ഭഗവത് ഗീത'യൊന്ന് വാങ്ങിച്ച് അച്ഛൻ, ഉദിത് ജിയോടൊപ്പം, യുക്തിയോടെ കാര്യങ്ങളെ കാണാൻ തുടങ്ങുകയായിരുന്നു. തിരിച്ചറിവുകളുടെ ഒരു വലിയ നിധിശേഖരത്തിലൂടെ അച്ഛൻ കടന്നുപോയ്ക്കൊണ്ടിരിക്കുകയാണെന്ന് എന്നോട് പറഞ്ഞു. ഒടുവിൽ ഒരുനാൾ വെളിച്ചം തിരിച്ചറിഞ്ഞ തേജസ്സോടെ അച്ഛൻ എന്റെ കൈപിടിച്ച്, ഒരു പുതുജന്മത്തിലേക്കെന്ന പോലെ പിച്ചവെച്ച് നടത്താനാരംഭിച്ചു.

അച്ഛൻ ആദ്യാക്ഷരം കുറിച്ചുകൊണ്ട് പറഞ്ഞു:

'കൃഷ്ണൻ ദൈവമാണ്'

(പ്രത്യേകിച്ചൊന്നും എനിക്ക് തോന്നിയില്ല. അറിവിലുള്ളൊരു കാര്യം മാത്രമാണ് പറഞ്ഞത്)

'എന്നാൽ നീ അറിയുക;
ദൈവം കൃഷ്ണനല്ല!'

(ങേ?!?!?!?!)

തുടർന്ന് അച്ഛൻ തെളിവെന്ന പോലെ, ഗീതയിൽ കൃഷ്ണൻ പറഞ്ഞിരിക്കുന്ന ഒരു ഭാഗം കാണിച്ച് തന്നു;

*അവ്യക്തം വ്യക്തിമാപന്നം*
*മന്യന്തേ മാമബുദ്ധയ:*
*പരം ഭാവമജാനന്ത:*
*മമാവ്യയമനുത്തമം*

ഏഴാം അദ്ധ്യായം, ഇരുപത്തിനാലാം ശ്ലോകം

(നാശമില്ലാത്തതും സർവ്വോത്തമവും എല്ലാറ്റിനും അതീതവുമായ എന്റെ സ്വരൂപത്തെ അറിയാത്ത ബുദ്ധിശൂന്യർ ഇന്ദ്രിയമനോബുദ്ധികൾക്ക് വിഷയമല്ലാത്ത എന്നെ വ്യക്തിഭാവത്തെ കൈക്കൊണ്ടവനായി ശരീരമെടുത്തവനായി വിചാരിക്കുന്നു.)

അടുത്ത ഭാഗം,
ഒൻപതാം അദ്ധ്യായം, പതിനൊന്നാം ശ്ലോകം

*അവജാനന്തി മാം മൂഢാ:*
*മാനുഷീം തനുമാശ്രിതം*
*പരം ഭാവമജാനന്തോ*
*മമ ഭൂതമഹേശ്വരം*

(സകല ചരാചരങ്ങളുടെയും മഹേശ്വരനായ എന്റെ സ്വരൂപം മനസ്സിലാക്കാൻ കഴിയാത്ത മൂഢന്മാർ മനുഷ്യദേഹത്തെ ആശ്രയിച്ചിരിക്കുന്നവനാണ് ഞാനെന്നു കരുതി എന്നെ നിന്ദിക്കുന്നു.)

**'നാം അറിയുക, നമ്മളിൽ കുടികൊള്ളുന്ന ദൈവം എന്ന് പറയുന്നത്; ജീവനെ നിലനിർത്തുന്ന, ജീവനുണ്ടെന്ന് നമ്മെ തിരിച്ചറിയിപ്പിക്കുന്ന ഹൃദയമിടിപ്പിന് പിന്നിലെ ശക്തി ഉത്ഭവിക്കുന്ന 'ഇടം'.**

(യഥാർത്ഥ്യം അറിയാത്തതുകൊണ്ട് അവഗണിക്കുന്നു; അവഗണന തന്നെ നിന്ദിക്കലാണല്ലോ)

'നാം അറിയുക, നമ്മളിൽ കുടികൊള്ളുന്ന ദൈവം എന്ന് പറയുന്നത്; ജീവനെ നിലനിർത്തുന്ന ജീവനുണ്ടെന്ന് നമ്മെ തിരിച്ചറിയിപ്പിക്കുന്ന, ഹൃദയമിടിപ്പിന് പിന്നിലെ ശക്തി ഉത്ഭവിക്കുന്ന 'ഇടം'. ഈ സർവ്വചരാചരങ്ങളും നിലനിൽക്കുന്നത് ആ അദൃശ്യമായ 'ഇട'ത്തിലാണ്. അതിനെയാണ് നീ സ്മരിക്കേണ്ടത്', അച്ഛൻ പറഞ്ഞു.

ശീലിച്ച വിശ്വാസങ്ങൾ തച്ചുടയ്ക്കപ്പെടുമോ എന്ന ഭയം എന്നിലും ഉടലെടുത്തു. എന്നാൽ ഇവിടെയാണ് ഞാൻ സ്നേഹിക്കുന്ന സിനിമയെന്ന മാധ്യമം എന്റെ തിരിച്ചറിവിന് ബലം കൂട്ടുവാൻ എന്റെ കൈപിടിക്കുന്നത്. ആയിടയ്ക്കാണ് 'ഓഹ് മൈ ഗോഡ്' എന്ന ഹിന്ദി ചിത്രം എന്നെ സ്വാധീനിക്കുന്നത്. അച്ഛൻ എന്റെ മുന്നിൽ അവതരിപ്പിച്ച ഭഗവദ് ഗീതയിലെ ഭാഗങ്ങളെന്ന പോലെ ഈ ചിത്രത്തിലും സത്യം ബോധ്യപ്പെടുത്താൻ ഉപയോഗിക്കുന്നത് ഇതേ വിശുദ്ധ ഗ്രന്ഥത്തിലെ ഭാഗങ്ങളാണ്.

മലയാളത്തിൽ നിന്നാദ്യമായി 'ഗുരു' എന്ന ചിത്രം ഓസ്കാർ വേദി കണ്ടതിന്റെ പൊരുളും, ഇതെല്ലാം

അന്ധതയിൽ നിന്നും പുതുകാഴ്ച്ചയിലേക്കുള്ള യാത്രയാണെന്ന തിരിച്ചറിവും. ഒപ്പം ഞാൻ പഠിക്കുന്ന സിനിമ എന്തിന് സംഭവിക്കുന്നു, എങ്ങനെ സമൂഹത്തിൽ സ്വാധീനിക്കുന്നു എന്നിങ്ങനെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കൂടി ലഭിച്ച നാളുകൾ.

ഇവിടെ ഞാൻ തിരിച്ചറിയുന്നത് വിശ്വാസങ്ങൾ തെറ്റാണെന്നല്ല. പകരം വിശ്വസിക്കുന്നതിലെ കാരണം/യുക്തി തേടലാണ്. ശാസ്ത്രീയമായി പറഞ്ഞാല് രണ്ട് തന്മാത്രകൾ കൂടിച്ചേരുമ്പോൾ മൂന്നാമതൊന്നുണ്ടാകും എന്നുള്ളത് ഒരു പൊതു നിയമമാണ്.

ഇവിടെ ഞാൻ തിരിച്ചറിയുന്നത് വിശ്വാസങ്ങൾ തെറ്റാണെന്നല്ല. പകരം വിശ്വസിക്കുന്നതിലെ കാരണം/യുക്തി തേടലാണ്. ശാസ്ത്രീയമായി പറഞ്ഞാൽ രണ്ട് തന്മാത്രകൾ കൂടിച്ചേരുമ്പോൾ മൂന്നാമതൊന്നുണ്ടാകും എന്നുള്ളത് ഒരു പൊതു നിയമമാണ്. അതാണ് ഏതളവുകോൽ വെച്ച് പരീക്ഷിച്ചാലും ഉത്തരത്തിന്റെ സമാനതകൾക്ക് പിന്നിൽ. ഇവിടെ അത്ഭുതങ്ങളല്ല ഉടലെടുക്കുന്നത്, തെളിയിക്കപ്പെടുന്ന ശാസ്ത്രമാണ്, യുക്തിയാണ്. കറുപ്പണിഞ്ഞ് ശബരിമലയ്ക്ക് പോകുന്നത്, കാട്ടുവഴികളിലൂടെ സന്നിധാനത്തേക്ക് സഞ്ചരിക്കുമ്പോൾ മൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷനേടാനും, മുഷിഞ്ഞാൽ പെട്ടെന്നു അറിയാതിരിക്കാനും കറുപ്പ് വസ്ത്രം നമുക്കുപകരിക്കുന്നു. യുക്തിസഹമല്ലാത്ത ആചാരങ്ങൾ നമ്മളിൽ അന്ധവിശ്വാസം വളർത്താൻ ഇടപയാക്കുമെന്നത് സമൂഹത്തിൽ നിന്നും നേരിട്ട് കണ്ടറിഞ്ഞ ഒരു കാര്യം സഹിതം പറഞ്ഞോട്ടെ.

ഒരു ദിവസം ഞാൻ പോയ ബാങ്കിനു മുന്നിലെ ചിത്രമാണ് താഴെ.



രാവിലെ വന്ന ഒരാൾ ബാങ്കിൽ ചെരുപ്പൂരിയിട്ടാണ് പ്രവേശിച്ചത്. തുടർന്ന് വന്ന ഒരോരുത്തരും അത് തന്നെ തുടർന്നു. പിന്നീട് വന്ന ഞാനും കുറച്ചുപേരും അതാവർത്തിക്കേണ്ടവരാണ്. പക്ഷേ ഒരു നിമിഷം ഉള്ളിലേക്ക് നോക്കിയപ്പോൾ ബാങ്ക് മാനേജരും സ്റ്റാഫും ചെരുപ്പ് ധരിച്ച് ഓടി നടന്ന് ജോലി ചെയ്യുന്നു. ഊരിയിട്ടിരുന്ന ചെരിപ്പുകളുടെ കൂട്ടത്തിൽ എന്റെ അമ്മയുടേതുമുണ്ട്. ബാങ്കിനുള്ളിൽ വെച്ച് മാറ്റിനിർത്തി അമ്മയെന്നെ ശാസിച്ചു; 'പോയി ചെരിപ്പ് ഊരിയിടടാ, ആളുകളെ കൊണ്ട് അതുമിതും പറയിക്കരുത്' മേൽ പറഞ്ഞ ഞാൻ കണ്ട കാര്യങ്ങൾ പറയാൻ തുടങ്ങിയപ്പോൾ അമ്മ തടഞ്ഞു; 'ഓ തുടങ്ങി അവന്റെയൊരു... ഒന്നു പതുക്കെ പറയെടാ, ആൾക്കാര് കേൾക്കും'. പക്ഷേ, എനിക്ക് പറയാനുള്ളത് മുഴുവനും പറഞ്ഞു അമ്മയെ നോക്കി ഒന്നു ചിരിച്ചു. പക്ഷേ വിശ്വസിച്ചതിൽ നിന്നും മാറാൻ അമ്മ തയ്യാറല്ല. ഞാനതിന് ഗാഢമായി ശ്രമിക്കാറുമില്ല.

ഇതെല്ലാം ഞാനെന്ന വ്യക്തി അനുഭവിച്ചറിഞ്ഞ കുറച്ച് തിരിച്ചറിവുകളാണ്. തെറ്റെങ്കിൽ എന്നെ തിരുത്താം. പക്ഷേ ആ തിരുത്തലിന് മതനിയമത്തിന്റെ അപ്പുറം ലോകനിയമം/ ലോകം അനുശാസിക്കുന്ന 'യുക്തി'യെന്ന അടിസ്ഥാന തത്വമുണ്ടാകണം. ദൈവമെന്ന, നിഘണ്ടുവിലുള്ള വാക്കിനെ ബഹുമാനിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവനാണ് ഞാൻ. അതുകൊണ്ടാണ് അയ്യപ്പസ്വാമിയുടെ വാസസ്ഥലമായ ശബരിമലയില് പോകാനാഗ്രഹിക്കുന്നതും, അദ്ദേഹത്തില് വിശ്വസിച്ച് പറയാൻ ആഗ്രഹിച്ച കാര്യം പറഞ്ഞ് പതിനെട്ടാം പടി ചവിട്ടി കയറിച്ചെല്ലുമ്പോൾ ആദ്യമാത്രയിൽ കണ്ട് ദർശനമടയുന്നതും.

തത്വമസി

(അത് നീ തന്നെയാകുന്നു)

ഉള്ളിലാഴ്ന്ന വേരുകൾ
പടവെട്ടി ഉറവ കണ്ടെത്തി,
ഇലകൾ തളിർത്ത് മൊട്ട് അണിഞ്ഞത്,
ഞാൻ പൂവാകാൻ നീ കാത്തിരിക്കും
എന്നു കരുതിയാണ്.
നശിക്കാത്ത വസ്തുവിൽ നീ പ്രണയം
പകർന്നപ്പോൾ തോറ്റത് സൃഷ്ടിയാണ്.
എനിക്ക് പിന്നിൽ വസന്തമാണ്.
ചൂടാത്ത പുഷ്പമായ് ഞാൻ മണ്ണിലടിയുന്നു.
പൂവ് ഉള്ളുതുറന്നപ്പോൾ...

PRASEEDA PARAMESWARAN

# THANK YOU FOR ALL THE NIX'S...

**Impassable** was your confab
Doable was mine...
"You can't" was your parroting
&
"I Can" was my vent...
Deadbeat was your adage
Victor was my war cry...
When you gifted me melancholy
I gave you mirth, hilarity and feeling of masses...
Whatever you called me
I evinced I 'am just the inimical of it...
Gracias populace..
Gracias..
For what I 'am now,
I bow down to those wrangles....!!!

പ്രസീത ജി. പിള്ള

# വളപ്പൊട്ട്

രാത്രിമഴ ആസ്വദിക്കവേ,
ഓർത്തു പോയെൻ  ബാല്യകാലം
കണ്ണുനീരിറ്റുവീഴുമെൻ
മിഴികളിൽ നിൻ ഓർമകളിരമ്പുന്നു.
ഇറ്റുവീഴും മഴത്തുള്ളിക്കൊപ്പം
ഓർമകൾ നിന്നിലേക്ക് ഒഴുകുന്നു.

നിറം മങ്ങിയ വളപ്പൊട്ടുന്നു
കൈയ്യിലൊതുക്കി നീ,
ഒരുനാളെൻ അരികിലെത്തി.
ഒരു കുടക്കീഴിൽ ഒന്നിച്ച്,
മഴത്തുള്ളികൾ ഓമനിച്ച്,
പലവഴികളിലൂടെ നാം നീങ്ങവേ;
വളപ്പൊട്ടെൻ കൈയ്യിലമർത്തി നീ
മറുകൈയ്യാൽ എൻ കണ്ണുപൊത്തി
ഹൃദയത്തിനകത്തേയ്ക്ക്
ഞാനൊളിപ്പിച്ച സ്നേഹം
കൈയ്യിൽ കുപ്പിവളച്ചില്ലായ്.

പ്രണയത്തിന് കുപ്പിവള ചില്ല്
ഞാനെൻ നെഞ്ചോടു ചേർത്തു
ഹൃദയത്തിലാഴത്തിലേയ്ക്കിറങ്ങി
സഖീ,
നീയും നിനവുകളും
മഴയിൽ ചാലിച്ച നിൻ പുഞ്ചിരിയും

പിരിഞ്ഞതെന്തിനു സഖീ
കാണാമറയത്തായിരുന്നു നീ,
മഴയെ ഓമനിക്കുന്നുവോ
പിടയുമെൻ ഹൃദയം നിന്നെത്തി
രയുന്നു.
നീയെന്നുമെൻ സഖിയായിരിക്കാൻ
നാമൊന്നിച്ചീ മഴയെ പുണരാൻ
ഇനിയുമെന്തേ വരാത്തു...?

ഏഞ്ചൽ മേരി മാത്യു



# ഇമോട്ടികോൺ പറയുന്ന കഥ, ചരിത്രമാകുന്ന കാലം

കഥ പറയാനോ, ഒന്ന് ദുഃഖമോ സന്തോഷമോ പ്രകടിപ്പിക്കാനോ, നേരിട്ട് ഒരു ചായക്കപ്പിന് അപ്പുറവും ഇപ്പുറവും ഇരുന്ന് മുഖാമുഖം സംസാരിക്കുവാനോ കഴിയുന്ന കാലം വളരെ പണ്ടേ കഴിഞ്ഞതാണ്. നേരിട്ട് പറയാൻ വിമുഖതയുള്ള കാര്യങ്ങൾ കൂടി തെല്ലും മടിയില്ലാതെ പറയാൻ ചാറ്റിങ് ആപ്ലിക്കേഷനുകളെ ആശ്രയിക്കുന്ന കാലമാണിത്. സ്മാർട്ട്ഫോണില്ലാത്ത, ഇന്റർനെറ്റ് ഉപയോഗമില്ലാത്ത ആളുകൾ ഇന്ന് തീരെ കുറവാണ്. ചാറ്റിംഗ് ആപ്ലികേഷനുകളുടെ ഒരു നീണ്ട നിര തന്നെയുണ്ട് ആളുകൾക്ക് തെരഞ്ഞെടുക്കാൻ. ഔദ്യോഗിക കണക്കുകൾ അനുസരിച്ച് ഏകദേശം ഒരു ബില്ല്യൺ ജന

തയാണ് അക്കൂട്ടത്തിൽ ഏറ്റവും ജന്പ്രിയ ആപ്ലിക്കേഷൻ ആയ 'വാട്ട്സാപ്പ്' ഉപയോഗിക്കുന്നത്. എന്തൊക്കെയുണ്ട് എന്ന ഇംഗ്ലീഷുകാരന്റെ ചോദ്യം, ഇന്ന് അത്രയധികം മനുഷ്യരുടെ ദൈനിക ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. ഓരോ അപ്ഡേറ്റുകളിലും നിർമ്മാതാക്കൾ അവതരിപ്പിക്കുന്ന പുതുമകൾക്കായുള്ള അന്വേഷണമാണ്. ഒരു ചാറ്റിംഗ് ആപ്ലിക്കേഷനിൽ എന്നതിൽ നിന്നും 'വാട്ട്സാപ്പ്' ഏറെ മുന്നോട്ട് പോയിരിക്കുന്നു എന്ന് വ്യക്തമാണ്.

2009 മുതൽ നിലവിലുള്ള വാട്ട്സാപ്പിന്, ഓരോ മാസവും ഏകദേശം രണ്ട് മില്ല്യൺ(ഇരുപത് ലക്ഷം) ഉപഭോക്താക്കളാണ് അധികമായി ലഭിക്കുന്നത്. ഇത്രമേൽ ജനപ്രിയവും സ്വീകാര്യവുമായ ഒരു വിനിമയ മാർഗം കേവലം അപ്ഡേറ്റുകൾക്ക് അപ്പുറം രാഷ്ട്രീയമായ മാറ്റങ്ങൾക്ക് ചുവട് വെയ്ക്കുന്നത് ചർച്ചയാവുക സ്വാഭാവികമാണ്.

വെറുമൊരു 'ടെക്സ്റ്റിംഗ്' ആപ്പിൽ നിന്നും, വീഡിയോ കോളിലേക്കും മറ്റും സാധ്യത ഒരുക്കിയ നിരവധി അപ്ഡേഷനുകളിൽ, ചെറുതെങ്കിലും ഏറെ കൗതുകകരവുമായ ഒന്നായിരുന്നു കളേർഡ് ഇമോട്ടിക്കണുകൾ അഥവാ നിറവ്യത്യാസമുള്ള ഹ്യൂമൻ ഇമോട്ടിക്കണുകളുടെ അവതരണം. ചരിത്രപരമായ ഒരു അവതരണമായി വാട്ട്സാപ്പിലെ പുതിയ ഇമോട്ടികണുകളെ വിലയിരുത്തുന്നവരുണ്ട്. സമൂഹത്തെ മാരകമായി ഗ്രസിച്ചിരിക്കുന്ന റേസിസം (വംശീയത) എന്ന രോഗം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. പൊതുബോധത്തെ ബാധിച്ച ഈ വിപത്തിനു നേരെ എറിഞ്ഞ ഒരു ചോദ്യമായിരുന്നു ഈ കളേർഡ് ഇമോട്ടിക്കണുകൾ.

സ്മൈലി എന്നറിയപ്പെട്ടിരുന്നവയ്ക്ക് അപ്പുറം ഇമോട്ടികൺസ് എന്ന ആശയം ആദ്യം അവതരിപ്പിക്കുന്നത് 2012-ൽ വ്യാവസായിക ഭീമന്മാരായ



റേസിസം (വംശീയത) എന്ന രോഗം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. പൊതു ബോധത്തെ ബാധിച്ച ഈ വിപത്തിനു നേരെ എറിഞ്ഞ ഒരു ചോദ്യമായിരുന്നു ഈ കളേർഡ് ഇമോട്ടിക്കണുകൾ.

ആപ്പിളാണ്. ചാറ്റ് ചെയ്യുന്നയാളിന്റെ വികാരത്തെ സൂചിപ്പിക്കുന്ന ആനിമേറ്റഡോ അല്ലാത്തതോ ആയ ഗ്രാഫിക് അവതരണമാണ് ഇമോട്ടിക്കണുകൾ. ചാറ്റിൽ കൂടുതൽ അടുപ്പം തോന്നിപ്പിക്കാൻ ഈ വികാര സൂചികകൾക്ക് സാധിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കരയാൻ തോന്നുന്നുണ്ടെങ്കിൽ കരഞ്ഞു കാണിക്കണം എന്നില്ല. അത് സൂചിപ്പിക്കുന്ന ഏതെലും ഇമോട്ടിക്കണുകൾ ഒന്ന് അയച്ച് കൊടുത്താൽ മതി.

പക്ഷേ, ചാറ്റ് സങ്കല്പങ്ങളെ പോലെ തന്നെ ഇമോട്ടിക്കണുകളെയും മാറ്റിമറിക്കുന്നത് 2015-ലാണ്. ഓരോ ഇമോട്ടിക്കണും പല നിറങ്ങളിൽ തെരഞ്ഞെടുക്കാൻ സാധിക്കുന്ന ഒരു അപ്ഡേറ്റായിരുന്നു അത്. ആദ്യം അവതരിപ്പിച്ചിരുന്ന വെളുപ്പ് നിറത്തിനു പകരം അഞ്ചു നിറങ്ങളുടെ വൈവിധ്യം ഓരോ ഇമോട്ടിക്കണിനും നൽകി. അതിനും ശേഷമാണ് വാട്ട്സാപ്പ് കളേർഡ് ഇമോട്ടികണുകൾ അവതരിപ്പിക്കുന്നത്. വൈവിധ്യങ്ങളുടെ ലോകത്ത് ഒരു നിറത്തിനായി മാത്രം ഇടം നൽകിയിടത്ത് നിന്ന് ഒരു കുടക്കീഴിലേക്ക് എല്ലാ വൈവിധ്യങ്ങളെയും എത്തിക്കുന്ന വിപ്ലവകരമായ തീരുമാനമായി അതിനെ വ്യാഖ്യാനിച്ചവരുണ്ട്. ഒരു ആഫ്രിക്കൻ സുഹൃത്തിനോടോ അമേരിക്കൻ സുഹൃത്തിനോടോ ചാറ്റിൽ അമേരിക്കൻ സുഹൃത്തിനോടോ സംസാരിക്കുമ്പോൾ, അയാളുടെ വൈവിധ്യങ്ങൾ അംഗീകരിക്കുന്ന ഓരോ ഇമോട്ടിക്കൺ തെരഞ്ഞെടുത്താൽ, അതയാളുടെ സ്വത്വത്തെ അംഗീകരിക്കലാണ്. ഒരു നിറത്തിലോ രൂപത്തിലോ അല്ലല്ലോ മനുഷ്യരെല്ലാം. വീഡിയോ ഗെയിമുകളോ സിനിമകളോ, ഫാഷൻ സങ്കല്പങ്ങളോ സൃഷ്ടിച്ച് വെച്ചിരിക്കുന്ന, 'ഒരു സാധാരണ' വ്യക്തി ഇങ്ങനെയായിരിക്കുമെന്ന മിഥ്യാ ധാരണയെ പൊളിച്ചെഴുതുന്നതിന് മനുഷ്യ രാശിയുടെ വൈവിധ്യങ്ങളെ അംഗീകരിക്കുന്നത് സഹായിക്കും. നിറവൈവിധ്യങ്ങളിൽ ഉൾക്കൊള്ളിക്കാനാവുന്നില്ലെങ്കിൽ സർവ്വ നിറവുമുണ്ട് സൗകര്യത്തിനു ഉപയോഗിക്കാൻ. കൈമുദ്രകൾക്കും നിറവ്യത്യാസങ്ങളുണ്ട്.



ആപ്പിളിന്റെയും വാട്ട്സാപ്പിന്റെയും കച്ചവട തന്ത്രമായി ഈ മാറ്റങ്ങളെ വിലയിരുത്തുന്നവരുണ്ട്. സാങ്കേതിക വിദ്യയുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഒരു 8 ബിറ്റ് ചിത്രമായി ഒതുക്കി നിർത്താനാവുന്നതല്ല മനുഷ്യന്റെ രൂപവും വികാരങ്ങളും. തീർച്ചയായും തങ്ങളുടെ സോഫ്റ്റ് വെയറിന്റെ പുതുമ നിലനിർത്താനുള്ള ശ്രമമായി മാത്രം ഇതിനെ കാണാം. ആഗോളഭീമന്മാർ വരെ, ഇടുങ്ങിയ വംശീയ ചിന്തകൾ കൊണ്ട് ഇനി മുന്നോട്ട് ഒരടി നീങ്ങാൻ സാധിക്കില്ലെന്ന് തിരിച്ചറിഞ്ഞ് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടിട്ടും, ഇന്നേ വരെ നമ്മുടെ ചിന്തകൾ മാറിയിട്ടില്ല. നമ്മുടെ ഹോർഡിങ്ങുകളിൽ, പരസ്യങ്ങളിൽ, അത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടേതാവട്ടെ, ബ്യൂട്ടീക്കുകളുടേതാവട്ടെ, ജുവല്ലറികളുടേതാവട്ടെ, കറുത്ത രൂപങ്ങൾ ബ്ലർ ചെയ്യപ്പെടുന്നു. സ്ഥാപനത്തിന്റെ പരസ്യമായി ഒരു ഹോർഡിങ് വെയ്ക്കുമ്പോൾ വെളുപ്പിനെ ബോധപൂർവ്വം നാം എന്തുകൊണ്ട് തെരഞ്ഞെടുക്കുന്നു? എല്ലാ നിറങ്ങളെയും വൈവിധ്യങ്ങളെയും അംഗീകരിക്കാനോ, ഏതെങ്കിലും ഒന്നിനെ മാറ്റി നിർത്താനോ തോന്നുന്നെങ്കിൽ നമുക്ക് ഒന്നൂടെ ആലോചിച്ച് നോക്കാം. ഈ കാലത്തിനു ചേർന്നവരാണോ നമ്മൾ എന്ന്.

PRASEEDA PARAMESWARAN

# OUT THERE IN A LOONY BIN

**There** she lived
A femme
An emblematic suburban girl...
She had a mom
She had a dad
She had a brother...
She lived in a gullible sphere...
Orthodox avowals were foisted upon her.
But,
Time changed everything...
One sidereal day
She gushed
She kissed goodbye to her kinesthesia...
Her psyche was carried away...
And...
Now...
She lives down there in a funny farm...
Still not knowing what's happening in her life...

NOEL MARIAM GEORGE




"The whole purpose of education is to turn mirrors into windows"
-Sydney J Harvis

It isn't that India is suffering from an excess of egalitarianism, nor is tolerance at its acute peak, so education as a mirror is a bleak picture. The two basic aspects of our social network-equality and tolerance are subtly, yet insidiously twisted.

Indian education, like the Indian society, is skewed. Amusingly, with the growing number of private schools and the market pricing of education, this fact is becoming evident. What can't money buy? If all that money could buy were fancy yachts, vacations abroad or

Ferraris, there is little to worry. But when money has its say in education, healthcare and political power, we need to debate. This is not a moral argument with regard to privatisation or marketing of education, (private institutions have done a great deal to improve education), but a philosophical question. What happens when our children live separate lives? When the life of a maids children does not coincide with that of an investment bankers children, when madrassa going children don't get to sit along with children of the NSS, how can we not feel alienated from each other? How long can our lives go parallel, without causing horrendous conflicts simply because of the lack of the space for negotiation? Isn't it time we reworked, the models of elite private or even minority institutions?

I think education, is a weak link game, how good you are, is determined by your weakest players-how well equipped and coordinated the least of your players are. It's the contrast between football and basketball. You could probably win a basketball match with one Michael Jordan, but it takes more than one Messi to win in football. You need more than Messis, more than a 'few' excellent educational institutions to win the game. It's a weak link game, so start from the grass



roots. That's why I find it ridiculous when the nation sets enormous funds for a few elite institutions, and fools itself unto believing it has solved a major part of the crisis. Modi promises to expand the IIT circle in India, and we cheer, stupidly. Given India's demography, such a venture is illogical. Of course, there was a time when the IITs really required an investment, when the strong link argument was justified, but it's not so today.

India's population today is a whopping 1.6 billion, of which 65% are below the age of 35 and 50% are under 25. The average age of the nation is 28. We are a young dynamic country, impatient, with incredible potential. Education for the country is to be the biggest experiment yet, one that would solve many socio economic, political and even security issues. India will become the empire of the mind if we get it right, this time. Education is the 'window'.

Education as a window is, firstly, the reworking of the system for the marginalised of the country-women, the poor and the dalits. It poses at its core, to question the very notion of 'merit'. The idea of merit, in its current definition is dangerous, simply because it equates 'individual' talent or effort to success or efficiency. An individual's talent matter, but success, is far more complex than that one single factor. Malcolm Gladwell, in his book Outliers, shows strangely how, a majority of baseball stars happen to be born in the months of January and February -an incredible coincidence? No. Baseball prodigies need to prove themselves at tender ages of nine or ten (when being born in January really contributes to performance as opposed to being born in December). Age matters, in fact months matter. Chosen prodigies do better not because of intrinsic merit, but merely because an arbitrary rules to determine age, works in the advantage of older children. Chosen children or older children, with intense training are heralded successful. It's incredible! What seemingly insignificant arbitrary rules can do. Individual merit is a hyperbole.

It matters, in the evaluation of merit, if you had been a victim of sexual abuse, belonged to a marginalised community with its psychological burdens or if your economic situation provided you with opportunities and exposure. Merit is never only individual, it's much more complex. It is the reason why only 7% of women become pilots and become neurosurgeons. Are women just dumber, or are there more important psychosocial factors at play? The current theory of merit makes some pariahs, a few tokens and even fewer pioneers.

Secondly, education as a window puts forth a much more generic philosophical question. What is education? Is it merely the learning of facts and figures? Or, is it something more? Education, in the present design, was developed to meet the needs of 19th century industrialisation. It has been two centuries since, and yet no radical change has occurred. In the hierarchy of subjects, mathematics and the sciences reign supreme, followed by the languages and only then the arts and humanities. The current notion of academic ability is focussed merely on getting students through the university entrance. The crisis hence is the lack of vision. Graduates finish their higher education programme within a span of 3, 4 or even 5 years. Within this span, none can fathom the changes that can occur. The world is fast moving. Within a decade, nano, bio, cognitive and robotic sciences will have become a part of everyday reality. With the current mode of education with little or no emphasis on ingenuity and creativity, adapting to the changes will be difficult. Creativity is the missing quotient in the learning process. Creativity for the next decade will be as necessary as literacy was to education in the last few decades. To nurture this incredible potential, we need to recognise one basic factor-Intelligence. Intelligence is diverse, dynamic and interdisciplinary. The present educational system does not consider any of the nuances of intelligence. It is standardised, leading to conformity. Standardised education is necessary, but not sufficient. We need to learn maths and sciences, so do we have to learn arts and humanities. This is what completes education-the interdisciplinary mode, what truly makes education a 'window'.

രാജേഷ് ജെയിംസ്

കഥ പറയുന്ന നഗരമാണ് കൊച്ചി. തിരക്കേറിയ ഓട്ടത്തിനിടയിലും ഈ നഗരം പറയാതെ പറഞ്ഞു പോകുന്ന കുറെ കഥയുണ്ട്. ആഘോഷങ്ങളുടെ നഗരം കൂടിയാണിത്. ആഘോഷങ്ങളിൽ ഇടം കിട്ടാതെ പോകുന്നവരുടെ കഥ പറയാൻ ഒരു പ്രത്യേക രസമുണ്ട്.

ഫോർട്ട് കൊച്ചിയിൽ നടക്കുന്ന കാർണിവലിന്റെ പശ്ചാത്തലത്തിൽ കൊച്ചി നഗരത്തിലെ മൂന്ന് സ്ത്രീകളുടെ കഥയാണ് ഞാനെന്റെ പുതിയ ഡോക്യുമെന്ററിയിൽ പറയാൻ ശ്രമിക്കുന്നത്. സിന സിവി എന്ന ഫുട്ബോൾ കളിക്കാരി, അമ്മിണിയമ്മ എന്ന മത്സ്യത്തൊഴിലാളി, സെലിൻ എന്ന ശ്മശാന ജോലിക്കാരി എന്നിവരുടെ ജീവിതമാണ് ഈ ഡോക്യുമെന്ററി.

ക്രിസ്തുമസ് പപ്പാഞ്ഞിയെ കത്തിച്ച് പുതുവർഷത്തെ വരവേൽക്കുന്ന പഴയ പോർച്ചുഗീസ് രീതി പ്രകാരം എല്ലാ വർഷവും പുതുവർഷ രാത്രിയിൽ ഫോർട്ട് കൊച്ചിയിൽ നടക്കുന്ന വർണ്ണാഭമായ ആഘോഷങ്ങളിൽ നിന്ന്



ഡോക്യുമെന്ററി ആരംഭിക്കുന്നത്. പുരുഷകേന്ദ്രീകൃതമായ കാർണിവൽ പരിസരത്ത് നിന്നും, ഈ സ്ത്രീജീവിതങ്ങൾ പുതുവർഷത്തിനായുള്ള കാത്തിരിപ്പിനിടയിൽ സ്വന്തം ജീവിതം പങ്കുവെയ്ക്കുകയാണ്.

സിന ചെറുപ്പത്തിലെ അനാഥയാക്കപ്പെട്ടവളാണ്. ബാല്യത്തെക്കുറിച്ചുള്ള ഓർമകളെ പോലും ഭയമാണ്. സ്ത്രീ നിരന്തരം അടിച്ചമർത്തപ്പെടുന്ന ഒരു വ്യവസ്ഥിതിയെ തന്നെ വിവാഹമേ വേണ്ടെന്ന് വെച്ചിരിക്കുകയാണ്. സ്ത്രീകളെ മാറ്റിനിർത്താൻ ശ്രമിച്ച ഫുട്ബോൾ കളിക്കളത്തിൽ ഇന്ത്യക്കായി പൊരുതി വ്യവസ്ഥിതിയെ ഗോൾ അടിച്ച് തെറിപ്പിച്ചവൾ.

അമ്മിണിയമ്മ കോട്ടയം ജില്ലയിലെ കല്ലറ സ്വദേശിയാണ്. മത്സ്യത്തൊഴിലാളിയാണ്. അമ്മിണിയമ്മയുടെ സംവേദന മാർഗം നാടൻപാട്ടാണ്. ഫോർട്ട്കൊച്ചിയിൽ എത്തിയവർക്ക് 2017 പിറന്നത് അമ്മിണിയമ്മയുടെ നാടൻപാട്ടോടു കൂടിയാണ്. ആരെയും കൂസാത്ത പ്രകൃതം. കുട്ടനാട്ടിലെ കൃഷിയിടങ്ങളിൽ മണ്ണിനോടും മനുഷ്യനോടും പടവെട്ടി ജീവിച്ച ദളിത് സ്ത്രീയാണവർ. 'മടവീഴാതിരിക്കാൻ' കൂടെ പണിയെടുത്തവരെ മുതലാളിമാർ മണ്ണിട്ട് മൂടിയതിന് നേർസാക്ഷിയാണ് അവർ. അമ്മിയമ്മയുടെ നാടൻപാട്ടുകളിൽ നിറയെ തീയാണ്.

മുതലാളിത്തത്തോടും ജാതി വ്യവസ്ഥിതിയോടും വിട്ടുവീഴ്ചയില്ലാതെ പോരാടുന്ന അമ്മിണിയമ്മയുടെ വരികളിൽ എങ്ങനെയാണ് കനലണയുക!

ഉണമറ്റ ശരീരങ്ങളുടെ ചാരമായി അലിയാനുള്ള അപേക്ഷയുടെ മധ്യസ്ഥയാണ് സെലിൻ. മൂവായിരത്തോളം മൃതദേഹങ്ങളെ സംസ്കരിച്ച കേരളത്തിലെ ഏക ശ്മശാന പാലിക. കുട്ടിക്കാലം ചിലവഴിച്ചത് ഒരു അനാഥമന്ദിരത്തിലാണ്. പീഡനം സഹിക്കാൻ വയ്യാതെ അവിടെ നിന്നും ഒരിക്കൽ ഓടി രക്ഷപ്പെട്ടു. വിവാഹ ജീവിതത്തിലും മുറിവ് മാത്രമേയുള്ളൂ. ഒടുവിൽ അതും വേണ്ടെന്ന് വെയ്ക്കേണ്ടി വന്നു. കുട്ടികളെ വളർത്താനായി ശ്മശാന പാലികയായി. സെലിന് ഭർത്താവിനോടുള്ള ഭയത്തിന്റെ അത്രയും മൃതദേഹങ്ങളോടില്ല. മക്കളെ മരണത്തിനു അതീതമായ ഒരു ജീവിതം പഠിപ്പിച്ചു. ദിവസം അഞ്ചും ആറും ശരീരങ്ങൾക്ക് മോചനം നൽകിയ ശേഷം, കത്തിതീരാത്ത ശരീരത്തിന് അരികെ വിശ്രമിക്കുന്നവൾ.

ആഘോഷങ്ങളുടെ രാവിൽ നിറഞ്ഞൊഴുകുന്ന ആൾക്കൂട്ടത്തിൽ ഇവർ മൂന്നുപേരും ഒന്നിക്കുന്നു. അതിജീവനത്തിന്റെ കഥ പറയാൻ. ആൾക്കൂട്ടത്തിനിടയിൽ. പപ്പാഞ്ഞിയെ കത്തിക്കുമ്പോൾ ആർത്തുവിളിക്കുന്ന നഗരത്തിന്റെ ഒരു കോണത്തിൽ ഇവരുമുണ്ട്. ഇവരെ ആ ആൾക്കൂട്ടം ശ്രദ്ധിക്കേണ്ട കാര്യമില്ല. ആഘോഷങ്ങൾക്ക് ഒടുവിൽ പരസ്പരം ആശംസകൾ നേർന്ന് ആ ആൾക്കടൽ അലിഞ്ഞില്ലാതാവും. ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് യാത്ര തുടരും.

ഇവരും സഞ്ചരിക്കുകയാണ്. സ്വയം തെളിച്ച വഴികളിലൂടെ.

●●



ആശംസകൾ രാജേഷ് സർ, താങ്കളുടെ പുതിയ ഡോക്യുമെന്ററിക്ക്- എഡിറ്റോറിയൽ ടീം

**അശ്വതി കൃഷ്ണ**



ഒന്നോ?
രണ്ടോ?
മൂന്നോ?
അതോ നാലോ?

# ലിംഗം പലതുണ്ട് ബ്രോ!

സ്ത്രീക്കും പുരുഷനും വേണ്ടി മാത്രം നിലകൊള്ളുന്ന ഒരു സമൂഹമാണോ നമ്മുടേത്? അവർക്കുവേണ്ടി കൃത്യമായ പാതയിൽ, അവർക്ക് ചുറ്റും പടുത്തുയർത്തപ്പെട്ട ഒരു സമൂഹം. ഇങ്ങനെയുള്ള സമൂഹത്തിൽ ജീവിക്കാൻ വിധിക്കപ്പെട്ട ഒരു കൂട്ടം മനുഷ്യർ. ശിഖണ്ഡി എന്നും ആണും പെണ്ണും കെട്ടവർ എന്നും വിളിച്ച് അധിക്ഷേപിക്കാറുണ്ട് ഇവരെ. ലിംഗത്തിന് ഒന്ന്, രണ്ട്, മൂന്ന് തുടങ്ങി സമൂഹത്തിൽ മുൻതൂക്കം ഏർപ്പെടുത്തിയിരിക്കുന്നത് ആരാണ്? എന്തിനുവേണ്ടിയാണ്? ഒന്നും രണ്ടും ലിംഗക്കാർ സമൂഹത്തിൽ സ്വാഭാവികമാകുമ്പോൾ, എന്തുകൊണ്ടാണ് ഭിന്നലിംഗക്കാരെ സമൂഹം അവജ്ഞയോടെ കാണുന്നത്. ആൺ പെൺ എന്ന സമൂഹത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങിപ്പോയ കുറെ ജീവിതങ്ങളാണ് ഇവർ.

ഭിന്നലിംഗങ്ങളെ വിളിക്കുന്നതിന് സഭ്യമായ, കൃത്യമായ ഒരു വാക്ക് പോലും മലയാളിയുടെ പക്കലില്ല

**ഒന്നും രണ്ടും ലിംഗക്കാർ സമൂഹത്തിൽ സ്വാഭാവികമാകുമ്പോൾ, എന്തുകൊണ്ടാണ് ഭിന്നലിംഗക്കാരെ സമൂഹം അവജ്ഞയോടെ കാണുന്നത്.**

ബൃഹന്നളയും ശിഖണ്ഡിയും അർദ്ധനാരീശ്വരനുമെല്ലാം പുരാണത്തിൽ ഇന്നും വാഴ്ത്തപ്പെടുന്ന ദൈവ ബിംബങ്ങളാണ്. അവരെ ആരാധിക്കുന്ന മനുഷ്യർ തന്നെയാണ് ഭിന്നലിംഗങ്ങളെ വേർതിരിച്ച് നിർത്തുന്നതും തള്ളിക്കളയുന്നതും.

പുരുഷനായി ജനിക്കുന്ന ഒരാൾ തന്റെ ലിംഗ വ്യക്തിത്വം സ്ത്രീയുടേതാണ് എന്ന തിരിച്ചറിയുമ്പോഴാണ് അയാൾ എം ടു എഫ് അല്ലെങ്കിൽ ട്രാൻസ്ജെൻഡറായി മാറുന്നത്. സ്വന്തം ശരീരത്തിൽ ഒളിപ്പിച്ചുവെച്ച സ്ത്രൈണ/പുരുഷ (എഫ് ടു എം) ഭാവത്തെ പുറത്തു തുറന്നുകാട്ടിയപ്പോൾ സമൂഹത്തിൽ നിന്നും സ്വന്തം കുടുംബത്തിൽ നിന്നുപോലും ആട്ടി ഓടിയ്ക്കപ്പെട്ടവർ, ഇവരെല്ലാം ഇന്നും നമുക്കിടയിലുണ്ട്. ജീവിതത്തിൽ സ്ത്രീയായി ജീവിച്ച ശേഷം പുരുഷനായി മാറുന്നവർ. പൊതു സമൂഹം അവജ്ഞയോടെ ഇവരെ കാണുമ്പോൾ ഉള്ള് തുറന്ന്, ആത്മവിശ്വാസത്തോടെ ജീവിക്കാൻ ഇക്കൂട്ടർക്ക് കഴിയുന്നില്ല. അതുകൊണ്ടു തന്നെയാണ് ഭൂരിപക്ഷവും ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നത്.

ഒരു ലിംഗത്തിൽ ജനിച്ച് മറ്റൊന്നിലേക്ക് മാറുവാൻ ആഗ്രഹിക്കുന്നവരാണ് ഇവർ. മറ്റു ചിലർ ഉഭയലിംഗാവസ്ഥയിൽ (രണ്ടു ലിംഗാവസ്ഥ/ ഇന്റർ സെക്സ്) ജനിക്കുന്നവരും. ഉഭയലിംഗാവസ്ഥയിൽ കുഞ്ഞുങ്ങൾ ജനിക്കുന്നത് ശാപം മൂലമാണെന്ന് വിശ്വസിച്ച് കുഞ്ഞുങ്ങളെ കൊന്നുകളയുന്ന ദുരാചാരം ഇന്നും പലയിടങ്ങളിലും നിലനിൽന്നു.

സമൂഹം എന്നും പരിഹാസത്തോടും പുച്ഛത്തോടും മാത്രം നോക്കുന്ന ഇവർക്ക് ഉയർന്ന വിദ്യാഭ്യാസമോ, ചികിത്സയോ തുടങ്ങി ഒരു തരത്തിലുള്ള നീതിയോ ഭരണഘടന ഒരു പൗരന് അനുവദിക്കുന്ന മൗലിക അവകാശമോ ലഭിക്കുന്നില്ല.



2015 നവംബറിൽ ട്രാൻസ്ജെൻഡർ പോളിസി എന്ന പേരിൽ അന്നത്തെ സർക്കാർ കേരളത്തിൽ ഭിന്നലിംഗ നയം പാസ്സാക്കിയിരുന്നു. അതിലൂടെ ഭിന്നലിംഗങ്ങൾക്കായി പ്രത്യേക നയം നടപ്പിലാക്കിയ ആദ്യ സംസ്ഥാനമായി കേരളം. തുടർന്ന് വന്ന ഇടതുപക്ഷ സർക്കാർ 2016 ജൂലൈയിൽ 60 വയസ്സിനു മുകളിലുള്ള ഭിന്നലിംഗങ്ങൾക്ക് പെൻഷൻ അനുവദിച്ചു. എന്നാൽ അക്കമിട്ടു നിരത്തിയ നയവും വാഗ്ദാനങ്ങളും ഇന്നും കടലാസ്സിൽ തന്നെ ഒതുങ്ങിക്കൂടിയിരിക്കുന്നു.

ലിംഗനിർണ്ണയത്തിന്റെ കാര്യത്തിൽ ആർട്ടിക്കൾ 14,15,16 എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം ഒഴിവാക്കാനും, സമത്വവും സംരക്ഷണവും ഉറപ്പുവരുത്തുവാനും സുപ്രീം കോടതി 2014 ഏപ്രിൽ 15-ന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ മുൻനിർത്തിയാണ് കേരളത്തിൽ ട്രാൻസ്ജെൻഡർ നയം രൂപീകരിക്കപ്പെട്ടതും. ഇതിനുവേണ്ടി നടത്തപ്പെട്ട സർവ്വേയിൽ വെളിപ്പെട്ട സത്യങ്ങൾ ഭിന്നലിംഗക്കാരോടുള്ള കേരളം ജനതയുടെ സമീപനം തുറന്ന് കാട്ടുന്നു. ഇതനുസരിച്ച് കേരളത്തിൽ ഇന്ന് 20,000-ൽ അധികം ട്രാൻസ്ജെൻഡേഴ്സുണ്ട്.

- 58% ട്രാൻസ് വിദ്യാർത്ഥികളും പത്താം ക്ലാസ്സ് കഴിയുന്നതിന് മുൻപ് പഠനം നിർത്തുന്നു. 24% ആളുകൾ ഒൻപതാം ക്ലാസ്സിൽ തന്നെ പഠനം ഉപേക്ഷിക്കുന്നു.
- സഹപാഠികളിൽ നിന്നും അധ്യാപകരിൽ നിന്നും ഏൽക്കേണ്ടി വരുന്ന പരിഹാസവും വിവേചനവുമാണ് ഇതിന് കാരണം ജാതീയപരമായ സംവരണങ്ങൾ ധാരാളമുള്ള സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളായ ഇവർക്ക് വേണ്ടിയും വിദ്യാഭ്യാസതലത്തിലും മറ്റും സംവരണം ഏർപ്പെടുത്തേണ്ടതുണ്ട് .
- 51% ട്രാൻസിനും വീടും ജോലിയും ചികിത്സയും നിഷേധിക്കപ്പെടുന്നു.

- 100% ആളുകൾക്കും ജീവിതത്തിൽ ഒരിക്കലെങ്കിലും ഭിന്നലിംഗമായതിന്റെ പേരിൽ ജോലി നിഷേധിക്കപ്പെട്ട അനുഭവമുണ്ടായിട്ടുണ്ട്.
- 56% ത്തിനും 5000-ൽ താഴെമാത്രമാണ് മാസ വരുമാനം.
- 76% ത്തിനും തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടില്ല
- 78% വും ജോലിസ്ഥലങ്ങളിൽ തങ്ങളുടെ യഥാർത്ഥ ലിംഗാവസ്ഥ വെളിപ്പെടുത്തിയിട്ടില്ല.

സർക്കാർ എത്ര നിയമങ്ങൾ കൊണ്ടുവന്നാലും ആളുകളുടെ സമീപനത്തിനും മനസ്സിനും മാറ്റം വരാതെ അവകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുന്നില്ല.

കേരളത്തിൽ നിലനിൽപ് സാധ്യമാകാതെ വരുമ്പോൾ ബെംഗലൂരു, ചെന്നൈ, മുംബൈ എന്നിവിടങ്ങളിലേക്ക് ഇവർ ചേക്കേറുന്നു. പലരും ജീവിത മാർഗ്ഗം എന്ന നിലയിൽ ഭിക്ഷാടകരും ലൈംഗിക തൊഴിലാളികളുമായി മാറുന്നു. പലരും ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്യുന്നതിന് വേണ്ടിയും പണം സ്വരൂപിക്കുന്നു. അതിനുവേണ്ടി തുച്ഛമായ രൂപയ്ക്ക് പോലും അവർ ശരീരം വിൽക്കുന്നു. ആണിൽ നിന്നും പെണ്ണായവരും (എം ടു എഫ്), പെണ്ണിൽ നിന്ന് ആണായവരും (എഫ് ടു എം) ഉണ്ട് ഇവരുടെ കൂട്ടത്തിൽ. പെണ്ണായി മാറിയവർ ഭിക്ഷാടനമോ ലൈംഗിക തൊഴിലോ സ്വീകരിക്കുമ്പോൾ, ആൺ മേധാവിത്വം അരങ്ങുവാഴുന്ന നമ്മുടെ സമൂഹത്തിൽ ആണായി പരിവർത്തനം ചെയ്യപ്പെട്ടവർ എന്ത് തൊഴിൽ ചെയ്ത് ജീവിക്കും. ഇവർക്ക് തൊഴിൽ നൽകാൻ നമ്മുടെ സമൂഹം വൈമുഖ്യം കാണിക്കുന്നു. ചുരുക്കം ചിലർ ലൈംഗിക തൊഴിലിലേക്കും കടക്കുന്നു.

എന്തിരുന്നാലും ഇവർക്ക് ഊർജ്ജം പകരാൻ ചിലർക്ക് കഴിയും. പ്രതിസന്ധികളും അവഗണനയും കൈ മറികടന്ന് ഇവരിൽ പലരും വിജയങ്ങൾ

**അല്ല ചങ്ങായി, നമ്മൾ എല്ലാം പുരോഗമിച്ചല്ലോ. ഇനിമുതൽ ആണെന്നോ പെണ്ണെന്നോ ഭിന്നലിംഗം എന്നോ നമുക്കില്ല. അല്ല അപ്പോ ഈ മാധ്യമങ്ങളോ? അവര് പരട്ടകൾ, നാലാം ലിംഗക്കാർ. നിങ്ങൾക്ക് ഇപ്പോഴും ഒന്ന് പരിഹസിക്കാൻ പോലും ഒരു ലിംഗം വേണമല്ലോ സാറേ!**

കീഴടക്കുന്നുണ്ട്. ഭിന്നലിംഗങ്ങളുടെ പ്രശ്നങ്ങളും പ്രതിഷേധങ്ങളും തുറന്നുകാണിക്കുന്ന 'സഹോദരി' ഫൗണ്ടേഷൻ സ്ഥാപക കൽക്കി സുബ്രഹ്മണ്യം, ബോളിവുഡ് നടിയും എഴുത്തുകാരിയുമായ ലക്ഷ്മി നാരായൺ ത്രിപാഠി, രാജ്യത്തെ ആദ്യ ട്രാൻസ് ന്യൂസ് റീഡറായ പദ്മിനി പ്രകാശ് എന്നിവർ ആ നീണ്ടനിരയിലെ ചുരുക്കം ചില പേരുകൾ മാത്രം.

ഭിന്നലിംഗങ്ങളെ മുഖ്യധാരയിൽ എത്തിക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി ഇവർക്കിടയിൽ നിന്നുതന്നെ നിരവധി സംഘടനകൾ രൂപപ്പെട്ടിട്ടുണ്ട്. തങ്ങളുടെ കൂട്ടത്തിൽ പെട്ടവർ നയിക്കുന്ന ഇരുൾ നിറഞ്ഞ ജീവിതത്തിൽ നിന്നും അവരെ വെളിച്ചത്തിലേക്ക് നയിക്കാൻ, വേശ്യാവൃത്തിയിൽ നിന്നും ഭിക്ഷാടനത്തിൽ നിന്നും പിന്തിരിപ്പിച്ച് പുതിയ തൊഴിലവസരങ്ങളിലേക്ക് നയിക്കാൻ ഈ സംഘടനകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

തെക്കേ ഇന്ത്യക്കാരായ ട്രാൻസ് വുമൺ, ഹിജഡകൾ ചേർന്ന് ഒരു വലിയ കുടുംബത്തിന് രൂപം നൽകിയിട്ടുണ്ട്. പൂർണ്ണമായും സ്ത്രീകൾ മാത്രം അടങ്ങിയ കുടുംബം. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്ന് എത്തിച്ചേരുന്നവർ ഒരു കുടുംബത്തിലെ അംഗങ്ങളാകുന്നു. ഓരോ പുതിയ ആളും അമ്മയും, അമ്മൂമ്മയും, കൊച്ചുമക്കളും ചേച്ചിമാരും അനിയത്തിമാരും മകളും ഒക്കെയുള്ള ഒരു വലിയ കുടുംബത്തിലെ അംഗമായി മാറുന്നു.

ഭിന്നലിംലിംഗ വിഭാഗങ്ങളുടെ മുഖ്യധാര പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ, ശീതളടക്കമുള്ളവർ മുഖ്യാതിഥിയായിരുന്നു. ജെൻഡർ വിഭാഗത്തിലായി ആറ് സിനിമകളും ഇതിനോടനുബന്ധിച്ച് പ്രദർശിപ്പിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ കേരളത്തിൽ ഭിന്നലിംഗങ്ങൾ അംഗീകരിക്കപ്പെടുന്ന

എന്നതിന്റെ സൂചന കണ്ടുവരുന്നത് കൊല്ലം ജില്ലയിൽ നിന്നാണ്. ഭിന്നലിംഗങ്ങളുടെ ഉന്നമനത്തിന്, അവർക്ക് സ്വയം പര്യാപ്തരാകാനുള്ള തൊഴിൽ കണ്ടുപിടിക്കാനും ചെയ്യാനുമുള്ള ഫണ്ട് വകയിരുത്തിയിരിക്കുകയാണ് കൊല്ലം കോർപ്പറേഷൻ.

ഒപ്പം തന്നെ കേരളം വീണ്ടും ചരിത്രം സൃഷ്ടിക്കുകയാണ്. ഇന്ത്യയിൽത്തന്നെ ആദ്യമായി ട്രാൻസ് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായുള്ള സ്കൂൾ ആരംഭിക്കുകയാണ് കൊച്ചിയിൽ. ഭിക്ഷാടനവും ലൈംഗിക തൊഴിലും സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുന്ന ബാല്യങ്ങൾക്ക് ഇനി വിദ്യാഭ്യാസത്തിന്റെ മധുരം നുണയാം. ആരെയും ഭയക്കാതെ പരിഹാസങ്ങൾക്ക് മറുപടി കൊടുക്കാനുള്ള ധൈര്യം പകരുകയാണ് ട്രാൻസ് ഇന്ത്യ ഫൗണ്ടേഷൻ എന്ന സംഘടന.

എന്നിരുന്നാലും ഇന്ത്യയിലെ ആദ്യ ട്രാൻസ് ജെണ്ടർ പ്രിൻസിപ്പാൾ ഡോ.മാനവി ബന്ദോപാധ്യയുടെ രാജി പ്രതീക്ഷകൾക്ക് മേൽ കരിനിഴൽ വീഴ്ത്തുന്നു. സഹപ്രവർത്തകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും ഏൽക്കേണ്ടി വന്ന ശക്തമായ മാനസിക സമ്മർദ്ദമാണ് തന്നെ ഈ തീരുമാനത്തിലേക്ക് നയിച്ചത് എന്നാണ് മാനവി പറഞ്ഞത്. തദ്ദേശ ഭരണകൂടത്തിൽ തനിക്ക് ലഭിച്ച പിന്തുണ ഒരിക്കലും കോളജിൽ നിന്നും തനിക്ക് കിട്ടിയില്ല എന്ന മാനവിയുടെ അനുഭവം ഭരണകൂടത്തിന്റെയും ജനങ്ങളുടെയും നയങ്ങൾ എല്ലാം പ്രഖ്യാപനങ്ങളിൽ ഒതുങ്ങുന്നു എന്ന സത്യം ഒരിക്കൽ കൂടി വ്യക്തമാക്കുന്നു.

തദ്ദേശ ഭരണകൂടത്തിൽ തനിക്ക് ലഭിച്ച പിന്തുണ ഒരിക്കലും കോളജിൽ നിന്നും തനിക്ക് കിട്ടിയില്ല എന്ന മാനവിയുടെ അനുഭവം ഭരണകൂടത്തിന്റെയും ജനങ്ങളുടെയും നയങ്ങൾ എല്ലാം പ്രഖ്യാപനങ്ങളിൽ ഒതുങ്ങുന്നു എന്ന സത്യം ഒരിക്കൽ കൂടി വ്യക്തമാക്കുന്നു.

സെക്ഷൻ 377-ലൂടെ പരമോന്നത നീതിപീഠം ഇവരുടെ സ്വപ്നങ്ങളിൽ കരിനിഴൽ വീഴ്ത്തിയെങ്കിലും തീരുമാനം പുനഃപരിശോധിക്കാനുള്ള നീതിപീഠത്തിന്റെ നീക്കം ഇവർക്ക് പ്രതീക്ഷ നൽകുന്നു. ലോകത്തിൽ ആദ്യമായ് ട്രാൻസ്ജെൻഡർ നയം



കൈക്കൊണ്ട സംസ്ഥാനമെന്ന നിലയിൽ കേരളം അഭിമാനിക്കുന്നുവെങ്കിലും അത് നടപ്പിലാക്കാൻ നമ്മുടെ സമൂഹം പഠിച്ചിട്ടില്ല. ഭൂരിഭാഗം സംസ്ഥാനങ്ങളിലും ഒരു ട്രാൻസ്ജെൻഡർ വെൽഫെയർ ബോർഡ് ഉണ്ടായിരിക്കും. എന്നാൽ കേരളത്തിൽ ഇന്നും ആ കാര്യത്തിൽ ഒരു നീക്കുപോക്ക് വന്നിട്ടില്ല. മറ്റു സംസ്ഥാനങ്ങളിൽ സൗജന്യമായി ലിംഗമാറ്റ ശസ്ത്രക്രിയകൾ നടത്തിക്കൊടുക്കുമ്പോൾ കേരളത്തിലെ ആശുപത്രികളിലെ ലിംഗമേധാവിത്വങ്ങൾ ഇവർക്ക് ചികിത്സ പോലും നിഷേധിക്കുന്നു. പോലീസിൽ പരാതിയുമായി ചെന്നാൽ പരിഹാസവും കുത്തുവാക്കും മർദ്ദനവുമാണ് മറുപടി. ഭൂരിപക്ഷ ലിംഗങ്ങൾ മാത്രം അംഗീകരിക്കുന്ന ഒരു സമൂഹത്തിന്റെ ചിന്താഗതിയാണ് ആദ്യം മാറേണ്ടത്. അംഗീകരിക്കാനുള്ള വിമുഖതയാണ് ആദ്യം എടുത്തു മാറ്റേണ്ടത്.

സഹതാപം അല്ല അംഗീകാരമാണ് എല്ലാവർക്കും ആവശ്യം.

പലതരം ചുവപ്പുണ്ടത്രേ,
ചില ചുവപ്പ് അംഗീകരിക്കപ്പെട്ടതാണ്,
ചിലത് ചിലർക്ക് ആവേശമാണ്,
മറ്റു ചിലതോ, നിരോധിക്കപ്പെട്ടതും.
ഒരിക്കൽ ഒരു ചുവപ്പ് മറ്റൊരു
ചുവപ്പിനെ വെടിവച്ചിട്ടു.
വെടിയുണ്ടയ്ക്ക് കാക്കി നിറമായിരുന്നു.
അതിൽ അതിന്റെ ജാതിയും മതവും
രാഷ്ട്രീയവും പൂരിപ്പിച്ച കള്ളിയുമുണ്ടായിരുന്നു.
ഭരണകൂടം മനുഷ്യരൂപം പൂണ്ടുനിറയുന്നത്,
ആറടിയിൽ തുന്നിവെച്ച
കാക്കിക്കുപ്പായത്തിലാണ്.
പലപ്പോഴും!

അനീറ്റ ജോസഫൈൻ



# ചങ്ങല

ഞാൻ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു.
ഭ്രൂണം എന്നെ പുറന്തള്ളിയപ്പോൾ,
ആദ്യ കണ്ണിയെന്നെ ബന്ധിച്ചു.
അവരെന്റെ അധരങ്ങൾക്ക് തുന്നലിട്ടു.
എനിക്ക് വേണ്ടി അവർ ചില്ലുകൂടാരങ്ങൾ പണിതു.
പക്ഷേ,
താക്കോൽ അവരുടെ കൈകളിലായിരുന്നു.
എന്റെ ചിരികൾ ചുമരുകൾക്കുള്ളിൽ,
ഒതുക്കപ്പെടണമായിരുന്നു.
എന്റെ ശബ്ദം അടുപ്പിൽ എരിയണമായിരുന്നു.
എന്റെ സൗന്ദര്യം ആറുമുഴത്താൽ മൂടപ്പെടണമായിരുന്നു.
പുതിയ ആക്ഷരങ്ങൾ തേടാതിരിക്കുന്നതിന്,
എന്റെ ചിറകുകളവരരിഞ്ഞു.
എന്റെ പേന അവർ ഒളിപ്പിച്ചു.
എന്റെ അയിരങ്ങൾ അവർ,
നിലവറക്കുള്ളിലാക്കി.
എന്റെ ഗർഭപാത്രത്തിനായവർ വാദിച്ചു.
ചക്രവാളങ്ങളിലേക്ക് നോക്കിയപ്പോഴെല്ലാം,
എന്റെ കാഴ്ചയെ അവർ കവർന്നു.
ഓരോ ദിവസവും ഓരോകണ്ണികൾ,
എനിക്കായവർ തീർത്തു.
അതെ,
എന്റെ ചങ്ങലകളുടെ താക്കോൽ,
അവരുടെ കൈകളിലായിരുന്നു.





# "വീ ടൂ ആർ ബോൺ ഫ്രം നേച്ചർ"

**ട്രാൻസ് ആക്റ്റിവിസ്റ്റ് വിജയ രാജ മല്ലികയുമായി എഡിറ്റോറിയൽ അംഗങ്ങൾ നടത്തിയ അഭിമുഖം**

ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ് വിദ്യാർത്ഥികൾക്കുള്ള വിദ്യാലയം 'സഹജ്' ലേർണിംഗ് സെന്റർ കൊച്ചി തൃക്കാക്കരയിൽ പ്രവർത്തനം ആരംഭിക്കുകയാണ്. നയപ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങി പോകുന്ന കരുതലുകളിൽ നിന്നും ഒരു പടി കൂടി കടന്ന് ചരിത്രപരമായ ഒരു ഘട്ടത്തിലേക്ക് എത്തിയിരിക്കുന്നു. ലൈംഗികവൃത്തിയോ ഭിക്ഷാടനമോ അല്ല ട്രാൻസ് സമൂഹത്തിന്റെ ഉന്നമനത്തിനുള്ള മാർഗം വിദ്യാഭ്യാസം മാത്രമാണെന്ന് വിശ്വസിക്കുന്ന ട്രാൻസ് ആക്റ്റിവിസ്റ്റ് വിജയ രാജ മല്ലിക ആരംഭിക്കുന്ന ലേർണിംഗ് സെന്ററാണ് സഹജ്.
ഒരുപാട് പേർ പുറം തിരിഞ്ഞു നിന്ന ഈ സംരംഭത്തിന് എല്ലാ സഹായവും നൽകി കൂടെ നിൽക്കുന്നത്, തൃക്കാക്കര വിമല പ്രൊവിൻസിലെ സന്യാസിനിമാരാണ്. അതുകൊണ്ട് തന്നെയാണ് ഇതൊരു ചരിത്രപരമായ മുന്നേറ്റമാകുന്നത്. കാഴ്ചപാടുകൾ തിരുത്തപ്പെടുകയാണ്. തിരുത്തപ്പെടുന്ന കാഴ്ചപാടുകളുമായി മതം കൈകോർക്കുന്ന അപൂർവ കാഴ്ചയാണ് സഹജ് ലേർണിംഗ് സെന്റർ.



• കുറച്ച് നാളുകൾക്കു മുമ്പാണ് താങ്കൾ ട്രാൻസ്ജെൻഡർ സ്വത്വത്തെ പുറംലോകത്തോട് തുറന്നു പറയുന്നത്. മനു കൃഷ്ണനിൽ നിന്നും വിജയ രാജ മല്ലികയിലേക്കുള്ള മാറ്റത്തിന് കരണമായതെന്താണ്?

ഒരു കുഞ്ഞു എന്തുകൊണ്ടാണ് പത്തു മാസം കഴിഞ്ഞ് അമ്മയുടെ വയറ്റിൽ കിടക്കാത്തത്? ഒൻപതു മാസമാകുമ്പോഴേക്കും അത് പുറത്തേക്ക് വരാൻ തുടങ്ങും, അതിന് പിന്നെയും വയറ്റിനുള്ളിൽ കിടക്കാൻ പറ്റില്ല. അതുപോലെ തന്നെയാണ് ഓരോ ട്രാൻസ്ജെൻഡറിന്റെയും അവസ്ഥ. ഒരു ശരീരത്തിനുള്ളിൽ മറ്റൊരു സ്വത്വം വളരുന്ന അവസ്ഥ. ഒരു പ്രായം വരെ നമുക്ക് ആ ഒരു അവസ്ഥയിൽ ജീവിക്കാൻ സാധിച്ചെന്ന് വരും. അതിനോട് പൊരുത്തപ്പെട്ട് പോകാൻ കഴിയാതെ വന്ന ഒരു സാഹചര്യത്തിലാണ് എനിക്കിത് തുറന്നു പറയണം എന്ന് തോന്നിയത്.

• വിജയ രാജ മല്ലികയായി ജീവിക്കാനാരംഭിച്ചത്?

സ്കൂളിൽ ഞാൻ എപ്പോഴും വ്യത്യസ്തയായിരുന്നു. അപ്പോഴൊക്കെ ഒരു ദളിതായിരുന്നത് എനിക്ക് ഒരു പ്രശ്നമായിരുന്നില്ല. പക്ഷേ, ഒരു ട്രാൻസ്ജെൻഡർ എന്നതും ദളിതായതും ഒന്നിച്ച് വന്നപ്പോൾ എനിക്ക് വലിയ പ്രശ്നമായിത്തീർന്നു. സ്കൂളിൽ ഞാൻ എപ്പോഴും ഒറ്റപ്പെട്ടിരുന്നു. കാരണം ആൺകുട്ടികളിൽ നിന്നും പെൺകുട്ടികളിൽ നിന്നും വ്യത്യസ്ത ആയിരുന്നു ഞാൻ. രണ്ടുതവണ ആത്മഹത്യയ്ക്ക് പോലും ഞാൻ മുതിർന്നിട്ടുണ്ട്.

13 വയസായപ്പോഴേക്കും എനിക്ക് ആൺകുട്ടികളോട് ആകർഷണം തോന്നി തുടങ്ങിയിരുന്നു. പ്രണയം തോന്നിത്തുടങ്ങിയിരുന്നു. അപ്പോഴൊക്കെ എന്നെ ഒരു പ്രശ്നക്കാരിയായാണ് എല്ലാവരും കണ്ടിരുന്നത്. മനു സി. കൃഷ്ണൻ എന്ന ആളുടെ ശരീരം മാത്രമേ ആളുകൾ കണ്ടുള്ളൂ. അപ്പോൾ ഞാനും അവരുടെ കണ്ണിൽ ഒരു സ്വവർഗ്ഗ പ്രേമിയായി മാറി. അതിനു ശേഷം പിജി പഠിക്കാൻ ദേവഗിരി കോളജിലേക്ക്. അവിടെ ചെന്നപ്പോൾ വീണ്ടും പഴയ പ്രശ്നം. എന്നെ ആരും ശ്രദ്ധിക്കുന്നില്ല. ആ അന്തരീക്ഷം എനിക്ക് ഒട്ടും ഇഷ്ടമായില്ല. അങ്ങനെ ഞാൻ രാജഗിരി കോളജിൽ അഡ്മിഷൻ കിട്ടി വന്നു. അവിടെ എനിക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. മാനസിക രോഗത്തിനുള്ള മരുന്ന് അപ്പോഴും ഉണ്ടായിരുന്നു. ഡോക്ടേഴ്സ് പറഞ്ഞത് എന്റെ ഹോർമോൺ ഘടന ശരിയായ

കിലും ഞാൻ ഒരു ഗേ ആണെന്നാണ്. അത് ശരിക്കും എനിക്ക് ഒരു ഞെട്ടൽ ആയിരുന്നു. എനിക്ക് തോന്നിയിരുന്നത് ഞാൻ ഒരു പെണ്ണാണെന്നാണ്. അന്ന് ട്രാൻസ് എന്നൊരു പദം പോലും ഇത്ര സ്വാഭാവികമായിരുന്നില്ല.

അപ്പോഴൊക്കെ ഞാൻ പറയാൻ ശ്രമിച്ചിരുന്നു. പക്ഷേ എന്റെ ബുദ്ധിമുട്ട് മനസിലാക്കാൻ അവിടെയാരും ഉണ്ടായിരുന്നില്ല. കോളേജിലേക്ക് വന്നപ്പോഴും ആളുകൾക്ക് വലിയ മാറ്റങ്ങൾ ഉണ്ടായില്ലെങ്കിലും എനിക്ക് മാറ്റങ്ങൾ ഉണ്ടാകാൻ തുടങ്ങി. 12 വർഷം കേന്ദ്രീയ വിദ്യാലയത്തിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കൂടെ പഠിച്ചപ്പോ അവിടെ എന്നെ കാണാൻ ആരും ഉണ്ടായിരുന്നില്ല. പക്ഷേ കോളേജിലേക്ക് വന്നപ്പോ ഒരു ട്രാൻസ് വുമൺ എന്ന നിലയിൽ മെൻസ് കോളേജിൽ ഞാൻ സന്തോഷവതി ആയിരുന്നു. തൃശ്ശൂർ, സെന്റ്. തോമസ് കോളേജിലായിരുന്നു എന്റെ പഠനം. റാങ്ക് പ്രതീക്ഷ ഉണ്ടായിരുന്ന അഞ്ചു പേരിൽ ഒരാളായിരുന്നു ഞാനും. പക്ഷേ ആ സമയത്ത് എന്നിൽ ഹോർമോൺ വ്യതിയാനങ്ങൾ ഉണ്ടാകാൻ തുടങ്ങി. അപ്പോഴേക്കും മാനസികമായി ഞാനൊരു പെണ്ണായി മാറാൻ തുടങ്ങിയിരുന്നു. പക്ഷേ ഡോക്ടേഴ്സ് എന്റെ അവസ്ഥയെ സ്വവർഗ്ഗ അനുരാഗമായി കണ്ടു. അതിനായുള്ള ചികിത്സ എന്റെ ശരീരത്തിൽ തുടങ്ങി.

പലരും എനിക്ക് എന്തോ പ്രശ്നമുള്ളത് പോലെയായിരുന്നു പെരുമാറിയിരുന്നത്. പക്ഷേ ഞാൻ എന്റെ ലോകത്തായിരുന്നു. ഒരാണിന്റേയോ പെണ്ണിന്റേയോ ഹോർമോൺ ഘടന അല്ല ട്രാൻസ്ജെൻഡറുകളിൽ. അത് കൊണ്ടാണ് എല്ലാവരും ഒരുപോലെ ആണെന്ന് പറയുമ്പോൾ ഞാൻ എതിർക്കുന്നത്. ട്രാൻജെൻണ്ടറുകൾ ഒരു പ്രത്യേക അവസ്ഥയിലുള്ളവരാണ്. അതിനെക്കുറിച്ച് ശരിക്കും പഠിക്കേണ്ടിയിരിക്കുന്നു.

പി.ജി.ക്ക് പഠിക്കുമ്പോൾ ഞാൻ ചില ട്രാൻജെൻണ്ടറുകളുമായി ബന്ധമുള്ള സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങി.

• മനുവിൽ നിന്നും വിജയ രാജ മല്ലികയാവുക എന്നത്, പുറത്തുനിന്ന് നോക്കുന്നവർക്ക് വളരെയധികം സുരക്ഷിതം എന്ന് തോന്നുന്ന ഒരവസ്ഥയിൽ നിന്നും ഏറെ ബുദ്ധിമുട്ടുകൾ നിറഞ്ഞ ഒരവസ്ഥയിലേക്കുള്ള മാറ്റമാണ്. വീട്ടുകാരുടേയുമൊക്കെ പ്രതികരണം എങ്ങനെയായിരുന്നു?

ഒരാണിൽ നിന്നും പെണ്ണിൽ നിന്നും സമൂഹം പ്രതീക്ഷിക്കുന്നത് രണ്ടാണല്ലോ. എന്റെ വിവാഹവും അങ്ങനെയായിരുന്നു. എന്നെ നിർബന്ധിപ്പിച്ച് വിവാഹം കഴിപ്പിച്ചു. എനിക്ക് ഇഷ്ടപെട്ട ഒരാളുണ്ടായിരുന്നു. പക്ഷേ, എന്റെ വീട്ടുകാർ അനുവദിച്ചില്ല. അന്ന് തെറ്റിയതാണ് എന്റെ സമനില. ഞാൻ ആരോടും അപേക്ഷിക്കാൻ പോയില്ല. ഒരുപാട് ബുദ്ധിമുട്ടുകളിലൂടെ കടന്ന് പോയി.

> ഒരാണിന്റേയോ പെണ്ണിന്റേയോ ഹോർമോൺ ഘടന അല്ല ട്രാൻസ്ജെൻഡറുകളിൽ. അത് കൊണ്ടാണ് എല്ലാവരും ഒരുപോലെ ആണെന്ന് പറയുമ്പോൾ ഞാൻ എതിർക്കുന്നത്. ട്രാൻജെൻണ്ടറുകൾ ഒരു പ്രത്യേക അവസ്ഥയിലുള്ളവരാണ്. അതിനെക്കുറിച്ച് ശരിക്കും പഠിക്കേണ്ടിയിരിക്കുന്നു.



ഉണ്ടായിരുന്ന സർക്കാർ ജോലി രാജിവെച്ചു. അങ്ങനെ വീട്ടുകാർ എന്നെ വിവാഹം കഴിപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. എന്റെ അവസ്ഥ പറഞ്ഞു കഴിഞ്ഞാണ് വിവാഹം കഴിക്കുന്നത്. പക്ഷേ, ഒരിക്കലും അത് അംഗീകരിക്കാൻ പറ്റുന്ന അവസ്ഥയിൽ അല്ലല്ലോ. അങ്ങനെ ആ വിവാഹ ബന്ധം ഒഴിഞ്ഞു. പക്ഷേ ഒന്നുണ്ട്, ഒരാണിന്റെ വേഷത്തിൽ ഞാൻ നടന്നപ്പോൾ അനുഭവിച്ച ഒന്നും എനിക്കിപ്പോൾ അനുഭവിക്കേണ്ടി വരുന്നില്ല. എനിക്കിപ്പോൾ എന്നെ എക്സ്പ്രസ്സ് ചെയ്യാമല്ലോ.

• ട്രാൻസ്ജെൻഡർ പോളിസി നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. ജോലി രാജി വെക്കേണ്ടി വന്ന ഒരു സാഹചര്യത്തിൽ നിന്നും കേരളത്തിൽ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ?

നടപ്പിലാക്കിയോ? പേപ്പറിൽ ഉണ്ട്. ഒരു മാറ്റവും വന്നിട്ടില്ല. കുറച്ച് രാഷ്ട്രീയക്കാർ വിചാരിച്ചാൽ ഇക്കാര്യത്തിൽ ഒരു മാറ്റവും വരില്ല. അതുകൊണ്ടാണ് ഞാൻ ഇപ്പോൾ മതസ്ഥാപങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നത്. രാഷ്ട്രീയമത സ്ഥാപനങ്ങൾ ഒന്നിച്ച് പ്രവർത്തിച്ചാൽ മാത്രമേ എന്തെങ്കിലും വ്യത്യാസമുണ്ടാകൂ. മത സ്ഥാപനങ്ങളുടെ മനോഭാവം മാറുമെന്ന് വിചാരിച്ച് നയങ്ങൾ നടപ്പിലാക്കിക്കൊണ്ടിരുന്നിട്ട് ഒരു കാര്യവുമില്ല. നിങ്ങൾക്ക് ഒരു കുഞ്ഞുണ്ടായി കഴിയുമ്പോൾ എങ്ങനെ നിങ്ങൾ വളർത്തും എന്നതാണ് ആലോചിക്കേണ്ടത്. അതിൽ മതങ്ങൾക്ക് സ്വാധീനിക്കാൻ കഴിയുന്നത് പോലെ മറ്റൊന്നിനും കഴിയില്ല.

ഒരു ട്രാൻസ്ജെൻഡർ സ്കൂൾ ആരംഭിക്കാൻ ഒരു കത്തോലിക്ക സ്ഥാപനം സഹായിക്കുന്നത് ഇത് ലോകത്താദ്യമായാണ്. കാത്തോലിക്കാ സ്ഥാപനങ്ങൾ ട്രാൻസ്ജെൻഡർ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യേണ്ട ആവശ്യകത തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. ലിംഗത്തെ കുറിച്ചുള്ള കാഴ്ചപ്പാട് വികസിപ്പിച്ച് കൊണ്ടിരിക്കുകയാണ്. ഇതൊരു സ്വാഭാവികമായ ഒരു കാര്യമാണ് എന്ന് മതസ്ഥാപനങ്ങൾ തിരിച്ചറിയേണ്ടി യിരിക്കുന്നു. എത്രപേർക്ക് അറിയാം ഇങ്ങനെ ഒരു നയം നിലവിലുണ്ടെന്ന്. കെ എസ് ആർ ടി സി ബസ്സിന്റെ പുറത്തു പോലും ഇതൊന്നും പരസ്യപ്പെടുത്തിയിട്ടില്ലല്ലോ. അപ്പോൾ നയം ഉണ്ടായത് കൊണ്ട് കാര്യവുമില്ല.

ചലച്ചിത്രമേളയിൽ വലിയ പങ്കാളിത്തം ട്രാൻസ്ജെൻഡറുകൾക്ക് കിട്ടി എന്ന് പറയുന്നു. സർക്കാർ ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്നത് ശരിയാണ്. പക്ഷേ, സെൻട്രൽ സർക്കാരിന്റെ ഒരുപാട് നല്ല പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കാതെ പോകുന്നുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയ തമിഴ്നാട്ടിൽ സൗജന്യമാണ്. എല്ലാ നയങ്ങളും വരുന്നതിനു മുമ്പേ തമിഴ്നാട്ടിലുണ്ട്. കേരളത്തിൽ എന്തുകൊണ്ട് ഒരു ട്രാൻസ്ജെൻഡർ

**ട്രാൻസ്ജെൻഡറുകൾ ഇല്ലാത്ത ഒരൊറ്റ മത ഗ്രന്ഥം പോലുമില്ല. എല്ലാ മതങ്ങളുടെ വിശ്വാസമനുസരിച്ച് ആണിനേയും പെണ്ണിനേയും സൃഷ്ടിച്ചത് ദൈവമാണ്. അപ്പോൾ ദൈവത്തിന്റെ ലിംഗം എന്താണ്. ഇതേ ദൈവം തന്നെയാണ് ട്രാൻസ്ജെണ്ടറുകളെ സൃഷ്ടിച്ചത്. അതും സ്വാഭാവികമാണപ്പോൾ?**



വെൽഫെയർ ബോർഡ് പോലുമില്ല. കുടുംബശ്രീയുമായി സഹകരിച്ച് എന്തോ പദ്ധതി നടപ്പിലാക്കുന്നു എന്ന് കേട്ടു. എത്ര പേർ അതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മെട്രോയിൽ ജോലി കൊടുക്കും കേട്ടു. എന്ത് ജോലിയാണ് നൽകുക? ഇവിടെ സഹതാപമാണ് മുഴുവൻ. ലൈംഗിക തൊഴിലിലേക്ക് തിരിയുന്നത് അംഗീകരിക്കാൻ സാധിക്കുകയില്ല. അതിനെ ചിലർ പ്രോത്സാഹിപ്പിക്കുന്നത് സ്വാർത്ഥ ലക്ഷ്യങ്ങളോടെയാണ്. വിവാഹത്തിന് മുമ്പുള്ള കോഴ്സുകളിൽ ശരിക്കും ഉൾപ്പെടുത്തേണ്ടത് ഇത്തരം കാര്യങ്ങളാണ്. സ്വയം തിരിച്ചറിയാതെ ഒരാളെ വിവാഹം കഴിച്ചാൽ അത് എപ്പോഴും ശരിയാകണം എന്നില്ല. വിവാഹം ചെയ്യുന്ന വ്യക്തിയുടെ താത്പര്യങ്ങൾ പരിശോധിക്കാതെയാണ് പലപ്പോഴും വിവാഹം നടക്കുന്നത്. കോഴ്സുകളിൽ അതൊക്കെയാണ് പരിശോധിക്കാൻ പ്രേരിപ്പിക്കേണ്ടത്. അല്ലാതെ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങൾ പറഞ്ഞിട്ട് എന്ത് കാര്യം?

അതുപോലെ സ്ത്രീകളുടെ പരിമിതി മറികടക്കാൻ ട്രാൻസ്ജെൻഡറുകളെ ഉപയോഗിക്കുന്നവർ ഉണ്ട്. കോമഡി ഷോകളിൽ ഒക്കെ വളരെ വികൃതമായാണ് കാണിക്കുന്നത്. എങ്ങനെയാണ് അത് അനുവദിക്കുക. പല സോഷ്യൽ ആക്റ്റിവിസ്റ്റുകളെയും വിശ്വസിക്കാൻ പ്രയാസമാണ്, കാണുന്നതല്ല ലോകത്തിന്റെ ശരിയായ നിലപാട്. ലൈംഗിക ഉപാധിയായി ട്രാൻസുകളെ ഉപയോഗിക്കുന്നതിന് ഞാൻ എതിരാണ്.

ട്രാൻസ്ജെൻഡറുകൾ ഇല്ലാത്ത ഒരൊറ്റ മത ഗ്രന്ഥം പോലുമില്ല. എല്ലാ മതങ്ങളുടെ വിശ്വാസമനുസരിച്ച് ആണിനെയും പെണ്ണിനെയും സൃഷ്ടിച്ചത് ദൈവമാണ്. അപ്പോൾ ദൈവത്തിന്റെ ലിംഗം എന്താണ്. ഇതേ ദൈവം തന്നെയാണ് ട്രാൻസ്ജെണ്ടറുകളെ സൃഷ്ടിച്ചത്. അതും സ്വാഭാവികമാണപ്പോൾ? സഹജ് എന്ന് ഈ സ്കൂളിന് പേരിട്ടിരിക്കുന്നത് അത്കൊണ്ടാണ്. പ്രകൃതിയിൽ നിന്ന് ജനിച്ചവരാണ് ഞങ്ങളും. വീ ടൂ ആർ ബോൺ ഫ്രം നേച്ചർ.

• ഇതൊരു റെസിഡൻഷ്യൽ സ്കൂൾ അല്ലേ, വീണ്ടും ഒറ്റപ്പെടുത്തുകയല്ലേ അപ്പോൾ?

അല്ല. സുരക്ഷിതമായ ഒരു പാർപ്പിടം ഇല്ലാത്തവർക്ക് അതൊരുക്കുകയാണ് ഞങ്ങൾ. ഞങ്ങൾ ഈ സ്കൂൾ തുടങ്ങാനുള്ള സ്ഥലമന്വേഷിച്ച് എഴുനൂറ് പേരെയെങ്കിലും ഞാൻ കണ്ടു കാണും. അവസാനമാണ് ഞങ്ങൾ ഇവിടെ എത്തുന്നത്. കാടായിരുന്നു ഇവിടെ മുഴുവൻ. അതൊക്കെ ശരിയാക്കി ഞങ്ങൾ മനസ്സിലാഗ്രഹിച്ച പോലെ ഒന്നാക്കി മാറ്റുകയായിരുന്നു. ഇവിടെ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പരിസരവാസികളുടെ ഒരുപാട് സഹായമുണ്ട്. ഇനി ആളുകൾ ഇതിന്റെ ആവശ്യം തിരിച്ചറിയണം. ട്രാൻസ്ജെണ്ടറുകൾ കടന്നുവരണം. പിടിച്ചുപറികൾ നടക്കുന്ന സ്ഥലങ്ങൾ കൊച്ചിയിൽ തന്നെയുണ്ട്. അതിൽ നിന്നൊക്കെ അവർ മാറാനുള്ള ഏക വഴി പഠനമാണ്. ഇവിടെ ഇവർക്ക് താമസവും, ഭക്ഷണവും കൊടുക്കും. വൈകാതെ സർക്കാരിന്റെ ഫണ്ടുകൾ ലഭിച്ചുതുടങ്ങും. സഹായിക്കാൻ കുറച്ച് പേരുണ്ട്. പക്ഷേ, ട്രാൻസ് സമൂഹത്തിൽ നിന്ന് തന്നെ കൂടുതൽ പിന്തുണ ലഭിക്കണം എന്നാണ് എന്റെ ആഗ്രഹം. സംഘടിക്കാത്ത ഒരുപാട് ട്രാൻസുകൾ ഉണ്ട്. അവരും ബുദ്ധിമുട്ടുകൾ കാരണം പഠനം നിർത്തിയവരാണ്. അവരിതിലേക്ക് കടന്ന് വരാൻ സ്വാഭാവികമായും പ്രയാസമാണ്. ഫെബ്രുവരി രണ്ടാമത്തെ ആഴ്ചയോട് കൂടി ക്ലാസുകൾ തുടങ്ങാം എന്നാണ് എന്റെ പ്രതീക്ഷ.

ഫെബ്രുവരിയോട് കൂടി ഇവിടെ കുറേപേരുടെ സ്വപ്നങ്ങൾക്ക് വീണ്ടും ചിറക് മുളക്കും. ഒരുപ്പാട് ആളുകളുടെ സഹായത്തോടെ ബോർഡും ബെഞ്ചും സ്പോർട്സ് കിറ്റുകളുമായി സഹജ് ലേർണിംഗ് സെന്റർ അവർക്ക് ഒരാശ്രയമാകും.

വിജയ രാജ മല്ലിക പങ്കുവെച്ചത് അവരുടെ മാത്രം സ്വപ്നമല്ല. സഹജ് ലേർണിംഗ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതോട് കൂടി ട്രാൻസ് സമൂഹത്തിന്റെ ഉന്നമനകൾക്കായുള്ള പ്രവർത്തനങ്ങൾക്ക് പുതിയൊരു മാനം കൈവരുകയാണ്. വിദ്യാഭ്യാസം എന്ന സ്വപ്നം പാതി വഴിയിൽ തന്റേതല്ലാത്ത കാരണങ്ങളാൽ പൊലിഞ്ഞുപോയ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം തുടരാനാവട്ടെ. അതിനുമപ്പുറം നൂറ്റാണ്ടുകളായി വേരുറച്ചുപോയ വികലമായ കാഴ്ചപ്പാടുകൾ മതങ്ങൾ തിരുത്തട്ടെ.

JIS SEBASTIAN

# Hey woman, Can you be a herald of the ENVIRONMENT

**Woman**!!! How powerful are you as a woman? What does 'being woman' mean to you? In Indian culture, the woman used to make a living for the family. She was physically fit enough to fetch available resources to feed her man and kids! What were the qualities that women possessed in order to be a hunter amidst woods and mountains? Could it be compassion? Or natural instincts like those of a mother bird?

People often say "be like a man, walk like a man, talk like a man" to instruct a man if he exhibits feminine characteristics. So, are the feminine qualities that make a woman different from man a mark of weakness or humiliation? Man



can easily renounce; whereas a woman cannot because of her motherhood instincts and sense of attachment prevails. If man and woman are unique or not equal aren't they supposed to fulfil each other? They have to help each other to become complete. Osho, Mahatma Gandhi are some who have learned it and did try to gain feminine qualities like compassion, love, and patience to become a complete individual. Man has to grow into a woman to become a wonderful man! A woman has to learn from Man how to renounce to know what spirituality means!

Today, a woman in their menstrual cycle is a bad omen in a few places and in others she has to keep herself away from rest of the family. In the golden days of women, she used to be a mediator of God for her community while she menstruated. It was she who used to bring messages, perform miracles and give blessings in her clan or community. It was the historical subversion that happened when the warrior instincts of men survived his nomadic life and established his own territories/nations when women withdrew into homes. The 'his story' was further designed without her but influenced by war and blood! Ecofeminism is based on a belief that oppression of nature is closely related to oppression of women. She is more close to nature due to her maternal instincts and therefore becomes naturally sensitive towards the environment and fellow beings that give birth.

In Uttarakhand, women compete for 'village queen' who can cut grasses without disturbing other herbs. It is a proud achievement for a rural woman to be able to cut grass while caring for other lives. This is the kind of empowerment and promotion that can develop environmentally conscious women in any culture. This blessing of sensitivity towards nature has to go on. Once a woman empathizes for the environment she can never ignore any reason that can possibly hurt the nature or environment. How strange it is that our young woman isn't connected to any form of life around them. It happens when a culture or tradition deteriorates owing to the mistakes of elder generations.

There are many ways to become an ecologically conscious woman. For instance, let us take the example of sanitary napkins. I was shocked to learn that the sanitary napkins that replaced cloth in course of time are a huge menace to entire India and also to Kerala. They usually end up in landfills or when burnt, release dioxins into the atmosphere. Environment portal 'Down to Earth' estimated that 432 million pads are disposed every month. The environmental and hygienic consequences of plastic sanitary pads made me look for other alternatives for an environment-friendly, healthy

*Village queens*



Gyansu Devi, Bimla Devi and Indira Devi who won the 'Best Ghasyari' contest, where they cut grass for fodder, without destroying other plants in the hills of Tehri Garhwal in Uttarakhand. — PHOTO:

and hygienic menstruation. That is how the world of cloth pads, sea sponges, tampons, menstrual cups opened up to me! How do they help? According to health science, the alternatives of sanitary napkins are the best in terms of hygiene and the environment. Cloth pads are economic, friendly, ecologically friendly and healthy. They look cute too! But the number of times you can use them may be limited. The star of the time is menstrual cup! They are healthy because of high quality inert silicone, travel-friendly and 'eco'- (ecological and economical) friendly option for a grown up woman. Remember, a single menstrual cup can take you through ten years of your moon cycle, save your money and make you an ultra-modern woman in front of others.

It is you who mould the coming generations. If you really wish for a healthy generation of yours, make sure you leave them with options for a healthy environment such as good air, good water, and good soil! It is you who can make huge changes in a society by choice out of environmental consciousness. Be a herald of the environment; be eco-feminine!

അഭിജിത് ഡി.കെ.

# ഓർമ്മയിലെ അദൃശ്യത്തെ അതിജീവനം

ഇരുണ്ട അന്തരീക്ഷം. ഒരു സെല്ലുലോയ്ഡിലെന്നപോലെ മേഘങ്ങൾ വീണ്ടും ഓടിപ്പോകുന്നു. ഒരുപക്ഷേ അതാണ് എന്റെ ജീവിതം. ഇതിലെ മേഘങ്ങൾ വീണ്ടും ഓടിപ്പോകുന്നു. വീണ്ടും ഞാൻ ചിരിക്കുന്നു. കുഞ്ഞിവാവയുടെ കയ്യിലെ ബാർബി പാവ പോലെ. എന്റെ പല്ലുകൾ ചുണ്ടിനു വെളിയിൽ ഒരു മഴവില്ല് തീർത്തു. എന്റെ വെളുപ്പാൻകാല സ്വപ്നങ്ങൾ കൊളുത്തില്ലാതെ അടച്ച ജനലിൽ തട്ടി പറന്നുപോയി.

ഭിത്തിയിലോടുന്ന കറുത്ത ഉറുമ്പാണ് ഇപ്പോൾ ഞാൻ. പെട്ടെന്നൊന്നുമല്ല അത് സംഭവിച്ചത്. അന്ന് ഞാൻ കുഞ്ഞായിരുന്നു. അച്ഛന്റെ ഉടലിൽ ഉരത്തിന് മൂർച്ചവെച്ച പൂച്ചക്കുഞ്ഞ്. നഷ്ടബോധം തൊട്ടുതീണ്ടാത്ത കുഞ്ഞിപ്പൂച്ചക്കുഞ്ഞ്. ഒടുവിൽ എന്റെ

ബാർബി ബസിൽ വച്ച് കളഞ്ഞു പോയി. പെറ്റിക്കോട്ട് ഊരിമാറ്റപ്പെട്ടു. കാലിനിടയിൽ ഒരു തുണികഷ്ണം വെച്ച ഞാൻ... കലങ്ങിയ കണ്ണുമായി ആ വെളുപ്പാൻകാലത്ത് പൈപ്പിൻ ചോട്ടിൽ ഇഷ്ടമില്ലാതെ കുളിച്ചപ്പോൾ വീണ്ടും... ജനാലയിൽ ആ കണ്ണുകൾ... കണ്ണുകളിൽ കുമ്പിച്ചുപോയ കുഞ്ഞുമുലകൾ.

എന്റെ ബാർബി വീണ്ടും വളരുകയാണ്. മാർക്ക് കുറഞ്ഞതിന് ഹൈസ്കൂളിലെ ഏറ്റവും മൂത്രം മണക്കുന്ന ടോയിലറ്റ് മൂലയിൽ പോയി ഞാൻ പൊട്ടിക്കരഞ്ഞു. എനിക്ക് ലോകം തീർന്നപോലെ തോന്നി. വാതിൽക്കൽ കാത്തുനിന്ന കൂട്ടുകാരിയുടെ അടുത്തേക്ക് യൂണിഫോമിനടിയിലെ ചോരപെറ്റികോട്ടിൽ മുഖം തുടച്ച് ഞാൻ പുറത്തേക്ക് വന്നു. ഓർമയിലെ ആദ്യത്തെ അതിജീവനം. അന്ന് എന്റെ ബാർബി പട്ടിണിയിലായിരുന്നു. വിടർന്ന കൺപീലികൾക്കിടിയിൽ കണ്ണീർ തളംകെട്ടിനിന്ന ആ രാത്രിയിൽ ഞാൻ തുറന്ന ജനലിലൂടെ കണ്ടത് എന്നെനോക്കി കരയുന്ന നക്ഷത്രങ്ങളെയായിരുന്നു... ഞാനും സ്വപ്നം കണ്ടു, കുതിരപ്പുറത്തുകയറി എന്നെ രക്ഷിക്കാൻ വരുന്ന രാജകുമാരനെ. പക്ഷേ എന്റെ രാജകുമാരന് അച്ഛന്റെപോലെ താടിയും മീശയും ഇല്ലായിരുന്നു. പിന്നെ എല്ലാനിറങ്ങളും സന്നിവേശിച്ച മുഖമായിരുന്നു അത്. പക്ഷേ പഴയ കാലിനിടയിലെ ചോരത്തുണി ഇടയ്ക്കെവിടെയോ മാത്രം മുങ്ങാൻ തുടങ്ങി. രാജകുമാരന്റെ മുഖത്തെ നിറങ്ങൾ ഒന്നൊന്നായി തീരുകയും ഒടുവിലത് തവിട്ടുനിറം മാത്രമാകുകയും ചെയ്തു. വീണ്ടും ഞാൻ കൊളുത്തില്ലാത്ത ജനാലയിലൂടെ പഴയ നക്ഷത്രങ്ങളെ നോക്കി... ചിരിക്കാൻ അവരവിടെയില്ല. ഇലചാർത്തുകളിൽ ശു ശു വിളിക്കുന്ന മരപ്പട്ടികൾ മാത്രം.



മനു എസ്. നായർ



# ഞാൻ

പ്രേതം
കായലിൽ ചാടി മരിച്ചവന്റെ പ്രേതം
വെള്ളം കിട്ടാതെ അലഞ്ഞു,
ദാഹിച്ചപ്പോൾ അത് കണ്ണു കീറി
ചോര കുടിച്ചു...

ഫോട്ടോ
അവർ പറഞ്ഞു ഫോട്ടോ
എടുക്കാം...
പക്ഷേ ഞാൻ മാത്രം പതിഞ്ഞില്ല,
ഫോട്ടോയിലും അവരുടെ മന
സിലും.

ചിത
തെളിഞ്ഞു കാണുന്ന എന്റെ
വാരിയെല്ലുകൾ വലിച്ചൂരി
അവളുടെ ഓർമ്മകൾക്ക്
ഞാൻ ചിതയൊരുക്കി,
കത്തുന്ന ചങ്കിലെ തീയെടുത്ത്
ഞാൻ ആ ചിതയ്ക്ക്
തീ കൊളുത്തി...



മുറിവ്
ജാതകത്തിലെ രാഹുകേതുവായ
ഒരു വ്യാഴാഴ്ച,
കാണിപ്പയ്യൂരിന് തെറ്റിയില്ല
എന്റെ വണ്ടിയിടിച്ചു.
കറുത്ത ടാറിൽ ചുവപ്പ് പടർന്നു,
കൈയിലാകെ പാപത്തിന്റെ
ചോരപ്പാടുകൾ.
വേദനയിൽ തലതല്ലി മരിച്ച് ഞാൻ
വീണ്ടും ജനിച്ചു.
അമ്മയെന്നെ തോളത്തു ചേർത്ത്
മുറിവിൽ സ്നേഹം നനച്ചു.
പക്ഷേ,
അന്നെനിക്ക് മനസിലായി
പലരുടേയും ഓർമ്മയുടെ
പുസ്തകത്തിൽ നിന്നു ഞാൻ
മാഞ്ഞുപോയെന്നു.
ചിന്തകളിൽ ഞാൻ ചിതലരിച്ചു

ഓർമ്മ
നെഞ്ചിന്റെ നെരിപ്പോടിൽ
ഓർമ്മകൾ കനലാക്കി,
കെടാതെ കാത്ത് ഞാനാ
മൺവിളക്ക്,
ഉയരുന്ന പുകയിൽ നിന്നും
ചാരം പെറുക്കി,
ചൂടിൽ സ്വയമെരിഞ്ഞ്,
അരികിലവർ ഉണ്ടെന്നോർത്ത്
ആ വാതിൽ ഞാൻ
തുറന്നിട്ടു.
അറിഞ്ഞില്ല അവരേറെ [illegible]
അകന്നു പോയെന്ന്...

**മരണം**

കൂട്ടു കൂടാനും കൂടെ നടകാനും
ആളില്ലെന്നു കണ്ടപ്പോൾ
അവൻ കരിയിലകളെ കൂട്ടുപിടിച്ചു.
കണ് മുന്നിൽ നടന്നിട്ടും അവർ
കാണാഞ്ഞപ്പോൾ
അവന് ആ കരിയില കൂട്ടിയിട്ടു...
പിൻവിളികൾ
കേൾക്കാതായപ്പോൾ
അവന് അതിനു തീയിട്ടു,
കരുതാൻ ആരുമില്ലാത്തതു
കൊണ്ടവൻ ആ തീയിൽ ചാടി
മരിച്ചു...

**ചോര**

പൂക്കൾ വിതറി എനിക്ക്
വഴിതെളിച്ചവർ,
എന്റെ വാക്കിനായ്
കാതോർത്തവർ,
എന്നെ കാണാൻ കാത്തിരുന്നവർ,
അമ്പലമണിയും അൾത്താരയും
എനിക്കായ്
അലറിയ കാലം കടന്നു പോയി.
ഇന്നവർക്കെന്റെ ചോര വേണം.

ഞാൻ വാടിയ പൂ,
വിലകെട്ട പുല്ല്,
തെറ്റിയ വാക്ക്,
ശകുനപ്പിഴ,
ഇന്നവർക്കെന്റെ ചാവ് കാണണം,
അവരുടെ കല്ലേറേറ്റു ഞാൻ
നടന്നു, തളർന്നു, മരിച്ചു.
ദൈവം എന്നോട് പറഞ്ഞു,
'ചെയ്യാൻ പാടില്ലാത്തതു നീ
ചെയ്തു നീ അവരെ സ്നേഹിച്ചു.'

**കാരണം**

'അറുത്തു മാറ്റിയില്ല ഞാൻ ആ
ചെടികളെ,
എന്റെ പൂന്തോട്ടത്തിൽ നിന്നും...
ഇരുട്ടുമൂടിയെൻ ആത്മാവിനെ
അവ പൂവണിയിച്ചില്ലെങ്കിലും.
എന്റെ ചങ്കിലെ ചോരയൂറ്റിയവർ
വളർന്നു പൊങ്ങിടട്ടെ,
എന്റെ കണ്ണീരു കുടിച്ചവർ
പൂത്തുലയട്ടെ,
എന്റെ ചോര കുടിച്ചവർ
രസിക്കട്ടെ,
എന്റെ ശ്വാസം നിലച്ചിടാം
ഞാൻ മണ്ണോടു ചേർന്നിടാം,
പക്ഷേ, ആ പൂക്കൾക്കെന്റെ
നിറം,
അവയ്ക്കെന്റെ മണം'

**ഓർമ്മകൾ**

ഈ പകലിനു ആയുസ്സ്
തീരുമ്പോൾ,
എരിയുന്ന സൂര്യനും,
ഇരുളുന്ന രാവിനൊപ്പം,
മടങ്ങുന്നു പലതും,
ഓർമ്മകൾ, നൊമ്പരം, പുഞ്ചിരി.
പിന്നെയോ.
ഓർമ്മിച്ചിരിക്കേണ്ട നീയും
കിനാക്കളും.
നിന്നെ എനിക്ക് തന്നെയീ രാവ്
പിരിയുമ്പോൾ,
നഷ്ടപ്പെടാതെ നീ നെഞ്ചോട് ചേരും.
നൂറുനൂറു ഓർമ്മകൾ ഓടി
പിരിഞ്ഞാലും,
നീയെന്നും എന്റേതായി മാറും,
എങ്കിലും അകതാരിൽ വേദന
യാണിന്നു,
പോയ്പ്പോയ കാലത്തെയോർത്ത്,
പങ്കുവെച്ചും കളിച്ചും ചിരിച്ചും നാം,
പതിരല്ലാതാക്കിയ നല്ല കാലത്തെ,

ആദ്യമായ് കണ്ടതും, പുഞ്ചിരി
തന്നതും,
അന്നാദ്യമായി നീ എന്നിൽ
നിറഞ്ഞതും.

ആയുസ്സ് കുറയുന്നു,
രാവിതാ തീരുന്നു,
മനതാരിൽ നിന്ന് ചിത്രവും
നിറയുന്നു,
വിട പറഞ്ഞകലുന്നയീ രാവും
താരവും,
പിരിയാതെ നിൽക്കുന്നു നീയെന്റെ
ചന്ദ്രികേ,
പിരിയാതെ നില്കുന്നു നീയെന്റെ
ജീവനിൽ.



ഓർമ്മയിൽ
ഒ.എൻ.വി. കുറുപ്പ്

തെക്കേ അതിരിൽ നിൽക്കുന്ന ഇലഞ്ഞിയിൽ നിന്ന്
പൂക്കൾ കൊഴിഞ്ഞു വീണുകൊണ്ടിരിക്കുന്നു.
പൂക്കളുടെ ഗന്ധവും പേറി യാത്ര തുടരുന്ന കാറ്റ്,
അല്പനേരം അവിടെ വിശ്രമിക്കുന്നു.
ഇലകളിൽ തട്ടിത്തടഞ്ഞ് അപ്പൂപ്പൻതാടി
പുതുജീവനും പേറി പാറി നടക്കുന്നു.
അതിരിലെ ചെമ്പകവും നീർമാതളവും പരസ്പരം
കിന്നാരം പറയുന്നത് പോലെ അതിലെ പൂവുകൾ
ഒന്നിച്ചുചേർന്ന് ചിരിക്കുന്നു.
വേലിയിലിൽ പടർന്നു കയറിയ പൂക്കൾ നിശബ്ദമായി
ആരെയോ ശ്രവിക്കുന്നു.
നീണ്ട യാത്രയ്ക്ക് ശേഷം കിളികളെല്ലാം
തന്റെ കൂടുകളിൽ ചേക്കേറി.
ചിന്നി ചിതറി പാഞ്ഞ നിറങ്ങളെയെല്ലാം തന്നോട് ചേർത്ത്
ആകാശം മൗനമായി നിൽക്കുന്നു.
നിഴലും നിലാവും കൂടിപിണഞ്ഞു കിടക്കുന്ന തൊടിയുടെ
അങ്ങേ അതിരിലെ പൂത്ത നെല്ലി മരത്തിനു ചുവട്ടിൽ
സൗന്ദര്യം നിറഞ്ഞ ഹൃദയവുമായി ഒരാൾ പാടി
കൊണ്ടിരിക്കുന്നു.

'ഭൂമിയെ സ്നേഹിച്ച ദേവാംഗനയൊരു
പൂവിന്റെ ജന്മം കൊതിച്ചു
ഒരുവരുമറിയാതെ വന്നു
മണ്ണിൽ ഒരു നിശാഗന്ധിയായ് കൺതുറന്നു.'

സിദ്ധാർത്ഥ് ഭട്ടതിരി

# ക്ലോൺ-
# കാനേഷുമാരി

ഇണകൾ ഇരുട്ടത്ത് ചുരുട്ടുവലിക്കുകയായിരുന്നു;
പുരുഷന്റെ തന്ത ഐൻസ്റ്റീൻ തന്നെയായിരുന്നു;
അതെ, ആ പുരുഷൻ ശാസ്ത്രം തന്നെയായിരുന്നു;
സ്ത്രീയോ, പുരുഷമാർക്സിന്റെ അസ്ഥിവാരങ്ങളിൽ നിന്ന്
വാരിയ വാരിയെല്ലിൽ നിന്ന് കിളിർത്ത മനുഷ്യത്വവും.

ചുരുട്ടുക്കുറ്റിക്കെടുത്തിയവർ നടന്നു;
നിശാഗന്ധങ്ങൾക്കു നടുവിൽക്കിടന്നിണ ചേരുവാൻ.

കിടക്ക പുരുഷന്റേതായിരുന്നു;
രതിവിശപ്പുകൾ കെട്ടടങ്ങിയുറങ്ങുന്നതുവരെയവൻ
അവളുടെ മുടിയേയും മുലയേയും പരിഹസിച്ച് കിടന്നു.

അവൻ തന്റെ നെഞ്ചളവിന്റെ പരീക്ഷ വിജയിച്ചു;
അവളവളുടെ അഴകളവുകളുടെ പരീക്ഷ തോറ്റു;

കലികയറിയ പെണ്ണ് തന്റെ ഗർഭപാത്രത്തിൽ കയ്യിട്ട്
വളർച്ച മുരടിച്ച ഭ്രൂണത്തെ വലിച്ച് പുറത്തിട്ടു;
അതുവഴി വന്ന ഒരു പോലീസുകാരൻ
അതിനെ തന്റെ പോക്കറ്റിലേയ്ക്ക് എടുത്തിട്ടു;
സ്വന്തം വളർത്തു മൃഗത്തിനെ തീറ്റിപ്പോറ്റാൻ

ഈ കവിതയെഴുതിയുറങ്ങുമ്പോൾ ഞാനൊരു സ്വപ്നം കണ്ടു;
ടെസ്റ്റ്യൂബിൽ മനുഷ്യ ക്ലോണുകളിറങ്ങുന്നു;
അവർ ബി ടി വഴുതനകളുടെ മുലകുടിച്ച് വിശപ്പാറ്റുന്നു;
മനുഷ്യകാനേഷുമാരികളിൽ സ്വന്തം തലയുമെണ്ണുന്നു
തെരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്ത് രാഷ്ട്രാധിപന്മാരെ കണ്ടെത്തുന്നു.

NOEL MARIAM GEORGE



# WHAT DOES IT MEAN TO BE A LIBERAL IN INDIA?



**The** liberal hates the ghetto, particularly the ghetto of the mind. S/ he is the freedom-loving, open-minded, tolerant pluralist. As John f Kennedy says: "The liberal is someone who looks ahead and not behind; someone who welcomes new ideas without rigid reactions; someone who cares about the welfare of the people, their health, housing, schools, jobs, civil rights and civil liberties. Someone who believes we can break through the stalemate and suspicions that gulp us in our policies abroad". The liberal is non dogmatic, non doctrinate and not committed to any cause. Or so, the liberals would have us believe.

The 'liberal', in the modern contest is a far more complex title. Since even the tolerant liberal is tolerant only as long as you agree with his/her viewpoints. Being a non-liberal puts one at the risk of being tagged a racist, sexist, homophobic, Islamophobic, xenophobic, Hindutva-loving, corporate indulgent bigot. Either viewpoints are lazy reductionisms of the liberal philosophy. It is much more nuanced, for the liberal, (at least in India), as an inhabitant of 'in-between'.

So the history of the liberal philosophy is a story of 'in-betweeness'. Mainstream history has taught us that the liberal philosophy is a western concept. Conventional wisdom would point to the 16th century, the momentous century of the Renaissance. For it was then that humanism emphasised the importance of the individual. It made the study of man through his actual behaviour instead of understanding him through rigid, doctrinate formulae. The early humanists are all Christian white men–Erasmus, Colet and More. The key liberal thinkers too are remembered as western men like Hobbes, Locke, Mill, Green, Keynes and Rawls. But the history regulated by a concept of singularity, paints a flawed picture. For the liberal philosophy, liberal in its very birth, is not a western idea. It has its roots in the confluential Mediterranean, where the East and West meet, where Christianity and Islam converge. The forgotten history of the liberal philosophy traces its origin in the most unlikely of places, for the key exponents of it were Muslims of Turkic, Arabic and Persian origin. Ibn Sina, or Avicenna, as he is popularly known, produced a defence of independent enquiry and scientific reason in the 11th century. He tried to reconcile rational philosophy with Islamic theology. Ibn Rushd, supported this by upholding the autonomy of critical rational thought and reflected on the notion that faith did not have a monopoly over truth. Ibn Khaldun was a key representative of the rationalist Islamic thought. All these influences converged and gave rise to the liberal philosophy and the understanding of the individual. Feudalism was overcome, the church, stripped of its power and a new democratic state, and was established. These events had occurred, seeking inspiration from the muffled noises that spoke against the overpowering caliphate in the east. Soon after, the liberal philosophy spread from the political to the economic arena in the west. The concept of laissez faire or the free market was developed. One of its chief exponents, Adam Smith emphasised that the state should not act as a watchdog of the economy, instead, should let market forces determine its course. It gave rise to one of the dominant ideologies of the 20th century–capitalism, the machinery through which MNCs today work in the globalised economy. In the 21st century, liberal ideas have evolved from capitalism to the concept of welfare state.

The economic concept of liberalism might be a western idea, but its political seeds are a result of East West confluence. The Europeans can be forgiven for mistaking the liberal philosophy to be theirs exclusively. Such was the success of colonialism, that Europe believed

itself to be the centre of the world. Moreover, amidst the attacks of tyranny, the initial liberals were declared heretics in their own lands. The philosophy did not succeed to establish itself in the lands of its birth. Modern context often emphasises the binary distinction of the liberal and conservative. But given its confluential history, there is the need to rethink. Who is the liberal? Who is the conservative? These are questions that need answers especially in a pluralistic country like India where these distinctions are ambiguous.

India is a cultural web of intricately connected people having different ethnicities, languages and religions. There is no 'one' single factor that connects all Indians. It is a heterogeneous, plural society with "schizophrenic diversity", as Rama Bijapurkar would say. There are 23 official languages and many other local tongues with thousands of dialects each having its unique local flavour. On top of all this, there are many many religions and ethnic groups. Shashi Tharoor says, "All of us are a minority in India", as the numerous divisions here ensure that we, as Indians, can never find a common ground other than our nationality. But contrary to Indian pluralism, there is rising fundamentalism, the Hindutva. Powerful organisations like the VHP (Vishwa Hindu Parishad), BJP (Bharathiya Janata Party), RSS (Rashtriya Swayamsevak Sangh) and the Shiv Sena are key players in its promotion. They claim that India is exclusively the land of the Hindus and that its minorities, the Christians and Muslims are second class citizens, not true Indians. The Hindutva believes in cleansing all of India from its borrowings safeguard Indian culture and bring forth a new race of pure Hindu Indians. Curiously, all these strategies have a resonance with the western conservative ideas of Victorian Puritanism, Nazism and Fascism. The Beef Ban, the indiscriminate banning of books and art works that provide a different understanding of the Hindu texts, the Ghar Vapasi, the rewriting of text books,... are all its recent propagandist manifestations. The irony in the conservative rights, Hindu 'fundamentalism' is the fact that Hinduism has nothing 'fundamental'. It has no single text, no single leader and even no single god. Hinduism is more a way of life than a religion. Such is the pluralist liberal fabric of it that it can even accommodate an atheist. The liberal India 'can' be called the Hindu India, but herein, the word Hindu, would refer to the Indian spirit of confluential tolerance.

The rising Hindu radical thought is one major challenge to the secular liberal framework of India. But even more important a challenge would be the 'consciousness of liberty'. India is a nation in which the literacy level is 71.2%. The educated people, aware of their rights, are a thin population and are unequally spread across the states. This disparity amongst the states makes the states like Kerala, have a majority population of educated, aware individuals; on the other side, northern states like Bihar constitute one of the most disempowered groups of people. Caste system is deeply rooted in many such states, a system that does not even qualify a major group of its lower castes as humans. Moreover, many

women in India believe themselves to be the second sex and hence that men have a right over their bodies, clothes and even minds. Given the situation, there arises the question; whose liberty are we talking about? Can liberal ideas be incorporated in this great multicultural, economic and political mix, where each one has a different perception of liberal ideas?

We can now say that liberal philosophy in India cannot vouche for absolute liberty. This is the paradox. We need to bring forth a liberal view, but within the constraints of the Indian environment. The liberal philosophy is centred on the individual. What is good for you is good; what's not is not. This works perfectly well in utopia, where we can safely assume every individual is law abiding and respects the rights of the other. But reality is different; so the philosophy in its ultimate sense spells disaster when we talk about a society, especially one as complex as India. It would lead to a situation that the early liberal philosopher Thomas Hobbes said, 'All against all". Herein, we need to recall J.S. Mills' 'harm principle', according to which, the rational human beings should be able to exercise maximum freedom until it does not harm the freedom of the other. It works on a rational discourse, in such a way that someone who does not share the same culture or consciousness, can negotiate for the benefit of each other. The idea of a 'qualified liberal' works on this, liberal, yet aware of the environment in which it works. The Qualified liberal is aware of individual liberty, but is also aware of the organic unity of the society. S/he stands by the ideas of liberal democracy (welfare state), human rights, economic freedom, justice and law. So given India's current state, who is the qualified liberal?

Is it the right wing, pro-development, liberal and capitalistic team under Modi? Or is the left and the moderates who stand for the minorities and secular (as they claim) idea of India? Or, is it the anti-corruption team of AAP workers and the likes of Anna Hazare? Can the liberals be called the new gen, tech savvy youngsters who are very aware of India as a nation? Are they the people fighting for gender equality and LGBTQ rights? Are the liberals the environment conservationists? These questions are more rhetorical in nature because they provide fuzzy answers. We cannot find the quintessential liberal in a single person or group in India. India's diversity cannot ever be narrowed to any single idea. The qualified liberal is a 'concept' or 'myth', the manifestations of which find itself in the myriad nuances of Indians. It is dynamic and ever-evolving even as a concept. The liberal in India (today) is plural, that which transcends the very binary of liberal vs. conservative. We have liberals, like India's many gods, each God with its own perfect imperfections.

••

***References***

*Confluences-Ranjith Hoskote and Ilija Teojanow*

*The Idea of India: India's Mosaic of Multiplicities- Sashi Tharoor*

*The Diaspora in Indian Culture- Amitav Gosh*

*Shapers of destiny- Susan Varghese*

ഓർമ്മയിൽ
കാവാലം നാരായണപണിക്കർ

രണ്ടു കരങ്ങൾക്കിടയിൽ,
കലകളെയും, സംസ്കാരങ്ങളെയും,
മിത്തുകളെയും ഒന്നിപ്പിച്ച്
ആ നാടൻ താളം അരങ്ങൊഴിഞ്ഞു.
കാതിൽ മുഴങ്ങുന്ന
താളങ്ങൾക്കൊപ്പം കാലം
അവയെ ഉള്ളിലേറ്റും.

GAYATRI VARMA

# Cinematic Tourscapes: Ideology of Tourism in



## Charlie (2016)

**To** travel, to explore, fascination for the unseen are not something new to mankind, expeditions done during the course of history has witnessed the rise of significant historical events. Discovering of places, colonization and even the discovery of Earth as round is the result of travel. Travelling has always had a kind of magnetic spell on people towards places and the soul of things. A tourist makes a journey with the comfort of a home. He is always at home even when away. Traveller, unlike tourist, is a countercultural being; he makes a journey all on his own, and the backpacker tourist is a version of the traveller. This article explores various aspects of tourism, the influence of cinema on tourism and also on how tourism utilizes cinema as an instrument in promoting the charm of destinations. It further focuses on the recent award winning Malayalam movie Charlie and on how Charlie becomes an iconic tourism propaganda film.

## Cinema and Tourism

Tourism since its inception has been an elitist practice as the luxury of travel was not something which every layman enjoyed. It was a privilege, privilege for the rich and the ones who get sponsored. The Grand Tour of Europe during the 18th century was undertaken only by men of upper middle class family. With the coming of cinema, people were provided with an opportunity to see the natural world in motion; prior to it only landscape paintings were able to give glimpse of the outside world.

Early films like George C. Hale's Hale's Tours and Scenes of the World offered an opening for people to travel without making any actual travel. The idea of tourism in cinema is not something new, even though much less has been explored by film and tourism; and it is interesting to note that cinema and tourism share an intrinsic relationship as they present to us virtual image of actual location making one enter a world which is physically inaccessible; and the moving images in cinema give one the sense of travel.

Film has the potential to create an image of a place in the minds of people; it offers a visual spectacle and a spectator watching a movie shifts between two modes, narrative mode and spectacular mode. Spectator is always caught up in a tension between the story and the spectacle. Usually in cinema we find landscapes getting subordinated to the narrative where they only function as an exterior space or a setting for the story to unfold, but when the viewer shifts into the spectacular mode, the spectacle of the movie halts the narrative and the gaze of the spectator is born. This gaze of the spectator can be compared with the gaze of a flaneur, the 19th century figure found in the works of Baudelaire. The flaneur is considered as an ideal street-stroller, a voyeur, a window shopper, an accidental gaze or an amateur detective. Flaneur is considered to be someone who is in the crowd yet is not part of the crowd.

Baudelaire, in his description of flaneur's characteristics, addresses him as "kaleidoscope gifted with consciousness" (4), this is to suggest that what the flaneur observes and reflects is not the actual knowledge of the city but a space to be experienced. The gaze of the spectator can be further related with the gaze of the tourist photographer seen in John Urry's work The Tourist Gaze, here the image of the photographer tourist is an extended version of a flaneur, who not just observes the city but everything and anything that catches his eyes (Urry 3). The spectator too thus like the tourist photographer catches whatever that comes his way, he through his ability to interpret what he sees and let himself be abandoned in the crowd, thus the fantasy world



is created on screen. Vikas Bahl's 2013 stunner Queen can be taken to exemplify this notion of spectator as a flaneur.

Here the spectator will take up the role of a 'flaneuse', the female flaneur. The film traces the journey undertaken by Rani giving its viewers a virtual tour of the city. Here the spectator's gaze is linked with that of the flaneuse who through the film is given a world in miniature form where she though immobile is able to stroll around the cinematic representation of the streets of Paris and Amsterdam. An advantage which the cinema provides is that the spectator at the stance of her safety and comfort will be able to experience the fresh, unfamiliar foreign landscapes.

Cinema often creates the dichotomy of traveler and tourist; as a traveler, unlike a tourist, always enjoys an authentic experience of his journey. Travel is considered to be a countercultural notion and is regarded superior to tourism. Countercultural notion of tourism has a



desire to escape the mundane ordinary life. Joseph Heath and Andrew Potter in their work The Rebel Sell, talks of about how a countercultural being takes up a journey into an exotic land or one into their self both of which exemplifies the notion of escape, an escape from the crushing norms of the mainstream society.

In movies like The Beach by Danny Boyle and Bernardo Bertolucci's The Sheltering Sky, one can clearly see this idea of traveller being explored; the protagonists of both the movies embark on an unconventional adventurous journey filled with risks. These movies define for its spectators who a traveller and who a tourist is. When the protagonists of the movie The Sheltering Sky say that they don't expect to return to their native place anytime soon, a traveller might never go back to his home, but a tourist goes to a place looking forward to return; for him it is an escape into a place different from his home where he is promised comfort that resembles the one he gets at home or even a better comfort and for the journey he always takes up the conventional safe path to experience his journey.

Indian popular cinema too toy with the idea of traveller. Sameer Thahir's 2013 release Neelakasham Pachakadal Chuvanna Bhoomi takes up the figure of a backpacker lost in the labyrinths of geography and love. A backpacker is considered as a 'global nomad', someone who is complete contrast to a tourist. A global nomad or backpacker like a traveller portrays the idealized form of travel; he liberates himself from the limitations and restrictions of society and goes in search of difference. He is master of his own plan and can alter his own travel plan and can create his own itinerary, a sort of freedom that is solely enjoyed by the backpacker.

When a traveller travels he gets an authentic experience of the journey where he encounters his self, while a film like Neelakasham Pachakadal Chuvanna Bhoomi, explores the idea of traveller making the spectators experience an authentic journey into the unseen and untouched parts of a tourist's dairy, we also come across movies that reinforce the idea of a tourist, for example the very recent 2015 release of Sachy, Anarkali. Through the protagonist Shanthanu, the spectator is taken on a virtual guided tour of Lakshadweep. Filmic voyages often enchant the viewer and he expects to experience the very same representation of the place while what cinema does is reconstructing the desired landscape in a very skilful manner.

## Marketing a destination

Bella Dicks in her book, talks about the 'visitability' of a place, on how a place becomes an exhibition of itself. Its architecture, historic past or its multiculturalism give the place an identity of its own which lures tourists. Such places become a 'legible' space for people to come and experience something different. Dicks further says that 'visitability' is dependent on 'Cultural Display'. Cultural display can be considered as an outlet where one experiences the essence of a local world: museums, galleries, cinemas, and all become a cultural space where without any physical travel people experience what a traveller experiences. Place identity promotion is done through cultural display and in order to promote the indigenous identity of a place they attract visitors from outside to make them spend time and money on local leisure activities.

Film has the potential to create an image of a place in the minds of people or alter an existing image, and these cinematic images enhance one's fantasy and expectation of a place and they desire to visit this unreal exotic location and encounter similar experience. According to social scientist John Urry the basic motivation for a tourist is the desire to experience the pleasure they have imagined in their mind and the cinematic representation of travel reinforces this desire in people.

Every tourist place has got an image, a well created image. A place often evokes a sense of rootedness, submerged with enriching yet transcending culture. It is the traces or marks left by the cultural life that define the place and give it an identity of its own. These marks can be materialistic in nature like buildings, signs, graffiti, etc... or it can also be non-materialistic like an event that happened there, a performance performed or even an emotion invoked. Some trace makers conceive the power to alter the traces made by others and generate a new identity for that place, cinemas can act as such trace maker where they with their dominating power of cinematic images can implement a new identity for a place.

Destination selection is one of the most complex processes for a tourist as he has to rely on various factors like his physical needs, psychological wants, and other factors. A tourist, therefore, selects a destination from around 4-5 choices available to them. Tourism tries to market a place or destination to reinforce an existing image or create an entirely new image so that it matches the ideal self-image of travellers, marketing tool like an apt slogan for a place can be used for destination marketing. Among the available marketing tools visual media will be the strongest one to create an image, even though their primary aim is not marketing a place.

An article in the daily Deccan Chronicle, report about how Hollywood movies like Frozen, Percy Jackson, Mamma Mia! have fired up the tourism industry, where you see a steep rise in the percentage of tourists in countries like Norway, Australia, New Zealand, Greece etc...,where the movie has been set. Vehicle of persuasion for the individual to travel can be anything from the appeal of a fictional character to an emotion evoked by something on screen.

Let us take the case of the movie Mamma Mia!, directed by Phyllida Lloyd. The movie is set in a fictitious Greek island named 'Kalokairi'. For the selection of this destination the producers of the film has checked out around 25 islands in Greece before settling down with Skopelos, prior the release of Mamma Mia! Skopelos unlike other islands in Greece was a less explored place with no airport and a ferry being the only reachable option, and the place was known only for its plums, pears and pine trees but with the release of Mamma Mia!, tourists from all over the world have been packing into the place. A daily, The Guardian, reports on how people, wooed by the film, spectacular landscape of the film, demands for a similar beach wedding in Skopelos.

Similar is the case with many other destinations. Even around 50 years after the release of Robert Wise's classic The Sound of Music, around 300,000 people around the world visit the city of Salzburg in Austria; and around 40,000 take the official Sound of Music Tour.

a tour in which one will be taken around the important sites where the movie was filmed. Other notable examples of movies whose impact had a rise in tourism of a particular place are Peter Faiman's 'Crocodile' Dundee that has stepped up the rise of Australian tourism, a survey done even suggest that the movie has doubled the number of visitors to Queensland.

The way a film works as a tool in destination marketing is entirely different from how a literature works as a tool for place marketing. In literary tourism it is the writer, who persuades one to travel, here the visitor's interest lies in places that are significant to writer but this is not the case with films, where it is not an individual who gets a role to influence a spectator but of recent actor or actress are able to persuade people to travel but post 9/11 when tourism in America was stooping down, the US government used celebrities as a marketing tool to lure tourists, something similar to that of literary tourism.

Indian cinema especially Hindi film industry or Bollywood too helps in endorsing place marketing specially front of global tourism. There has been a host of movies shot in foreign and exotic locations but Bollywood's love with the ice caped mountains of Swiss is something that can't be ignored. The first Hindi film shot in Swiss is Raj Kapoor's Sangam released in 1964 but it was with the Yash Raj Films and their movies like Dilwale Dulhania Le Jaayenge, Darr, and many other films shot in Switzerland paved way for a steep rise in Swiss tourism so much that Yash Chopra was awarded with 'Swiss Ambassador's Award'. Recently, there are lots of movies extensively shot in foreign locations and exotic locations in the country itself; and nowadays movies explore beyond the popular locations of Swiss, London, Goa , etc... for example places like Prague and Corsica are seen in Imtiaz Ali's movies like Rockstar and Tamasha.

## Charlie

Martin Prakkat's recent award winning movie Charlie, revolves around the character Tessa and her search for a mysterious figure named Charlie, there is an elusive, magical aura revolving around Charlie, we see him doing magic, saving people's lives, and he calls himself to be a genie, 'jin' as said in the film. It is interesting to note that the popular belief of Aladdin's genie is that of a slave, someone who was constrained by certain laws and here Charlie gets bounded by the laws and limitations of tourist industry.

The character of Charlie becomes a filmic interface between the spectator and tourist industry. Here the spectators



without their knowledge are made to take ride of Kerala where they will be taken to places which are of appeal to the sentimentalities of tourist agencies. The movie makes an attempt to create an image of a nomad in Charlie. He's been addressed as a 'migratory bird' by people who have met him. There is an air of difference and ambiguity surrounding the image of Charlie.

His introductory scene itself strives to establish this nomadic image in him. He is shown to be in an unknown place, name of the place refused to be revealed by him. By not revealing the place name he is metaphorically hiding his true self. In that scene he is shown calling himself to be a traveller 'who travels wherever his feet take him'. This reveals a kind of flexibility in his travel plan through which the movie tries to give a picture of a nomad or backpacker in him, a backpacker or a traveller is always associated with his flexible travel plans.

Charlie's attire strongly resembles the kind of dress of the hippies, or that of someone who separates himself from the mainstream society, a countercultural being. For Charlie his costume is just a facade

which reinforces an image of nomad in him. He though appears to be nomadic in nature is in actuality a tourist who strengthens the idea of tourism. He is in fact the figure of promoter of tourist industry.

The promotional figure attributed to Charlie is similar to the kind of promotion celebrities do, where the film uses the star image of Dulquer Salmaan to attract people. This tourism promotional technique is similar to the literary tourism which was used for destination marketing. The character of Charlie is given a superman-like image, someone who is always there to help the one in need. This in a way contradicts the wanderer image of Charlie.

Attributing superman-like image to Dulquer is a way of manipulating the star image, the impact of stars over their fans. When a star like Dulquer comes in and guides one through the oft taken paths of Kerala, it creates an image of the place, like how the left-over marks or traces give a place an identity, the track taken by Charlie gives the spectators or mostly fans of Dulquer Salmaan a new identity for the place, a kind of sacred identity associated with that of pilgrimage which creates in them a desire to visit those places. Sue Beeton, in her work, clearly explains how viewers can get influenced by actors or characters so much that they tend to worship. This tendency in spectators has been misused by both film and tourism to set forth their ideology.

Charlie becomes a cultural display where one is taken on a tour and is shown the essence of Kerala culture the way a tourist does. The images of Kathakali, elephant as in temple festivals like pooram, kalaripayittu and other traditional cultural practices forms the ideal brochure for Kerala tourism. In Charlie, there are instances where we get to see glimpses of these cultural practices, like the margam kali performed by Tessa and others or the Kathakali artist in his costume whom Tessa sees on her way to her new home. Further the movie also gives one glimpse of various cultural art forms which form the backdrop as the narrative.

In the movie the character of Tessa can be associated with the figure of a 'flaneuse' or an extended version of flaneuse like the photographer tourist who gazes on everything that comes her way. Robert Tally discusses about Fredric R. Jameson's concept of 'cognitive mapping' (67). This concept of 'cognitive mapping,' which has been developed by Jameson can be employed in multiple ways, one usage of the term, as discussed by Tally Jr, is that of an individual trying to make sense of an unfamiliar place and makes an attempt to discover himself or herself in that particular social context, this is a method adopted by the individual to overcome the anxiety of getting lost. The individual, using visual reference, maps the place and finds ways to move within it. What Tessa does in the movie is something similar to this. She moves around unfamiliar lands in search of an unknown figure, here meeting this unknown figure for her is in a way discovering her in that particular context.

She has been portrayed as someone who strolls around the city observing things. Through the character of Tessa the spectators are also given a virtual tour of the city. The gaze of the spectator here gets associated with the gaze of Tessa. In the very beginning of the movie itself, we are shown the curious observer in Tessa where she becomes a kind of perplexed observer. While touring around the city, on the way to her new home, she makes an attempt in capturing everything that meets her eye. The foreigner couple in the boat fascinates her and with awe she goes on observing them. The eyes of Tessa catch the very little nuances of the city. As the gaze of the spectator gets identified with the gaze of Tessa, spectator is also taken on to stroll around the city.

Charlie here takes up the image of a Lonely Planet guide, where he, along with Tessa, guides the spectators into exploring the spectacles of Kerala. Tessa's search for Charlie takes her through the oft-taken path and the spectators are taken on a ride to experience staged authenticity of Kerala culture. Charlie is nothing more than a tool of tourism industry, a marketing agent, an advertisement of Kerala tourism.

# മീനുളിയാപാറ
# ഒരു യാത്ര

നേര്യമംഗലം ഗ്രാമപഞ്ചായത്തിലെ മീനുളിയാപാറ നൽകുന്നത് കാടിന്റെ ഉൾവിളികൾക്ക് കാതോർക്കാനുള്ള അസുലഭാവസരമാണ്. തേവര തിരുഹൃദയ കലാലയത്തിലെ നാഷണൽ സർവീസ് സ്കീം പ്രവർത്തകർ അക്ഷീണമായ ഗ്രാമസേവനങ്ങൾക്ക് ഒടുവിൽ പ്രകൃതിയെ അടുത്തറിയാനായി ട്രക്കിങ് നടത്തി. മെട്രോ നഗരത്തിൽനിന്നും നേര്യമംഗലം ഗ്രാമത്തിന്റെ നൈർമല്യത്തിലേക്ക് ഇറങ്ങിച്ചെന്ന സപ്തദിന ക്യാംപിനോടനുബന്ധിച്ചാണ് സമുദ്ര നിരപ്പിൽനിന്നും ഏകദേശം 840 മീറ്ററോളം ഉയരമുള്ള മീനുളിയാം പാറയിലേക്ക് യാത്ര തിരിച്ചത്.

ഒരു പുൽനാമ്പിന് പോലും ഇടം നിഷേധിക്കുന്ന നാടിന്റെ ഇന്റർലോക്കിട്ട സ്വാർത്ഥയിൽ നിന്നുമുള്ള മോചനം പലരും ചെറുപ്പുകളില്ലാതെ ആഘോഷിച്ചു. മലിനമാകുന്ന ജലവും വായുവും വികസനം കവരുന്ന സ്വച്ഛതയും ഏറ്റവും തനിമയിൽ ഈ ഗ്രാമം ഉൾച്ചേർത്തിരുന്നു. മനുഷ്യർ മണ്ണിനെയറിഞ്ഞ് ജീവിച്ച നിമിഷങ്ങളെ തിരിച്ചുപിടിക്കാൻ നടത്തിയ എളിയ ശ്രമം കൂടിയായിരുന്നു ട്രക്കിങ്. പെരിയാറിനെ തഴുകിയൊഴുകുന്ന താഴ്‌വാരത്തിൽ നിന്നും എൻ എസ്. എസ് കോർഡിനേറ്റർപ്രൊഫ. സനു വർഗ്ഗീസ്, പ്രൊ.ഇഗ്നേഷ്യസ് എബ്രഹാം എിവരുടെ നേതൃത്വത്തിൽ പ്രകൃതി നിരീക്ഷകൻ കൂടിയായ ജിബി കുരിയാക്കോസിനൊപ്പമായിരുന്നു വിദ്യാർ

തറികളുടെ യാത്ര. സ്കൂളും ഏതാനും ചെറിയ കടകളും മാത്രമുള്ള തട്ടേക്കണ്ണി എന്ന കവലയിൽ നിന്നും ആരംഭിച്ച ചെറിയ വഴിയിൽ റബർ തോട്ടങ്ങളും മുളംകൂട്ടങ്ങളും പിന്നിട്ട് പുരോഗമിച്ചു . നഗരത്തിലെ സിമന്റ് പാതയിലെ നടത്ത ത്തേക്കാൾ ഏറെ ആസ്വാദകരമായിരുന്നെങ്കിലും വിചാരിച്ചത്ര എളുപ്പമല്ലായിരുന്നു. ചെറുവടികൾ ഉപയോഗിച്ചും വഴിയിൽകണ്ട വീടുകളിൽനിന്നും വെള്ളം വാങ്ങിക്കുടിച്ചും പേരറിയാത്ത പച്ചകളുടെ ആയിരം സന്തതികളെ വിടർന്ന മിഴികളിൽ നിറച്ചുമായിരുന്നു നടപ്പ്. ക്യാമ്പിലെ നടപ്പും ഉറക്കമില്ലാത്ത രാത്രിയും കാര്യമായ ഭക്ഷണമില്ലാത്ത പ്രഭാതവും ക്യാമ്പ് അംഗങ്ങളെ തളർത്തേണ്ടതായിരുന്നു. പക്ഷേ ഓരോ ചുവട് കഴിയും തോറും ഉത്സാഹമേറി വരുന്നതായാണ് അനുഭവപ്പെട്ടത്. ശുദ്ധവായുവും ഇളംകാറ്റും മരത്തണലും നടത്തിന്റെ ക്ഷീണത്തെ മാറ്റി നിർത്തി. നീർച്ചാലുകളി ലിറങ്ങിയും അൽപം വിശ്രമിച്ചും ക്ഷീണത്തെ മറികടന്നു .

'പട്ടയം ഇത് വരെ കിട്ടിയിട്ടില്ല. എന്നാലും പ്രധാനമന്ത്രിയെ നേരിട്ട് കണ്ടു അവതരിപ്പിച്ചാണെങ്കിലും ഈ വഴി റോഡ് പണിയും. അടുത്ത കൊല്ലം ടാറിട്ട റോഡിലൂടെ വരാം...' നിസ്സംശയം പറയുന്ന നാട്ടുകാരുടെ നിഷ്കളങ്കത.

യാത്രയുടെ ദൂരം കുറയ്ക്കാൻ നടപ്പാതയിൽനിന്നും മാറി കാട്ടിലൂടെ ഓടിക്കയറിയ ഏതാനും പേരെ വിലക്കി പ്രിൻസിപ്പാൾ പകർന്ന ധാർമ്മികത. വനപാതയിലെ പ്ലാസ്റ്റിക് പെറുക്കി തലേന്ന് നടത്തിയ നഗരശുചീകരണത്തേക്കാൾ പ്രധാനപ്പെട്ടതാണീ വനശുചീകരണമെന്ന് പറയാതെ പറഞ്ഞ സഹപാഠിയുടെ കരുതൽ.. പച്ചയിൽവിടരുന്ന ആദിമമായ ആത്മീയത...പിന്നിട്ട വഴികളിലെ ഓർമ്മയിൽ വരച്ചിടുന്നത് ഈ അനുഭവങ്ങളാണ്. പതിയെ കിഴക്കാംതൂക്കായ കയറ്റം തീരുന്നിടത്ത് മരങ്ങളുടെ തണൽ പൊള്ളുന്ന പാറകൾക്ക് വഴിമാറി. അതികഠിനമായ വെയിലിൽ പാറകൾ തീർത്ത ചെറു കുന്നുകളിലൂടെയായി പിന്നീടുള്ള നടത്തം. ചൂടും ക്ഷീണവും തീവ്രമായിരുന്നെങ്കിലും കാഴ്ചകൾ മനസ് തണുപ്പിക്കുമ്പോൾ മറ്റെല്ലാം അപ്രസക്തം. ചൂൽ നിർമ്മാണത്തിനായി ഏതാനും ആളുകൾ പാറകളിൽ സമൃദ്ധമായി വളർന്ന് പൊങ്ങിയ പുല്ലു ണ്ടെരുങ്ങുന്ന വഴിയിൽ പലതരം പൂക്കളുടെ നിറവും മണവും നിറഞ്ഞിരുന്നു. വേനലിനെ തോൽപ്പിച്ച് ചെറിയൊരു നീരുറവ നേർത്തൊഴുകുന്നു. നാല് പേർ പങ്കിട്ടെടുത്ത ഒരു ഓറഞ്ചോട് കൂടി ക്ഷീണത്തിന് വിരാമമായി . ആദ്യം കയറിയ കുന്നിൽ നിന്നും നോക്കിയാൽ വലിയൊരു മല കാണാം. പാറ തന്നെ അവിടെയിവി ടെയായി ഒന്നോ രണ്ടോ മലകളും മലയുടെ നെറുകയിൽ പായൽ പിടിച്ച പോലെ ഏതാനും വൃക്ഷത്ത ലപ്പുകളും. ദൂരെ നിന്നും നോക്കുമ്പോൾ മുന്നേ പോയ സുഹൃത്തുക്കളെ കുന്നുമണികൾ പോലെ കാണാം.

മലയുടെ ഉച്ചിയിലെത്തിയപ്പോഴാണ് മുൻപ് കണ്ട വൃക്ഷത്തലപ്പുകൾ ഒരു ചെറുവനം തന്നെയായിരുന്നു എന്ന് ബോധ്യമായത്. വെയിലിൽ ചുട്ട് പഴുത്ത പാറയിൽനിന്നും തണലിന്റെ അപാരതയിലേക്ക് . രണ്ടര ഏക്കർ മാത്രം വിസ്തൃതിയുള്ള കാട്, പാറക്കൂട്ടങ്ങൾ നിറഞ്ഞ ചുറ്റുപാടുകളിൽ വേറിട്ട് നിൽക്കുന്നു. തണലിന്റെ സമൃദ്ധിയിൽ കാട്ടുവേരുകൾ തീർത്ത സിംഹാസനങ്ങളിൽ ചെറിയൊരു വിശ്രമം. നനുത്ത പച്ചയുടെ തണലിന്റെ, ഇളം കാറ്റിന്റെയൊക്കെ സമൃദ്ധിലായി തെല്ലിട ദൂരെ നിന്ന ഈ മലയെ തിരിച്ചറിയാം. അംബരചുംബിയായ ബഹുനിലക്കെട്ടിടം പോലെ മറ്റു മലനിരകൾക്ക് മുന്നിൽ തലയുയർത്തി നിന്ന സഹ്യപുത്രിയുടെ നെറുകിൽ, സംതൃപ്തിയുടെ നിറവിൽ ഏതാനും നിമിഷം ചിലവഴിച്ചു.

കാട് അസുലഭമായ ഒരു അനുഭവമായതിനാലാവണം ഓരോ നിമിഷത്തിനും വിലയേറെയാണെന്ന് തോന്നി. പക്ഷെ ആദ്യം കണ്ണിൽ പെട്ടത് ചിതറിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യമാണ്. മനസിൽ തോന്നിയത് ദുഃഖവുമാണ്. മനുഷ്യരാണല്ലോ പ്രകൃതിയെ നശിപ്പിക്കുന്നതെന്ന കുറ്റബോധവും നിറഞ്ഞു. ഭാവിയോടും ഭൂമിയോടുമുള്ള കടപ്പാടിനെ ലെയ്സും പെപ്സിയും കവരുമ്പോൾ ദുഃഖം തോന്നുക സ്വാഭാവികമാണല്ലോ.

പ്ലാസ്റ്റിക് കുപ്പികളും പ്ലേറ്റുകളും മനുഷ്യന്റെ സ്വാർത്ഥതയുടെ അടയാളങ്ങളായി ആ മനോഹര പ്രകൃതിയിൽ ചിതറിക്കിടക്കുന്നു. പ്രകൃതിയുടെ വിസ്മയങ്ങൾ അറിയുന്നതിനേക്കാൾ സെൽഫിയെടുക്കാനും ജങ്ക് ഫുഡുമായി അടിച്ചുപൊളിക്കാനുമാണ് ഇവിടെ എത്തുന്നതിൽ ഏറിയ പങ്കിനും താത്പര്യം എന്ന ദുഃഖസത്യത്തെ വെളിപ്പെടുത്തുന്ന കാഴ്ചയായിരുന്നു ഞാൻ കണ്ട മാലിന്യക്കൂമ്പാരം. മലയകയറുന്നവർ ദാഹമകറ്റാൻ കൊണ്ടുവരുന്ന കുപ്പികൾ, മദ്യക്കുപ്പികൾ, പ്ലാസ്റ്റിക് കുപ്പികൾ ഇവയായിരുന്നു ഏറിയ പങ്കും.

കാഴ്ചയുടെ അഗാധമനോഹാരിത വെളിപ്പെടുന്ന ഇടങ്ങൾ. താഴെ പായൽ പോലെ കടും ഇളം പച്ച നിറത്തിൽ ഒഴുകാതെ ഒഴുകുന്ന പെരിയാർ. ഒരു ചുവടകലെ

ആഴങ്ങൾ. അനുനിമിഷം മാറുന്ന ജീവിതം പോലെ നദിയുടെ തലവര. താഴ്വരയ്ക്കപ്പുറം വേർപെട്ട സയാമീസ് ഇരട്ടകളിലൊന്നിനെപ്പോലെ തലയുയർത്തി സമാനമായ മറ്റൊരു പാറ. കാഴ്ചകൾ തുടരുകയായിരുന്നു. വേഗത്തിൽ നശിക്കുന്ന പ്രകൃതിയോട് പുലർത്തേണ്ട കരുതലിനേക്കുറിച്ച് പ്രിൻസിപ്പാൾ പ്രശാന്തച്ചൻ ഏതാനും വാക്കുകൾ സംസാരിച്ചു. പിന്നെ എൻ.എസ്.എസിലെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് കഴിയുന്നത്ര പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചു.

വരും തലമുറകൾക്ക് കൂടി അവകാശപ്പെട്ട പ്രകൃതിയെ മനുഷ്യൻ തീരെ വിവേകമില്ലാതെയാണ് ഉപയോഗിക്കുന്നത് എന്ന തിരിച്ചറിവാകാം ഈ യാത്ര നൽകിയ ഏറ്റവും വലിയ സന്ദേശം. ഭൂമിയുടെ നെറുകയിൽ അജ്ഞാതമായ നിർവൃതിയുടെ നിറക്കാഴ്ചകൾക്കായി ഇനിയും ഈ മലനിരകളിലെത്തണം എന്നുറപ്പിച്ചായിരുന്നു മടക്കയാത്ര. അപ്പോഴും തനിമ നഷ്ടമാവാതെ മലീമസമാവാതെ ഈ സൗന്ദര്യമുണ്ടാകുമെന്ന പ്രതീക്ഷയോടെ മലയിറങ്ങി.

●●

പാർവ്വതി എം.എം.

# പ്രതിസന്ധി

എഴുതാൻ മറന്നിരിക്കുന്നു സഖാവേ,
പറയാനേറെയുണ്ടെങ്കിലും
അക്ഷരങ്ങൾ കോറി വരക്കാൻ മറന്നു...

ഇന്നലെ നീ ആവശ്യപ്പെട്ടിട്ട്
എഴുതാൻ എടുത്ത പേപ്പറുകൾ
മഷി പുരളാതെ
മുറ്റത്തെ മണലിൽ എന്നെ പുച്ഛിച്ചു കിടപ്പുണ്ട്...

റേഷൻകടയിലെ അരിക്ക് മാത്രമല്ല
സംഗതി പകർത്താൻ കഴിയാതെ വെമ്പുന്ന എനിക്കും ക്ഷാമം,
അക്ഷര ക്ഷാമം...

ഓർമ്മയിൽ
കലാഭവൻ മണി

അരങ്ങിൽ,
തന്റെ അവസാന വേഷവും
ഉപേക്ഷിച്ച പാഷൻ
പുണ്യാളനെ തൊട്ടു.
ഉടുത്തെറിഞ്ഞ വേഷങ്ങൾ
എണ്ണിയ പുണ്യാളൻ ഞെട്ടി.
ഉടുത്തെറിഞ്ഞവയൊന്നും
വേഷങ്ങൾ ആയിരുന്നില്ല,
ഉള്ളായിരുന്നു.

ഭാഗ്യ ബാബു



# സ്വപ്നഗന്ധി

ഓരോ ചുവട് വെക്കും തോറും തീവണ്ടിയുടെ ശബ്ദം അടുത്ത് കൊണ്ടിരുന്നു.

'ഇനി എത്ര ദൂരം ബാക്കിയുണ്ട് നമുക്ക്?' ഞാൻ അവനോട് ചോദിച്ചു.

അവൻ ഒന്നും മിണ്ടിയില്ല. ഞാൻ അവന്റെ മുഖത്തേയ്ക്ക് നോക്കി. കണ്ണീർ കൊണ്ട് അവന്റെ മുഖം നനഞ്ഞിരിക്കുന്നത് ഞാൻ കണ്ടു. അവന്റെ നെഞ്ചിടിക്കുന്ന ശബ്ദം എനിക്ക് കേൾക്കാമായിരുന്നു. അവനെ കുറിച്ചോർത്ത് എനിക്ക് അഭിമാനം തോന്നി. അവൻ വാക്ക് പാലിച്ചിരുന്നു. മരണം വരെ കൂടെ കാണുമെന്ന വാക്ക്. ഞാൻ പതിയെ അവന്റെ കയ്യിൽ മുറുകെ പിടിച്ചു . ചുറ്റും നോക്കാതെ അവന്റെ ഒപ്പം നടന്നു. മരണത്തെ ഭയക്കാതെ!

ഞാൻ എന്ത് ഭാഗ്യവതിയാണ്. പക്ഷെ ഞാൻ അതിലേറെ നിർഭാഗ്യ

വതിയുമാണ്. ഞാൻ സ്നേഹിച്ചതിന്റെ എത്രയോ ഇരട്ടി അവൻ എന്നെ സ്നേഹിച്ചു. മരിക്കുവോളം കൂടെ കാണുമെന്ന വാക്കും പാലിച്ചു. ചുരുക്കം പേർക്ക് മാത്രം ലഭിക്കുന്ന ഭാഗ്യം. പ്രകൃതിയും മനുഷ്യരും ഞങ്ങളെ ഒന്നിക്കാൻ അനുവദിച്ചില്ല. മോഹങ്ങളും സ്വപ്നങ്ങളും ബാക്കിയായൊരു നിർഭാഗ്യവതി.

പ്ലസ് ടു കഴിഞ്ഞ് ഡിഗ്രിയ്ക്ക് ചേരാൻ ആഗ്രഹിക്കുന്ന സമയം. ഹോസ്റ്റലിൽ നിന്ന് പഠിക്കണം എന്ന ഒരേയൊരു വാശിയേ എനിക്ക് ഉണ്ടായിരുന്നുന്നുള്ളു. മറ്റൊന്നുമല്ല എന്നെ അതിനു പ്രേരിപ്പിച്ചത്, മുഷിഞ്ഞ യാത്ര തന്നെ കാരണം. ദിവസവും രാവിലെ തിരക്കുള്ള ബസിൽ കയറണം. അതിനേക്കാൾ തിരക്കായിരിക്കും മടക്ക യാത്രയിൽ. ഹോസ്റ്റലിലാവുമ്പോൾ ഈ അലച്ചിൽ ഒന്നും അനുഭവിക്കേണ്ടതില്ലല്ലോ.

കോളജ് തുറക്കാൻ ഇനിയും ഒരു മാസമുണ്ട്. വീട്ടിലിരുന്ന് മടുത്തു. അങ്ങനെയാണ് ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടത്. അടുത്താഴ്ച മീരയുടെ പിറന്നാളാണ്. ഈ പ്രാവശ്യം നന്നായൊന്നു ആഘോഷിക്കണം. ഞങ്ങൾ തീരുമാനിച്ചു.

അങ്ങനെ കാത്തിരുന്ന ദിവസം വന്നെത്തി. രാവിലെ സ്കൂളിലേക്ക് ഒക്കെ ഒന്ന് പോയി കൂട്ടുകാരെ ഒന്ന് കണ്ട് ദിവസം ചെലവഴിക്കണം. ഇതായിരുന്നു ഞങ്ങളുടെ പ്ലാൻ. പക്ഷെ രാവിലെ മുതലേ, എന്തോ തടസ്സം നിൽക്കുന്ന പോലെ. കാലാവസ്ഥ പോലും എതിരായിരുന്നു. രാവിലെ തുടങ്ങിയ മഴയാണ്. ഉച്ചയായിട്ടും തോർന്നിട്ടില്ല. ദേഷ്യവും സങ്കടവും എനിക്ക് ഒരു പോലെ വന്നു. ഇന്ന് ഇനി ഒന്നും നടക്കില്ല. ഞാൻ ഉറപ്പിച്ചു. ഡ്രസ്സ് മാറി മാല, കമ്മൽ, വള എല്ലാം അഴിച്ച് വെച്ച് നിസ്സംഗയായി കംപ്യൂട്ടറിനു മുന്നിൽ പോയിരുന്നു. തലേ ദിവസം പൂർത്തിയാക്കാതെ ബാക്കിവെച്ച ഗെയിം പൂർത്തിയാക്കാനുള്ള ആവേശത്തിലായിരുന്നു. ഗെയിറ്റിനപ്പുറം ഒരു കാർ വന്നു ഹോണടിക്കുന്നു. കളിക്കിടയിലായതു കൊണ്ട് പോയി നോക്കാനൊന്നും തോന്നിയില്ല. അമ്മയുടെ ശകാരം കേട്ടുകൊണ്ടാണ് കതക് തുറക്കാൻ പോയത്. മഴ തോർന്നിട്ടില്ല. സിറ്റ് ഔട്ടിൽ ഒരു മൂലയ്ക്ക് ഒതുക്കി വെച്ചിരുന്ന കുടയുമെടുത്ത് ഞാൻ ഗെയിറ്റിനടുത്തേയ്ക്ക് ഓടി. വലിപ്പമുള്ള ആ ഗെയിറ്റും കടന്ന് കാർ പതിയെ കാർപോർച്ചിലേക്ക് വന്നു നിന്നു.

'നീ എന്താണ് ആലോചിക്കുന്നത്?'

പെട്ടെന്ന് എന്റെ കണ്ണുകൾ നിറഞ്ഞു.

'അറിയാം. ഞാനാണ് തെറ്റുകാരൻ. എന്ത് നല്ല കുട്ടിയായിരുന്നു നീ. കളിചിരികൾ ഒഴിയാത്ത ഒരു പൊട്ടി പെണ്ണ്'. അവനൊന്ന് ചിരിച്ചു. നഷ്ടബോധവും കുറ്റബോധവും അഭിമാനവും ഒരാൾക്കും ഒരുമിച്ച് വരരുതേയെന്ന് ഞാൻ ഒരു നിമിഷം ദൈവത്തോട് പ്രാർത്ഥിച്ചു.

ദൈവം?

കുട്ടിക്കാലത്ത് അമ്മയുടെ കൈപിടിച്ച് ദീപാരാധന തൊഴാൻ പോവുമ്പോൾ കാണിക്ക വഞ്ചിയിൽ ചില്ലറത്തുട്ട് ഇട്ടത് ആർക്ക് വേണ്ടിയായിരുന്നു?

വലുതായപ്പോൾ എന്റെ ഒരു ആഗ്രഹവും നടത്തി തരാതിരുന്നിട്ടില്ല. ഞാനാദ്യമായി സംഗീതത്തിൽ അരങ്ങേറ്റം കുറിച്ചത് ഇതേ ദൈവത്തിന് മുമ്പിലായിരുന്നു. സ്കൂൾ കലോത്സവത്തിനു സമ്മാനങ്ങൾ നേടിയെടുത്തതും, ഒടുവിൽ ശങ്കരൻമാമയുടെ ക്യാൻസർ മാറിയതും ആ ദൈവത്തിന്റെ കൃപകൊണ്ട് തന്നെയല്ലേ.

'പളനിയിൽ പോയി മടങ്ങിവന്നപ്പോൾ ഞാൻ നിനക്ക് സമ്മാനിച്ച മയിൽപ്പീലി എവിടെ?'

'അതെന്റെ ഡയറിക്കുള്ളിൽ ഒളിപ്പിച്ചു വെച്ചിട്ടുണ്ട്.' ഒരല്പം നാണത്തോടെ ഞാൻ അവന് മറുപടി നൽകി.

വീണ്ടും ഞാൻ എന്റെ പഴയ ഓർമ്മകളിലേക്ക് മുഴുകി.

ആ കാറിൽ മീരയും അച്ഛനുമായിരുന്നു. എന്നെ അവരുടെ വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോകാൻ വന്നതാണ്. അവിടെ വെച്ചാണ് ഞാൻ അവനെ ആദ്യമായി കാണുന്നത്.

ആകാശം ഇരുണ്ട് തുടങ്ങി. നക്ഷത്രങ്ങൾ മങ്ങിയിരുന്നു.

'നിനക്ക് തണുക്കുന്നുണ്ടോ?'

'ഉം' ഞാനൊന്ന് മൂളി.

അവൻ ജാക്കറ്റ് ധരിച്ചിരുന്നു. അതെനിക്ക് തന്നിട്ട്, അവൻ പാന്റിന്റെ കീശയിൽ നിന്ന് എന്തോ എടുത്തു. ഒരു പൊതി. ഒരു മഞ്ഞച്ചരടും സിന്ദൂരവും. അതെന്നെ അണിയിക്കാൻ അവൻ പിന്നെ അമാന്തിച്ചില്ല. ഒരു ഇരമ്പൽ അടുത്തടുത്ത് വന്നിരുന്നു. വീട്ടുകാരുടെ എതിർപ്പ്, പിടിവാശികൾ, കണ്ണീരുകൾ എല്ലാം ആ ഇരമ്പലിൽ നേർത്ത് പോകുന്നത് പോലെ. പ്രാണൻ പോകുന്ന വേദനയിൽ ഞാൻ പിടഞ്ഞു. അപ്പോഴേക്കും അടുത്തടുത്തേയ്ക്ക് എത്തുന്ന ആ ഇരമ്പൽ ട്രാക്കിൽ നിന്നും എന്റെ പാദങ്ങളെ, ശരീരത്തെ ഉലച്ചിരുന്നു. ●●

അഭിജിത്ത് ഡി.കെ



# ചിരി

പതിവില്ലാതെ രാവിലെ നേരത്തെ എഴുന്നേറ്റപ്പോളെ കരുതിയതാണ്. ഇന്നത്തെ ദിവസം ഏതെങ്കിലും ചിന്ത കൊണ്ടുപോകുമെന്ന്. വില്ലേജ് ഓഫീസിന് അവധിയാണ്. രാവിലെ ഭാര്യയെ സഹായിക്കാമെന്ന് കരുതി രാത്രി കിടന്നപ്പോളെ മനസ്സിൽ വച്ച അലാറമാണ് പ്രശ്നമായത്.

വേറെ വഴിയില്ല. എഴുന്നേൽക്കുക തന്നെ. ടി.വി.യിൽ ഫോൺ ചെയ്ത് പാട്ട് കേൾക്കുന്ന പരിപാടിയാണ്. ആറ്റിറമ്പിലെ കൊമ്പിലെ, തത്തമ്മേ കിളി തത്തമ്മേ.., പിന്നേ മൂളിപ്പാട്ടൊന്നും ഒരു വില്ലേജ് ഓഫീസർക്ക് ചേർന്നതല്ല. സ്റ്റോപ്പ്!. വാ തോരാതെ സംസാരിക്കുന്ന ചെറുപ്പക്കാരിയെ ശ്രദ്ധിച്ചപ്പോഴാണ് മനസ്സാലായത്. ആ കുട്ടി പല്ലു കൊണ്ട് അഭിനയിക്കുകയാണ്. 'വീട്ടില് ഇറ്റലി' ആണോ കഴിക്കാൻ എന്നൊക്കെയാണ് ചോദിക്കുന്നത്. ഒരു തമാശ കേൾക്കാതെയോ, സ്വയം തോന്നാതേയോ എങ്ങനെയാണ് ചിരിക്കാൻ കഴിയുക?

പൊതുവേ ഇപ്പോൾ ആരും അങ്ങനെ ചിരിക്കാറില്ല. നേരാണ്. വീട്ടുകാരിയെക്കൂടി ചിന്തയിൽ പങ്കെടുപ്പിച്ചേക്കാം.

എടിയേ...

വന്നു. തിരക്കിലായിരുന്നു. കയ്യിൽ എന്തൊക്കെയോ ഉണ്ട്. സമയം കളഞ്ഞില്ല. 'നാം വേണ്ടത്ര ചിരിക്കാറില്ല ഈയിടെയായി.!'

ഭാര്യയുടെ മറുപടി. എങ്ങനെ ചിരിക്കാനാണ്. നയതന്ത്രച്ചിരി

യല്ലാതെ എന്തെങ്കിലും കാണണമെങ്കിൽ സിനിമ കാണണമെന്നല്ലേ. ചിരിച്ചാൽ എന്തോ നഷ്ടപ്പെടുമെന്നായില്ലേ? പേടി മാറിയ നേരമുണ്ടോ ആർക്കെങ്കിലും. പിന്നെ എങ്ങനെ ചിരിക്കാനാണ്? അകത്തുള്ളത് പുറത്ത് ചാടിയാലോ എന്ന പേടി അത്ര വലുതായില്ലേ. പരമ രഹസ്യങ്ങൾ അകത്തു പൂട്ടിവെച്ചിരിക്കുകയല്ലേ.

ഇതിനെന്തെങ്കിലും ചികിത്സയുണ്ടോ?

ഉണ്ട്. അഹന്തയും ഭയവും കുറക്കണം. ഇത് രണ്ടും കുറവായത് കൊണ്ടല്ലേ കുട്ടികൾക്ക് നന്നായി ചിരിക്കാൻ കഴിയുന്നത്.

ഇനി നിന്നാൽ പ്രഭാത ഭക്ഷണം കാണുമ്പോഴുള്ള ചിരി കുറയുമെന്ന് പറഞ്ഞ് വീട്ടുകാരി വിടവാങ്ങി.

കുറച്ച് പേരെക്കൂടി പരീക്ഷിച്ചാൽ കൊള്ളാമെന്നായി എനിക്ക്. വായനാമുറിയിൽ നിന്നും തളർന്ന മുഖവുമായി അതാ മകൾ വരുന്നു.

മോളേ നീയെന്താ ഈയിടെയായി ചിരിക്കാത്തത്?

അവൾക്ക് ദേഷ്യം വന്നു. ചിരിക്കാനോ? ഞാനോ? ഈ ഭൂമിയിലുള്ള സിദ്ധാന്തങ്ങളെല്ലാം പഠിച്ചുകഴിഞ്ഞിട്ടുവേണ്ടേ ചിരിക്കാൻ. ഒല്ല!

ക്ലാസ്സിൽപോലും ചിരിക്കാറില്ലേ?

ക്ലാസ്സിൽ ചിരിച്ചാൽ പിറ്റേന്ന് അച്ഛനെയുംകൂട്ടി കൊണ്ടുച്ചെന്നാലേ കയറ്റുകയുള്ളൂ.

ഓഹോ. എങ്കിൽ നീ ഒരിക്കലും ക്ലാസ്സിലിരുന്ന് ചിരിച്ചുപോകരുത്. വീട്ടിൽ വന്നിട്ട് ചിരിച്ചാൽ മതി.

അതെങ്ങനെ. ഇവിടിരുന്ന് ചിരിച്ചാൽ അമ്മ പറയും മാർക്ക് ലിസ്റ്റ് വരുമ്പോഴും ഈ ചിരി കാണണമെന്ന്.

അവിടെവെച്ച് അവളെ വെറുതെ വിട്ടു. അവൾക്ക് ചിരിക്കണമെങ്കിൽ പരീക്ഷകൾ പത്തുനൂറെണ്ണം കഴിയണം. പോരാ. തൊഴിൽ കിട്ടണം. അപ്പോഴേക്കും അവൾ ചിരിക്കാൻ മറന്ന് പോകില്ലേ?

പാൽക്കാരൻ വയസ്സൻ വന്നു. നിങ്ങൾ ഈയിടെയായി ചിരിച്ചു കാണുന്നില്ലല്ലോ?

അത് ഈ ജന്മത്തിലിനിയില്ല. സൗജന്യവേതനം കൊണ്ട് രണ്ട് പശുവിനെ വാങ്ങിപ്പോയില്ലേ. രണ്ടിനും എന്നും ദീനം. രണ്ട് പെൺകുട്ടികളെ കെട്ടിച്ചയക്കാനുണ്ട്.

പത്രക്കാരനോടും ചോദ്യം ആവർത്തിച്ചു.

ചിരികൂടിവരുന്നെന്ന് അയാൾ.

നേരോ?

സാർ നേരമ്പോക്കിന് ചോദിച്ചതാണെന്ന് കരുതി. സത്യത്തിൽ ഉള്ളറിഞ്ഞ് ചിരിച്ചിട്ട് കാലം കുറെയായി. സമയമില്ല സാർ.

ഈ സൈക്കിളിൽ പോകുമ്പോ അങ്ങ് ചിരിക്കരുതോ?

കഴിഞ്ഞ ദിവസം മാതൃഭൂമിയിലെ ഗോപീകൃഷ്ണന്റെ കാർട്ടൂൺ ആലോചിച്ച് ഒന്ന് ചിരിച്ചതാ. പൂവാലന്മാരെ പിടി



ക്കാൻ നിന്ന പോലീസ് പിടിച്ചു കൊണ്ടുപോയി. ഇറങ്ങിയ പാട് എനിക്കറിയാം.

അതാ വരുന്നു മീറ്റർ റീഡർ യുവാവ്. നിങ്ങളുടെ ചിരി ഇപ്പോൾ എങ്ങനെയാണ്?

ഏഴു ലക്ഷം.

ചിരിയുടെ കണക്കാണോ?

അല്ല, നിങ്ങൾ ഉപയോഗിച്ച വെള്ളത്തിന്റെ യൂണിറ്റ്. ഈ പൊള്ളുന്ന വെയിലും സഹിച്ച് നടക്കുന്ന എന്നോട് ഇത് ചോദിക്കാൻ തോന്നിയല്ലോ. ഏത് ചിരിക്കുന്ന വീട്ടിലും ഞാൻ വെള്ളത്തിന്റെ മീറ്റർ റീഡിങ് പറഞ്ഞ് ഇറങ്ങുമ്പോൾ അവിടെ ശ്മശാനമൂകതയാണ്.

അടുത്തയാൾ പോസ്റ്റുമാനാണ്. ചോദ്യം ആവർത്തിക്കുകയാണ്. വിയർത്തുകുളിച്ച മുഖം ഷർട്ടിന്റെ കയ്യിൽ തുടച്ച് സൈക്കിളിൽ തിരികെ കയറുമ്പോൾ പുള്ളി പറഞ്ഞു, വിശക്കുന്നു. ഇപ്പോൾ ചിരിയെക്കുറിച്ച് പറയാൻ നേരമില്ല. ചിരിക്കാനും വയ്യ.

കുഴങ്ങിയ ചിന്തകളും സംശയങ്ങളുമായി ഉച്ചയ്ക്ക് ഒന്ന് മയങ്ങാമെന്ന് കരുതിയപ്പോഴാ. ഫാൻ കറങ്ങുന്നില്ല.

ലോഡ് ഷെഡിങ്. ഇടുക്കിയും വരണ്ടുതുടങ്ങിയിരിക്കുന്നു. മുഖമൊന്ന് കഴുകാമെന്ന് കരുതി. വെള്ളമില്ല!

ഉറക്കം രാത്രിയിലേക്ക് മാറ്റിവെച്ചു. സന്ധ്യയായതോടെ കൊതുകിന്റെ കലാപരിപാടികൾ.



ചിരിയെക്കുറിച്ച് ചിന്തിച്ചത് അബദ്ധമായെന്ന് തോന്നിപ്പോയി. ഒന്ന് നടക്കാനിറങ്ങി. കണ്ടമുഖങ്ങളിലൊക്കെയും ചിരിയൊഴികെ എല്ലാമുണ്ട്.

തിരികെ വീട്ടിലെത്തിയപ്പോ അതാ പഴയ സഹപാഠിയായ സ്ഥലം എം.എൽ.എ. ആളൊരു നമ്പൂതിരി മാർക്സിസ്റ്റാണ്. നല്ല ചിരി. സമാധാനം. ആൾ പരിസരത്ത് എന്തോ പാലം പണി ഉദ്ഘാടനത്തിന് വന്നതാണ്. താമസിച്ചില്ല. വിഷയം എടുത്തിട്ടു.

ഓരോ ദിവസം കഴിയുന്തോറും ചിരി വളരുകയാണെന്ന് അദ്ദേഹം.

അതെങ്ങനെയെന്ന് ഞാൻ.

എനിക്ക് ചിരിക്കാൻ എന്റെയീ പണിക്കിടയിൽ കേൾക്കുന്ന ചില വാക്കുകൾ തന്നെ ധാരാളമാണ്.

എന്തു വാക്കുകൾ?

ഇതാ കേട്ടോളൂക. ഒന്ന്, ജനാധിപത്യം. കേൾക്കുമ്പോൾ ചിരി വരുന്നില്ലേ?

എനിക്ക് ചിരി വന്നില്ല.

അദ്ദേഹം തുടർന്നു. പഞ്ചവത്സര പദ്ധതി, പഞ്ചായത്തീരാജ് തദ്ദേശ സ്വയം ഭരണം.

എന്നിട്ടും എനിക്ക് ചിരി വന്നില്ല.

മൂന്ന്. എല്ലാവർക്കും വിദ്യാഭ്യാസം എല്ലാവർക്കും തൊഴിൽ. വൈരുദ്ധ്യാത്മക ഭൗതികവാദം...

ഞാൻ ചിരിച്ചു.

എന്തിനാണ് ചിരിച്ചത്?

വെറുതെ എന്ന് ഞാൻ.

നമ്പൂതിരി തുടർന്നു. രണ്ടായിരാമാണ്ടിൽ എല്ലാവർക്കും പൂർണ ആരോഗ്യം! കാശ്മീർ ഇന്ത്യയുടെ അഭിവാജ്യഘടകം! കുറുമാറ്റ നിരോധനനിയമം പരിഷ്ക്കരിക്കും! സ്ത്രീകൾക്ക് തുല്യ നീതി ഉറപ്പാക്കും! മതനിരപേക്ഷ ഇന്ത്യ...

ചിരിയെക്കുറിച്ച് ചിന്തയൊന്നും വേണ്ട. ചിരിച്ചാൽ മതി. കരഞ്ഞുകൊണ്ടാണ് ജനനം. മരണമെങ്കിലും ചിരിച്ചുകൊണ്ടായാൽ നാം രക്ഷപ്പെട്ടു. നമുക്ക് ചിരിക്കാനുള്ളത് നമ്മുടെ സമ്പ്രദായം തന്നെ ഉണ്ടാക്കിത്തന്നിട്ടുണ്ട്.

ഇനി ചിരിക്കുകയോ, ചിരിക്കാതിരിക്കുകയോ, അവരവരുടെ ഇഷ്ടം പോലെ.

ചിരിക്കണോ കരയണോ എന്നു തീർച്ച കിട്ടാതെ ഞാൻ കുഴങ്ങി.

അവസാനം ചിരിച്ചുപോയി, കണ്ണുകളിൽ ചെറിയ നനവോടെ.

(കടപ്പാട് ആലോചന)

ASNA T.A.



# A life to live beautifully

**Yes?** No? Well the answer is up to you. You may make your life worthy or worthless. So, here it is. A life to live. And for some people 'to live' is difficult and perplexing while some others, it is simple and exciting. In fact, it is us who make it complicated and simple.

'Is life worth living?' is a question that formed in my mind after meeting a street boy at my bus stop. It was a Monday morning. I just happened to be at the bus stop too early that day. As I was early than usual, no living body was to be seen around except the occasional vehicles that passed by. As I stood leaning on one of the pillars of the bus stop, oblivious to the happening around me since my mind was revolving around my best friend's prank that she used on me the other day, a small boy of, apparently, eleven approached me. "Will you buy a packet of candles?" the boy asked. Only then I had become aware of his presence. I gave him a surprise look. He had all the shabby features of the rag pickers of my area; tattered clothes messy hair, barefoot, dirty hands.

"I'll have to sell these packets by noon" he added.

"Why do you want those to be



sold by noon itself?" was my question to him. I waited for this kid's answer curiously, smiling.

"Because I don't think I would even be able to stand if I don't have anything to eat by noon. I hadn't had food since yesterday morning" he answered.

I stood looking at him for few seconds then I took out my lunch box and extended towards him. He dropped the three packets of candles that had been in his hands at once. After having accepted my lunch, he sat on the muddy floor of the bus stop and started having his feast. Questions rushed to my mind and – on him. I thought a moment and picked one.

"Where do you live?" I asked

"Everywhere I happen to be" was his answer.

I felt something special about him. Even the rag he wore or his ruffled hair or his dirty hands and nails could not dampen one thing. That was the sparkle in his eyes.

"Who gave you the candles?" asked I as he gobbled up the food.

"The old lady at the church" he said.

"Are you happy with this livelihood?"

"I am always happy"

"Even when you are hungry?"

"Aah. That gave me a purpose in life. My hunger keeps me going in a way. Each day is like new experience. Different kinds of chaps I meet each day...Different... Some are rude to me when I approach them while some others are ignorant. But that's ok. You know, my amma once told me that in fact I didn't ever have to be sad of being deprived of normal living because unlike most of the people we came across every day who were in constant hunt for power, status, money, we have freedom. That's what she said. I am free, you know. Nobody knows me nobody cares about me. I am not answerable to anyone. My amma was always happy. Even when she died she had a smile on her face." His face lit up. He then took the last morsel as I stood gazing him with wide mouth, taken back. He asked "do you have water with you?"

While he drank water and washed his hands I put back my lunch box in my bag, still astonished at the boy's Godly words.

Raising my water bottle towards me he said "I love watching people. You have no idea how many type of people with varied characters I come across each day. From the old lady at the church to the man who wore suit and tie who spat on my face once." He paused to wipe his mouth and hands with worn out cloth and resumed few minutes later "I wish I would live thousand years so that I would see more and more people and one day I would call out to the world how indifferent people have become. Everyone ignorant of the other. Don't you think?" He looked at my eyes. I could sense the enormity in those words.

"Wow! You see people." I said in an appreciating tone.

Having taken the dropped candle packets back in his hand, he rose to his feet. I suddenly took out my purse and bought all the three packets from him, for the gaiety apparent on his face was worth than the money. I had so many questions still to be shot at him but I just keep looking at his childish face startled by the zeal he held high in his heart; zeal for life even after having nobody to call his own.

He almost took three steps when he turned back and said "you are one of a kind like the old lady who often gives me candle packets free to sell. When I become a great businessman like the one who spat on my face, I would return the favour. Mind you, I would never do stuffs he does to others, though."

I stood there laughing for long time hearing this as he disappeared from sight. The coming days I reaches bus stop early to meet the young aspirant but I never came across him again. He left a valuable mark in my heart. True, I could not get all the answers I wanted. But that's ok. However, regret creeps in to me for I forgot to ask him one main question- what was his name?

●●

"

# ഓർമ്മയിൽ

കൽപന

ക്യൂൻ മേരി,
ഈ കടലിന് നിന്റെ
കണ്ണീരിന്റെ ഉപ്പുവേണ്ട.
കരയറിയാത്ത കടൽ
മേരിയെ ഉള്ളോടു ചേർത്തു.
ഉയർന്ന തിരമാലകൾ ഓരോ
ഓർമ്മകളായി, വേഷങ്ങളായി
ഉള്ളിൽ ജീവിക്കുന്നു.



NIPUN PIUZ

# The Promethean Quest

**Every** generation creates and is a part of the continuum of cultural consciousness. When the contemporary existence leans to the spectrum of decadence and disintegration, it is the responsibility of the essential man to systematize the conundrum of reality by promptly understanding the anomalous cultural situations. Every essential man, as Socrates described, is a gadfly that stings to awaken the beast of society from its narcotic slumber.

Every individual is a potential seeker of truth. Knowledge ignites man to pass the promethean fire for posterity and repair the reality of our existence. To seek truth is the noblest mission of man. The rationality of man could scissor, like the surgeon's blade, the cancerous cultural cells. It is indeed a bliss when knowledge aid one to transcend to a renaissance; his eyes could trace the totality of the evolution of his kind, from earthly brutes to civilized beings.

Every inspired writer is a social engineer. The office of education, rather than contributing to the stagnant memories, should be to weave fresh textures from the ever-growing strands of human understanding. Every literary genius imparts to others the spirit to climb the uncanny mountains and see the universe with a 'perspective of eternity'.

Absolutely Truth still remains an enchanted mystery; no sense of man can sense the absolute form of Truth. But it is the magnificence of words that drives us with the noble conquest to explore and define this undefinable. Language is the best invention of man, the quintessential device for him to interpret and harness reality. When the culturally conscious man wears masks of discursive disguises the cultural scientist creates a road for himself, one that is less travelled, one that ushers to a glorious tomorrow.

R. AISWARYA



# Fighting Discrimination against Transgender in India

**Even** though many people in India are familiar with the struggles of the transgender community, their rights are denied. The trans genders and hijra communities have been part of our culture for possibly thousands of years. Despite this, they are marginalised from society – a topic that should be hotly debated.

The plight of the trans community is that they are, predominantly forced into begging or sex work. If the police find them on the streets, they are beaten up and a charge is trumped on them under IPC 377, an archaic law established during the British colonial period. They are ill-treated everywhere and are denied access to public toilets and washrooms. Even if they are permitted inside, they have to face questions and abuse: verbal, mental and even physical.

The Transgender Rights Bill has been recently passed by the legislature, which has awakened a ray of hope in our minds. Even the participation of a vast number of hijras in the Maha Kumbhmela held in Ujjain in 2016, was glorious. An initiative was started in Kerala for eradicating discrimination against transgender people. Known as 'Gender Taxi' it is a service that will be owned and operated by transgender people. A number of hospitals also provide sex reassignment facilities throughout India. But still, we have a long way to go.

The time has come to join hands and fight discrimination against transgender people. Only then will our nation be truly developed.

മാത്യു ജോസ്



# ഡാർവിനും ഫ്രോയിഡും ഭാരതീയ സൗന്ദര്യശാസ്ത്രവും

ഭാരതീയ സൗന്ദര്യശാസ്ത്രത്തെ കുറിച്ചുള്ള ഒരു ചർച്ചക്കിടയിൽ ഫ്രോയിഡ്, ഡാർവിനീയ പഠനങ്ങൾക്ക് എന്താണ് പ്രസക്തി എന്ന് സംശയമുണ്ടാകാം. ഹോമോ സാപ്പിയൻസ് ഒരു പൊതു പൂർവിക നിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നതു കൊണ്ട് അവന്റെ ചിന്തകൾക്കെല്ലാം ഐക്യ രൂപം ഉണ്ടാകാമെന്നും, വൈജാത്യമുണ്ടെന്ന് പ്രത്യക്ഷത്തിൽ തോന്നിക്കുന്ന അന്വേഷണ പദ്ധതികളേയും ചേർത്തുവെച്ച് ഒരു താരതമ്യ പഠനം സാധ്യമാണെന്നും ആദ്യമേ പറയട്ടെ.

ലോക ചിന്താ മണ്ഡലത്തിൽ അന്വേഷണത്തിന്റെ പുതു വഴി വഴി തെളിയിച്ചവരാണ് ഡാർവിനും ഫ്രോയിഡും; സിദ്ധാന്തത്തെക്കുറിച്ച് പറയുകയാണെങ്കിൽ സത്ത തേടി യുള്ള മനുഷ്യന്റെ അന്വേഷണത്തിനു കിട്ടിയ ഏറ്റവും സത്യസന്ധവും ശാസ്ത്രീയവുമായ ഉത്തരമാണത്. അനുയോജ്യമായവയുടെ അതി ജീവനവും, പ്രകൃതി നിർദ്ധാരണവും നരവംശ ശാസ്ത്രജ്ഞർക്ക് പുതിയ ദിശാബോധം ഉണ്ടാക്കിക്കൊടുക്കുക തന്നെ ചെയ്തു.

